# വേദപ്രചാര മദ്ധ്യസ്ഥൻ

VEDAPRACHARA MADHYASTHAN

വാല്യം 96

ലക്കം 12

2024 ജൂൺ

Malayalam Monthly

Price Rs. 25/- Annual Subscription Rs. 300/-




The official organ of
the Archeparchy of Changanacherry


2024

ജൂൺ

# പ്രാർഥനാശംസകൾ



ജൂൺ 26നു പൗരോഹിത്യസ്വീകരണത്തിന്റെ
സുവർണജൂബിലിയാഘോഷിക്കുന്ന
**അഭി. മാർ ജോർജ് കോച്ചേരിപ്പിതാവിന്**
അതിരൂപതാകുടുംബത്തിന്റെ ആശംസകൾ



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: മെയ് 20, 1887

വാല്യം 96 ● ലക്കം 12 ● 2024 ജൂൺ

## ഉള്ളടക്കം


ആഗോളമാധ്യമദിനസന്ദേശം- മാർപാപ്പ ........ 05
ഇടവകവൈദികർക്കു നൽകുന്ന കത്ത്- മാർപാപ്പ ........ 13
മാർപാപ്പായുടെ പ്രസംഗം ........ 18
കച്ചേരിക്കാര്യം ........ 30
അനുസ്മരണം- ഫാ. സഖറിയാസ് പുതുപ്പറമ്പിൽ ........ 36
റിപ്പോർട്ട്- അതിരൂപതാദിനം ........ 38
എക്സലെൻസ് അവാർഡുജേതാക്കൾ അതിരൂപതാദിനം ........ 44
റിപ്പോർട്ട്- ജീവകാരുണ്യപ്രവർത്തനങ്ങൾ ........ 46
റിപ്പോർട്ട്- പാസ്റ്ററൽ കൗൺസിൽ ........ 47
പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി ........ 50
സന്ദേശനിലയം ........ 51
ചെറുപുഷ്പ മിഷൻലീഗ് ........ 54
മാർതോമാവിദ്യാനികേതൻ ........ 59
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ........ 60
ഫാമിലി അപ്പോസ്തലേറ്റ് ........ 62
സീയോൻ ധ്യാനകേന്ദ്രം ........ 65
യുവദീപ്തി-SMYM ........ 66
CARP ........ 70
CHASS ........ 71
ചാസ്സ്-ഖാദി ........ 75
ജീവകാരുണ്യനിധി ട്രസ്റ്റ് ........ 77
DFC ........ 78
ആതുരശുശ്രൂഷാമേഖല ........ 79
പ്രവാസി അപ്പോസ്തലേറ്റ് ........ 83
AKCC ........ 84
KLM ........ 87
ആത്മതാകേന്ദ്രം ........ 90
DCMS ........ 91
ലീജിയൻ ഓഫ് മേരി ........ 92
SFO ........ 93
വിൻസെൻഷ്യൻ വേദി ........ 94
കരിസ്മാറ്റിക് നവീകരണം ........ 96
പൗരോഹിത്യ ആധ്യാത്മികത ........ 97
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 102
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ........ 109



**വേദപ്രചാര മദ്ധ്യസ്ഥൻ**
ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686 101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



Annual Subscription: Rs. 300/-

No: 4020/K-5/KCBC/OL/DS 09.05.2024

# 58–ാമത് ആഗോളമാധ്യമദിനം സംബന്ധിച്ചു ഫ്രാൻസിസ് മാർപാപ്പ നൽകുന്ന സന്ദേശം

## *നിർമിതബുദ്ധിയും ഹൃദയത്തിന്റെ ജ്ഞാനവും: സമ്പൂർണമായ മാനുഷികാശയവിനിമയത്തിലേക്ക്*

പ്രിയ സഹോദരീസഹോദരന്മാരേ,

ലോകസമാധാനദിനത്തോടനുബന്ധിച്ചു നിർമിതബുദ്ധിയെക്കുറിച്ചും അതിന്റെ സംവിധാനങ്ങളുടെ വികാസത്തെക്കുറിച്ചും ഒരു സന്ദേശം ഞാൻ നൽകിയിരുന്നു. അറിവിന്റെയും ആശയവിനിമയത്തിന്റെയും മേഖലയെ സമൂലമായി ബാധിക്കുന്ന സങ്കേതമാണത്. ഇതു സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലകളെത്തന്നെ സ്വാധീനിക്കാൻ പോന്നതാണ്. ഈ മേഖലയിലെ വിദഗ്ധരെ മാത്രമല്ല ഈ മാറ്റങ്ങൾ ബാധിക്കുക, പ്രത്യുത, നാം ഓരോരുത്തരെയുമത്രേ. അദ്ഭുതകരമായ ഈ നൂതനാവിഷ്കാരങ്ങളുടെ ത്വരിതഗതിയിലുള്ള വ്യാപനവും അവയുടെ പ്രവർത്തനശൈലിയും സാധ്യതകളും സമഗ്രമായി മനസ്സിലാക്കാനും അംഗീകരിച്ചാസ്വദിക്കാനുമുള്ള കഴിവു നമ്മിൽ ഭൂരിഭാഗം ആളുകൾക്കുമില്ല. ഒരേസമയം അത് അതിശയിപ്പിക്കുന്നതും വഴിതെറ്റിക്കുന്നതുമത്രേ! മനുഷ്യസ്വഭാവത്തെക്കുറിച്ചും മനുഷ്യന്റെ അനന്യതയെക്കുറിച്ചും മനുഷ്യകുലത്തിന്റെ ഭാവിയെക്കുറിച്ചും ആഴത്തിലുള്ള ചില ചോദ്യങ്ങൾ, സ്വാഭാവികമായും ഉന്നയിക്കാൻ നിർമിതബുദ്ധിയുടെ ഇക്കാലം നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. ഉദാത്തമായ ഒരു ലക്ഷ്യത്തിനുവേണ്ടി ഈ സാംസ്കാരികപരിണാമത്തെ സമുചിതമായി നയിക്കാനും പൂർണമനുഷ്യനായി വ്യാപരിക്കാനും എങ്ങനെയാണു നമുക്കു സാധിക്കുക?

### ആരംഭം ഹൃദയത്തിൽനിന്നാകട്ടെ!

എല്ലാറ്റിനുമുപരിയായി, കൊടിയദുരന്തത്തെക്കുറിച്ചുള്ള പ്രവചനത്തെയും മരവിപ്പുണ്ടാക്കുന്ന അതിന്റെ പ്രത്യാഘാതങ്ങളെയും നമുക്കു തള്ളിക്കളയാം. ഒരുനൂറ്റാണ്ടിനുമുമ്പു റൊമാനോ ഗ്വർദീനി സാങ്കേതികവിദ്യയെക്കുറിച്ചും മനുഷ്യകുലത്തെക്കുറിച്ചും വിചിന്തനം നടത്തി.'അപ്രത്യക്ഷമാകാൻ വിധിക്കപ്പെട്ട മനോഹരമായ ഒരു ലോകത്തെ പരിരക്ഷിക്കാനുള്ള 'ഉദ്യമത്തിൽ നവമായതിനെ'

തിരസ്കരിക്കരുതെന്നായിരുന്നു ഗ്വർദീനി നമ്മോടാഹ്വാനം ചെയ്തത്. അതേസമയം പ്രവാചകധീരതയോടെ അദേഹം നൽകുന്ന മുന്നറിയിപ്പ് ഏറെ ശ്രദ്ധേയമായത്രേ! 'നാം ആയിരിക്കുന്നതു നിരന്തരം ആയിത്തീരാനുള്ള പ്രക്രിയയിലാണ്'. ഓരോ വ്യക്തിയും തങ്ങളുടേതായ രീതിയിൽ തുറന്നമനസ്സോടും മനുഷ്യത്വരഹിതവും നശീകരണസ്വഭാവമുള്ള സകലതിനെയുംകുറിച്ചുള്ള തികഞ്ഞ സംവേദനക്ഷമതയോടുമാണ് ഈ പ്രക്രിയയിലേക്കു പ്രവേശിക്കേണ്ടത്. അദേഹത്തിന്റെ ഉപസംഹാരം ഇങ്ങനെയാണ്: 'ഇവയെല്ലാം സാങ്കേതികവും ശാസ്ത്രീയവും രാഷ്ട്രീയവുമായ സമസ്യകളാണ്. എന്നാൽ, അവയ്ക്കുള്ള പരിഹാരമായ സമാധാനം ആരംഭിക്കേണ്ടതു നമ്മുടെ മനുഷ്യസ്വഭാവത്തിൽ നിന്നുതന്നെയാകണം. ആഴമായ ആത്മീയതയും നവമായ സ്വാതന്ത്ര്യവും ആന്തരികതയുംകൊണ്ട് അനുഗൃഹീതമായ പുതിയൊരു മനുഷ്യൻ രൂപപ്പെടേണ്ടതാണ്.'[1]

ചരിത്രത്തിലെ ഈ നിർണായകഘട്ടത്തിൽ, സാങ്കേതികവിദ്യയിൽ സമ്പന്നരായിരിക്കുമ്പോൾതന്നെ മനുഷ്യത്വത്തിൽ ദരിദ്രരായിരിക്കുന്നതിൽ വലിയ അപകടസാധ്യതയുണ്ട്. അപ്പോൾ നമ്മുടെ പരിചിന്തനങ്ങൾ ആരംഭിക്കേണ്ടതു മനുഷ്യഹൃദയത്തിൽനിന്നുതന്നെയാകണം.[2] സത്യദർശനത്തിൽ ഒരു ആത്മീയവീക്ഷണം സ്വീകരിക്കുന്നതിലൂടെ, ഹൃദയജ്ഞാനം വീണ്ടെടുക്കുന്നതിലൂടെ മാത്രമേ നമ്മുടെ കാലഘട്ടത്തിന്റെ നൂതനത്വത്തെ അഭിമുഖീകരിക്കാനും വ്യാഖ്യാനിക്കാനും സാധ്യമാവൂ! സമ്പൂർണമായ മാനുഷികാശയവിനിമയവും അങ്ങനെമാത്രമേ സാക്ഷാത്കരിക്കാനാവൂ. ബൈബിളിൽ സ്വാതന്ത്ര്യത്തിന്റെയും തീരുമാനങ്ങളെടുക്കുന്നതിന്റെയും ഇടമായിക്കാണുന്നതു ഹൃദയത്തെയത്രേ! അതു പ്രതീകവത്കരിക്കുന്നത് ഉദ്ഗ്രഥനവും ഐക്യവുമാണ്. അതേസമയം അതു നമ്മുടെ വികാരവിചാരങ്ങളെയും സ്വപ്നങ്ങളെയും ഉൾക്കൊള്ളുന്നുമുണ്ട്. സർവോപരി, ദൈവവുമായി കണ്ടുമുട്ടുന്ന ഒരു ആന്തരികതലംകൂടി അതിനുണ്ട്. ഹൃദയജ്ഞാനം സാകല്യത്തെ അതിന്റെ വിവിധ ഘടകങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള സവിശേഷസിദ്ധി നമുക്കു സമ്മാനിക്കാൻ പോന്നതാണ്. നമ്മുടെ തീരുമാനങ്ങളും അവയുടെ പ്രത്യാഘാതങ്ങളും കുലീനതയും രോഗാതുരതയും ഭൂതവും ഭാവിയും വ്യക്തിത്വവും വലിയൊരു സമുദായത്തിലെ അംഗത്വവുമെല്ലാം ആശ്ലേഷിക്കുന്ന ഒന്നാണത്.

ഹൃദയത്തിന്റെ ജ്ഞാനം അതിനെ തീക്ഷ്ണതയോടെ അന്വേഷിക്കുന്നവർക്കു സംലഭ്യമാണ്. അതിനെ സ്നേഹിക്കുന്നവർക്ക് അതു ദർശിക്കാനും അതിനെ ആശ്രയിക്കുന്നവർക്ക് അതു മുൻകൂട്ടിത്തന്നെ ആർജിക്കാനും കഴിയും. അതിനു യോഗ്യരായവരെ തേടിപ്പോകുന്ന ഒന്നാണത് *(ജ്ഞാനം 6:12-16)*. ഉപദേശം സ്വീകരിക്കുന്നവരുടെകൂടെയാണു വിവേകം *(സുഭാ. 13:10)*. ശ്രവിക്കാനുള്ള ഹൃദയമുള്ളവനെയും ശിക്ഷണം വേണ്ടവനെയും അതനുഗമിക്കും *(1 രാജാ. 3:9)*. പരിശുദ്ധാത്മാവിന്റെ ദാനമായ അതു ദൈവത്തിന്റെ കണ്ണുകളോടെ എല്ലാം ദർശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. പാരസ്പര്യത്തെയും സാഹചര്യങ്ങളെയും സംഭവങ്ങളെയും അവയുടെ മൂടുപടം നീക്കി, അവയുടെ യഥാർഥ

മായ അർഥതലങ്ങൾ മനസ്സിലാക്കിത്തരാൻ പോന്നതാണത്. ഇത്തരമൊരു ജ്ഞാനമില്ലാതെ ജീവിതംരുചിയും രൂക്ഷതയുമില്ലാത്തതാകുന്നു. ജ്ഞാനം എന്നപദത്തിന്റെ കൃത്യമായ അർഥം അതിന്റെ ലത്തീൻമൂലമായ *സപ്പേരെ (sapere)* എന്ന പദവുംഅതിന്റെ നാമം നാമരൂപമായ *സപ്പോർ (sapor)* എന്ന പദവുമായി ബന്ധപ്പെട്ടാണു നിൽക്കുന്നത്. 'സപ്പോർ' എന്ന ലത്തീൻപദത്തിന്റെ അർഥം 'രുചി പകരുക' എന്നർഥം വരുന്ന '*Savour*' എന്ന ആംഗലേയപദവുമായി ബന്ധപ്പെട്ടാണു നിൽക്കുന്നത്.

## അവസരവും അപകടവും

ഇത്തരം ജ്ഞാനം യന്ത്രങ്ങളിൽനിന്നു ലഭ്യമല്ല. നിർമിതബുദ്ധിയെ ഇന്നു വിളിക്കുന്ന ഓമനപ്പേരാണു യന്ത്രപഠനം അഥവാ മെഷീൻ ലേണിങ്. ശാസ്ത്രസാഹിത്യത്തിൽ ഇന്നുപയോഗിക്കുന്ന സംജ്ഞയാണത്. ഇവിടെയുപയോഗിക്കപ്പെടുന്ന 'ബുദ്ധി' എന്നപദത്തിനു മനുഷ്യരെ വഴിതെറ്റിച്ചുനയിക്കാനുള്ള സ്വഭാവമുണ്ട്. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുവെക്കുന്നതിനും പരസ്പരം സ്ഥിതിവിവരണകണക്കുകൾ ബന്ധപ്പെടുത്തി താരതമ്യം ചെയ്യുന്നതിനും അപഗ്രഥിക്കുന്നതിനും മനുഷ്യനേക്കാൾ കഴിവു യന്ത്രത്തിനുണ്ടെന്ന കാര്യം അവിതർക്കിതമാണ്. എന്നാൽ, അവയുടെ അർഥതലങ്ങൾ മനസ്സിലാക്കാൻ മനുഷ്യനുമാത്രമേ സാധിക്കൂ. മനുഷ്യനെപ്പോലെ കാണപ്പെടുന്ന രീതിയിൽ യന്ത്രത്തെ നിർമിക്കുകയെന്ന കർമമായി ഇതിനെ ലഘൂകരിച്ചുകാണാനാവില്ല. തങ്ങൾ സർവശക്തരാണെന്ന മിഥ്യാധാരണയുടെ അടിസ്ഥാനം തങ്ങൾ പരിപൂർണമായ സ്വയംഭരണാധികാരമുള്ളവരാണെന്നും കൂടിയാലോചനകളൊന്നുംകൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളാൻ പോന്നവരാണെന്നുമുള്ള താൻപോരിമയാണ്. സാമൂഹികമായ ഉത്തരവാദിത്വങ്ങളും കടപ്പാടും തങ്ങൾക്കില്ലായെന്നുമാണ് ഈ ചിന്താഗതിക്കാരുടെ അഭിപ്രായം. തങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന അന്തസ്സും യാഥാർഥ്യവും ഇക്കൂട്ടർ സൗകര്യപൂർവം മറക്കുകയാണ്.

സർവവും തികഞ്ഞവരല്ല തങ്ങൾ എന്നയാഥാർഥ്യം എല്ലാക്കാലത്തും മനുഷ്യർ തിരിച്ചറിഞ്ഞിട്ടുള്ള ഒരു വസ്തുതയത്രേ. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് ഈ പരിമിതികളെയും രോഗാതുരതയെയും മുറിവേൽക്കപ്പെടാനുള്ള സാധ്യതയെയും മറികടക്കാനും തരണം ചെയ്യാനും മനുഷ്യർ യത്നിച്ചിട്ടുണ്ട്. ചരിത്രാതീതകാലംമുതലുള്ള മനുഷ്യന്റെ കലയുടെയും കരകൗശലത്തിന്റെയും ഉത്പന്നങ്ങളെല്ലാം മനുഷ്യകരങ്ങളുടെ ഒരു വികസിതരൂപം അല്ലെങ്കിൽ കൂട്ടിച്ചേർപ്പത്രേ. അതുപോലെ, മാധ്യമം മനുഷ്യർ ഉരുവിട്ട വാക്കുകളുടെ വികസിതരൂപമായി പരിണമിച്ചു. നവസാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ള അതിസങ്കീർണങ്ങളായ യന്ത്രങ്ങളുടെ സഹായത്താൽ ഇന്നു മനുഷ്യന്റെ ചിന്തകളെത്തന്നെ സഹായിക്കാമെന്ന അവസ്ഥയാണുള്ളത്. കമ്പ്യൂട്ടർ എന്നപദത്തിന്റെ ഉൽപത്തി 'കൂടെ ചിന്തിക്കുക'യെന്ന അർഥംവരുന്ന *Computo (കം-പൂത്തോ)* എന്ന ലത്തീൻപദത്തിൽനിന്നത്രേ. ഓരോ ഉപകരണവും

ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. ദൈവത്തെക്കൂടാതെ ദൈവമാകാനുള്ള ആദിമകാലംതൊട്ടുള്ള, മനുഷ്യന്റെ പ്രലോഭനംതന്നെയാണ് അതിനുള്ള കാരണം *(ഉൽപ. 3)*. ദൈവകൃപപോലെ സൗജന്യമായി ലഭിക്കേണ്ടതും സമ്മാനമായി സ്വീകരിച്ചു സർവരും കൂട്ടായ്മയിൽ ആസ്വദിക്കേണ്ടതുമായതിനെ സ്വന്തം പ്രയത്നത്താൽ നേടിയെടുക്കാമെന്ന ചിന്തയും ഇതിനു പിറകിലുണ്ട്. ഹൃദയത്തിന്റെ ആഭിമുഖ്യവും ചായ്‌വുമനുസരിച്ചു കരഗതമായിട്ടുള്ളവയെല്ലാം ഒരേസമയം ഒരവസരവും ഭീഷണിയുമത്രേ. ആശയവിനിമയത്തിനും കൂട്ടായ്മയ്ക്കുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യശരീരംതന്നെ ഹിംസയുടെയും കൊടിയ ആക്രമത്തിന്റെയും ഉപകരണമായി മാറാം. അതുപോലെതന്നെ, മനുഷ്യന്റെ സാങ്കേതികമായ കൂട്ടിച്ചേർക്കലുകൾ മനുഷ്യരുടെ സ്നേഹസേവനത്തിനായും ശത്രുതാപരമായ പ്രാമാണ്യത്തിനായും അധിനിവേശത്തിനായുമുള്ള ഉപകരണങ്ങളായി ഉപയോഗിക്കപ്പെടാം. ആർട്ടിഫിഷൽ ഇന്റലിജൻസ് സംവിധാനങ്ങൾക്ക് അജ്ഞതയെ അകറ്റി, വിവിധ ജനങ്ങൾക്കിടയിലും തലമുറകൾക്കിടയിലും അറിവു കൈമാറ്റം ചെയ്യുന്നതിനും സഹായകരമായി വർത്തിക്കാം. ഉദാഹരണത്തിന്, പുരാതന യുഗത്തിലെ രേഖപ്പെടുത്തപ്പെട്ട അറിവിന്റെ ബൃഹത്തായ പൈതൃകത്തെ സംലഭ്യമാക്കാനും മനസ്സിലാക്കിക്കൊടുക്കാനും നിർമിതബുദ്ധിക്കു സാധിക്കും. പൊതുവായ ഒരു ഭാഷയില്ലാത്ത വ്യക്തികൾക്കിടയിലും ആശയവിനിമയം സാധ്യമാക്കാൻ പോന്നതാണത്. എന്നിരുന്നാലും അതേസമയം, വൈജ്ഞാനികമായ മലിനീകരണത്തിന്റെ ഒരു സ്രോതസായി അതു മാറാം. സത്യത്തെ വക്രീകരിച്ചു ഭാഗികമോ സമ്പൂർണമോ ആയ തെറ്റായ ആഖ്യാനങ്ങളിലൂടെ, അതാണു സത്യമെന്നു പ്രചരിപ്പിക്കാനും പ്രക്ഷേപണംചെയ്തു ജനങ്ങളെ വിശ്വസിപ്പിക്കാനുമുള്ള സാധ്യതയേറെയാണ്. വ്യാജവാർത്തകൾ പ്രചരിപ്പിച്ചു തെറ്റായവിവരം മനപ്പൂർവം നൽകുകയെന്നതു ദീർഘകാലമായുള്ള പ്രശ്നമത്രേ.[3] ഡീപ്പ് ഫെയ്ക്ക് ഉപയോഗിച്ച്, തികച്ചും വിശ്വസനീയമായരീതിയിൽ സചിത്രമായി അവതരിപ്പിച്ചുകൊണ്ടുള്ള അസത്യപ്രസ്താവനകൾ ഇന്നു സാധ്യമാണ് (ഞാനും ഇങ്ങനെ ഇരയാക്കപ്പെട്ടിട്ടുണ്ട്). ഒരു വ്യക്തി ഒരിക്കലും പറയാത്ത കാര്യങ്ങൾപോലും, അയാളുടെതന്നെ ശബ്ദവും വാക്കുകളും ഉപയോഗിച്ചുകൊണ്ടുള്ള ശബ്ദസന്ദേശങ്ങൾ ഇന്നു പ്രചരിപ്പിക്കാനാവും! ഇത്തരം പ്രോഗ്രാമുകളുടെ പുറകിലുള്ള കൃത്രിമമാതൃകയും അനുകരണ സാങ്കേതികവിദ്യയും ചില സാഹചര്യങ്ങളിൽ, മേഖലകളിൽ ഉപയോഗപ്രദമാണ്. മനുഷ്യബന്ധങ്ങളെ വക്രീകരിച്ചു ശിഥിലമാക്കുകയും സത്യത്തെ വളച്ചൊടിക്കുകയും ചെയ്യുമ്പോൾ അതു വികൃതമായിത്തീരുന്നു.

നിർമിതബുദ്ധിയുടെ ആദ്യതരംഗമുണ്ടായ സാമൂഹികമാധ്യമങ്ങളിലെ ഈ അവ്യക്തതയും ധൈര്യവും നാം അനുഭവിച്ചറിഞ്ഞതാണ്. സാമൂഹികമാധ്യമത്തിന് ഏറെ സാധ്യതയുള്ളപ്പോൾതന്നെ അപകടസാധ്യതകളും അതുമായി ബന്ധപ്പെട്ട രോഗലക്ഷണങ്ങളുമുണ്ട്. നിർമിതബുദ്ധിയുടെ രണ്ടാമത്തെ ലെവലായ, ഉപമേഖലയായ ജനറേറ്റിവ് ആർട്ടിഫിഷൽ ഇന്റലിജൻസ് പ്രതിനിധീകരി

ക്കുന്നത് ഉചിതമായ ഒരു കുതിച്ചുചാട്ടം തന്നെയാണെന്നത് അവിതർക്കിതമാണ്. എന്നാൽ, ഇവിടെയും വേണ്ട നിയന്ത്രണങ്ങളാവശ്യമാണ്. അവയെ വേണ്ട വിധം മനസ്സിലാക്കുകയും അംഗീകരിച്ചാദരിക്കുകയും ചെയ്യുമ്പോൾതന്നെ അവ തെറ്റായ കരങ്ങളിലെത്തപ്പെട്ടു ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മനുഷ്യധിഷണയുടെയും നൈപുണ്യത്തിന്റെയും ഏത് ഉത്പന്നംപോലെതന്നെ അൽഗോരിതങ്ങളും നിഷ്പക്ഷമല്ല. അക്കാരണത്താൽ, അവയുടെ ദുരുപയോഗം തടയുന്നതിനുള്ള സത്വരനടപടികൾ ആവശ്യമാണ്. ധാർമികനിയന്ത്രണങ്ങളെ സമാദരിക്കുന്ന മാതൃകകളാണു നിർദേശിക്കേണ്ടത്. സാമൂഹികനീതിക്കു നിരക്കാത്തതും മനുഷ്യർക്കിടയിൽ വിഭാഗീയതയും ശത്രുതയും സൃഷ്ടിക്കുന്നതരത്തിൽ അവ ഉപയോഗിക്കപ്പെടാതെ നോക്കേണ്ട താണ്. ബഹുസ്വരതയെ ഹനിക്കുന്നതിനും പൊതുജനാഭിപ്രായത്തെ ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടി മാത്രം അട്ടിമറിക്കുന്നതിനും അവസരമൊരുക്കാൻ പാടില്ല. അന്തർദേശീയസമൂഹത്തോട് എനിക്ക് അഭ്യർഥിക്കാനുള്ളത് 'നിർമിത ബുദ്ധിയുടെ വികസനവും വിവിധരീതിയിലുള്ള ഉപയോഗവും സംബന്ധിച്ച് ഏവർക്കും ബാധകമായ ഒരു അന്തർദേശീയ ഉടമ്പടി രൂപപ്പെടുത്തുന്നതിൽ സഹകരിച്ചുപ്രവർത്തിക്കണമെന്നത്രേ.'[4] അതേസമയം ഏതൊരു മാനുഷിക സാഹചര്യത്തിലുമുള്ളതുപോലെ നിയന്ത്രണങ്ങൾ മാത്രം മതിയാവുമെന്നു ധരിക്കരുത്.

## മനുഷ്യത്വത്തിലുള്ള വളർച്ച

കൂട്ടായവളർച്ചയിലേക്കാണു നാമേവരും വിളിക്കപ്പെട്ടിരിക്കുന്നത്. ഈ വളർച്ച മനുഷ്യത്വത്തിലേക്കുള്ള വളർച്ചയും മനുഷ്യമഹാകുടുംബത്തിന്റെ വളർച്ചയുമത്രേ. ബഹുസ്വരവും വിവിധ വർഗങ്ങളെയും ജനത്തിനെയും ഉൾക്കൊള്ളുന്നതും വിവിധ മതങ്ങളെയും സംസ്കാരങ്ങളെയും ആശ്ലേഷിക്കുന്ന തുമായ ഒരു സങ്കീർണസമൂഹത്തിന്റെ സംരചനയിൽ ഗുണപരമായ ഒരു കുതിപ്പു നടത്താൻ നാം വെല്ലുവിളിക്കപ്പെട്ടിരിക്കുകയാണ്. ആശയവിനിമയ ത്തിന്റെയും വിജ്ഞാനത്തിന്റെയും ഈ പുതിയ ഉപകരണങ്ങളുടെ സൈദ്ധാന്തി കമായ വികാസത്തെക്കുറിച്ചും അവയുടെ ദൈനംദിനജീവിതത്തിലെ ഉപയോഗ ത്തെക്കുറിച്ചും ശ്രദ്ധയോടെ വിചിന്തനം നടത്താനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നന്മയ്ക്കായുള്ള അവയുടെ ബൃഹത്തായ സാധ്യതകളോടൊപ്പം ചില അപകട സാധ്യതകളും അവയെ പിന്തുടരുന്നുണ്ട്. എല്ലാറ്റിനെയും അമൂർത്തമായ കണക്കുകൂട്ടലുകളായി മാറ്റിമറിക്കാനും വ്യക്തികളെ സ്ഥിതിവിവരണക്കണ ക്കായി മാത്രം ലഘൂകരിച്ചുകാണാനുമുള്ള സാധ്യതയുണ്ട്. ചിന്തയെന്നത്, ഒരു യാന്ത്രികപ്രക്രിയ മാത്രമാണെന്നും അനുഭവജ്ഞാനമെന്നത്, ഒറ്റപ്പെട്ട കേസാണെന്നു കരുതാനും നന്മയെ ലാഭമായി മാത്രം നോക്കിക്കാണാനും സർവോപരി, ഓരോ വ്യക്തിയുടെയും തനിമയും അനന്യതയും നിഷേധിക്കു കയും ചെയ്തുകൊണ്ട് അവന്റെയും അവളുടെയും കഥകളെ നിഷേധിക്കാ നുമുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്. സത്യത്തിന്റെയും ഉണ്മയുടെയും മൂർത്തഭാവങ്ങൾ, അപ്രകാരം സ്ഥിതിവിവരക്കണക്കുകളുടെയും 'ഡേറ്റ'യുടെയും

ബാഹുല്യത്തിന്റെ കോലാഹലങ്ങളിൽ അലിഞ്ഞില്ലാതാവുന്നുവെന്നതാണു യാഥാർഥ്യം.

ഡിജിറ്റൽവിപ്ലവത്തിനു കൂടുതൽ സ്വാതന്ത്ര്യം നമുക്കു പ്രദാനംചെയ്യാനാകുമെങ്കിലും, നമ്മെ ചില മാതൃകകളുടെ അടിമകളാക്കിത്തീരാൻ അനുവദിച്ചുകൂടാ. എക്കോ ചേംബറുകളുടെ തടവുകാരായിത്തീരുന്നത് ഒട്ടും ആശാസ്യമല്ല. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, നമ്മുടേതിൽനിന്നും വ്യത്യസ്തമായ വിശ്വാസപ്രമാണങ്ങളെയും ചിന്താഗതികളെയും ബദൽചിന്തകളെയും പാടേ നിരസിക്കുകയെന്ന ഇടുങ്ങിയ മനോഭാവമത്രേ! ഈ സാഹചര്യത്തിൽ, അറിവിന്റെ ബഹുസ്വരത വർധിക്കാതിരിക്കുന്നതിനുപകരം, ആശയക്കുഴപ്പത്തിന്റെ ചെളിക്കുണ്ടിൽ ഒഴുകിനടക്കാനാവും നമ്മുടെ വിധി. വിപണിയുടെയും അധികാരത്തിൽ വാഴുന്നവരുടെയും ഇരകളായിത്തീരാനും അതു വഴിവെക്കുന്നതാണ്. നിർമിതബുദ്ധി ഉപയോഗപ്പെടുത്തി വിഭാഗീയചിന്ത വളർത്തണമെന്നും സ്ഥിരീകരിക്കാത്ത വാർത്തകളും കണക്കുകളും അവതരിപ്പിക്കാമെന്നും എഡിറ്റർമാർക്കു കൂട്ടായിനിന്നുകൊണ്ടു കൃത്യനിർവഹണത്തിൽ വീഴ്ചവരുത്താമെന്നുമുള്ള ചിന്തകൾ നമുക്കു സ്വീകാര്യമല്ല. യന്ത്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിനു ബൃഹത്തായ സ്ഥിതിവിവരണക്കണക്കുകൾ എത്രതന്നെ അത്യന്താപേക്ഷിതമാണെങ്കിലും വസ്തുതകളുടെ നിജസ്ഥിതി നഷ്ടപ്പെടാനുള്ള വലിയസാധ്യത അന്തിമവിശകലനത്തിൽ നിലനിൽക്കുന്നതായി കാണാം. വ്യക്തികൾക്കിടയിലെ ആശയവിനിമയത്തിനു വിഘാതമായിത്തീരുന്ന ഈ സാഹചര്യം നമ്മുടെ മാനവികതക്കുതന്നെ ഭീഷണിയത്രേ. അറിവിനെ സജീവമായ, ഊഷ്മളമായ മനുഷ്യബന്ധത്തിൽനിന്നു വേർപെടുത്താനാവില്ല. മനുഷ്യശരീരവും യഥാർഥജീവിതത്തിലെ ഇടപെടലും മുഴുകലും അതിലുൾപ്പെടുന്നുണ്ട്. സ്ഥിതിവിവരണക്കണക്കുകളും ഡേറ്റയുമായി മാത്രമല്ല അതു ബന്ധപ്പെട്ടിരിക്കുന്നത്, പ്രത്യുത മനുഷ്യന്റെ അനുഭവജ്ഞാനവുമായിട്ടു കൂടിയാണ്. സംവേദനക്ഷമതയും അനുകമ്പയും പങ്കുവെക്കലുമാണ് അതിനുവേണ്ടത്. ഇതരമനുഷ്യരുടെ മുഖവും മുഖഭാവങ്ങളും തിരിച്ചറിയാൻ നമുക്കു സാധിക്കണം.

ഇവിടെ യുദ്ധകാര്യങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനെക്കുറിച്ചു ചിന്തിച്ചുപോകുന്നു; ഒപ്പം ഒരു സമാന്തരയുദ്ധത്തെക്കുറിച്ചും. ഈ സമാന്തരയുദ്ധം നടക്കുന്നതു വ്യാജപ്രചരണങ്ങൾ വഴിയത്രെ. യുദ്ധം റിപ്പോർട്ടു ചെയ്യുന്നതിനിടയിൽ മുറിവേൽക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നവരെ ഞാൻ അനുസ്മരിക്കുന്നു. അവർ കണ്ട കാര്യങ്ങൾ നമ്മെ കാണിക്കാനുള്ള ശ്രമത്തിലാണ് അവർക്കങ്ങനെ സംഭവിച്ചത്. യുദ്ധത്തിന്റെ അർത്ഥമില്ലായ്മയിലേക്കാണു യുദ്ധംമൂലം സഹിക്കേണ്ടിവരുന്ന കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും പുരുഷന്മാരുടെയും തീവ്രമായ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. ആശയവിനിമയമേഖലയിൽ ആശ്വാസമായ, സർഗാത്മകമായ സംഭാവനകൾ നൽകാൻ നിർമിതബുദ്ധിയുടെ ഉപയോഗംവഴി സാധിക്കും. പ്രൊഫഷണൽ ജേണലിസത്തെ അതു തുടച്ചുനീക്കാതിരുന്നാൽ മാത്രംമതി. ജേണലിസത്തെ സഹായിക്കുന്ന വിധമാവണം അതിന്റെ പ്രവർത്തനശൈലി. ആശയവിനിമയത്തിന്റെ പ്രൊഫ

ഷണൽസ്വഭാവത്തെ അംഗീകരിക്കുന്നതുമായിരിക്കണമത്. തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ചു കൂടുതൽ അവബോധമുള്ളവരായിരിക്കണം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും. അപ്രകാരം അവരെല്ലാവരും വിവേകബുദ്ധിയോടെ ആശയവിനിമയമേഖലയിൽ പങ്കാളികളാവട്ടെ!

## ഇന്നത്തെയും ഭാവിയിലെയും ചില ചോദ്യങ്ങൾ

ഈ വിഷയത്തിൽ സ്വാഭാവികമായി ഉയരുന്ന ഏതാനും ചോദ്യങ്ങളുണ്ട്. പ്രൊഫഷണലിസത്തെയും ഈ മേഖലയിൽ സേവനം ചെയ്യുന്നവരെയും എങ്ങനെയാണു നാം പരീക്ഷിക്കുക? ഒപ്പം, ലോകമാസകലമുള്ള, അറിവിന്റെയും ആശയവിനിമയത്തിന്റെയും ഉപഭോക്താക്കളുടെ സംരക്ഷണം എങ്ങനെ സാധ്യമാവും? വിവിധങ്ങളായ പ്ലാറ്റ്ഫോമുകൾക്കിടയിലെ പ്രവർത്തനങ്ങൾ എങ്ങനെ ഉറപ്പുവരുത്താം? എങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കാനാകും? ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിച്ചെടുക്കുന്ന ബിസിനസുകാരെ ഉള്ളടക്കവും പരസ്യവും സംബന്ധിച്ചകാര്യങ്ങളിൽ, മറ്റു പരമ്പരാഗതമാധ്യമങ്ങളുടെ എഡിറ്റർമാരെപ്പോലെതന്നെ എങ്ങനെ ഉത്തരവാദികളായി പരിഗണിക്കാം? അൽഗോരിതം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ - ഇൻഡക്സിങ്ങിനും ഡീ-ഇൻഡക്സിങ്ങിനുമായിട്ടുള്ള - എങ്ങനെ കൂടുതൽ സുതാര്യമാക്കിത്തീർക്കാം? വ്യക്തികൾ, അഭിപ്രായങ്ങൾ, ചരിത്രം, സംസ്കാരം എന്നിവ ആഘോഷിക്കാനും റദ്ദാക്കാനും സമൃദ്ധമായ സേർച്ച് എഞ്ചിനുകളുടെ കാര്യത്തിലും ഇതു പ്രസക്തമാണ്. വിവരപരിശോധനപ്രക്രിയയുടെ സുതാര്യത എങ്ങനെ നമുക്ക് ഉറപ്പിക്കാനാവും? എഴുത്തിന്റെ യഥാർഥസ്രോതസ്സും പിതൃത്വവും എങ്ങനെ കണ്ടെത്താനാവും? അജ്ഞാതനാമത്തിന്റെ രക്ഷാകവചത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന സ്രോതസ്സ് എങ്ങനെ കണ്ടെത്താം? ഒരു സംഭവത്തെക്കുറിച്ചുള്ള ചിത്രം അല്ലെങ്കിൽ വീഡിയോ യഥാർഥമാണോ അല്ലെങ്കിൽ കൃത്രിമമായി സൃഷ്ടിച്ചതാണോയെന്ന് എങ്ങനെ വ്യക്തമാക്കാം? ഒറ്റസ്രോതസ്സു മാത്രമായി പരിമിതപ്പെടുത്താനുള്ള സാധ്യതയെ എങ്ങനെ നിരോധിക്കാനാവും? ഒരൽഗോരിതം മാത്രമുപയോഗിച്ച് ഒരുസമീപനം (രീതിശാസ്ത്രം) മാത്രം ഇവിടെ ഉപയോഗിക്കപ്പെടുന്നു. ഇതിനുപകരം, ബഹുത്വാത്മകത (Pluralism) നിലനിർത്തിക്കൊണ്ടു യാഥാർഥ്യത്തിന്റെ സങ്കീർണതകളെ മുഴുവൻ ചിത്രീകരിക്കുന്ന രീതിയിൽ ഒരന്തരീക്ഷം എങ്ങനെ നിലനിർത്താനാവും? സാങ്കേതികവിദ്യയെ എങ്ങനെ സുസ്ഥിരമാക്കാം? അത്രമേൽ ശക്തവും ഭാരിച്ച ചെലവുള്ളതും ഊർജത്തിന്റെ ഉപയോഗം ഏറിയതോതിലുമുള്ളതുമായ ഒന്നാണീ സാങ്കേതികവിദ്യ എന്നോർക്കണം. വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽകൂടി ഇവയുടെ ലഭ്യത എങ്ങനെ നേടിയെടുക്കാം?

ഈ വിധത്തിലുള്ള ചോദ്യങ്ങൾക്കും മറ്റു ചോദ്യങ്ങൾക്കും നാം നൽകുന്ന ഉത്തരം ഏറെ പ്രസക്തമത്രേ. നിർമിതബുദ്ധി പുതിയവർഗങ്ങളെ അതിന്റെ ലഭ്യതയനുസരിച്ചു സൃഷ്ടിക്കുമോ? പുതിയരീതിയിലുള്ള

ചൂഷണങ്ങൾക്കും അവസരമില്ലായ്മക്കും അസന്തുലിതാവസ്ഥക്കും നിർമിത ബുദ്ധി വഴിയൊരുക്കുമോ? മറിച്ചു ശരിയായവിവരങ്ങൾ നൽകിക്കൊണ്ട് അതിനു കൂടുതലായി സമത്വം സൃഷ്ടിക്കാൻ സാധിക്കുമോ? അതിനുവേണ്ടതു നാം അനുഭവിക്കുന്ന ഐതിഹാസികമായ ഈ മാറ്റത്തെക്കുറിച്ചുള്ള കൂടിയതോതി ലുള്ള അവബോധമത്രേ. കൂട്ടായ്മയിലൂടെ മാത്രമേ നമ്മുടെ വിവേചന ശക്തിയെ നമുക്കു വർധിപ്പിക്കാനും ജാഗ്രതയെ കൂടുതൽ സൂക്ഷ്മമാക്കാനും സാധിക്കുകയുള്ളൂ. അവയുടെ സാക്ഷാത്കാരത്തിന്റെ പ്രകാശത്തിൽവേണം നാം കാര്യങ്ങളെ കാണാൻ. അല്ലെങ്കിൽ നമ്മുടെ മനുഷ്യത്വത്തിന്റെ ദിശാ ബോധംതന്നെ നഷ്ടപ്പെടാം. എല്ലാറ്റിനുംമുമ്പു സൃഷ്ടിക്കപ്പെട്ട ജ്ഞാനം നമുക്കു തേടാം *(പ്രഭാ. 1:4)*. നിർമിതബുദ്ധിയുടെ സംവിധാനങ്ങൾ മനുഷ്യത്വസമ്പൂർണ മായ ആശയവിനിമയത്തിന്റെ ശുശ്രൂഷയ്ക്കും സേവനത്തിനുമായി നമ്മെ സഹായി ക്കുന്നതാണ്.

സെന്റ് ജോൺ ലാറ്ററൻ ബസിലിക്ക, റോം
24 ജനുവരി 2024

Francis
**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682025

[1] Letters from Lake Como.

[2] The 2024 Message for the World Day of Social Communications takes up the preceding Messages devoted to encountering persons where and how they are (2021), to hearing with the ear of the heart (2022) and speaking to the heart (2023).

[3] Cf. "The truth will make you free" (Jn. 8:32). Fake News and Journalism for Peace, Message for the 2018 World Day of Social Communications.

[4] Message for the 57th World Day of Peace, 1 January 2024, 8.
00154-EN.01 [Original test: Italian]

No: 4020/K-5/KCBC/OL/DS 15.05.2024

# ഫ്രാൻസിസ് മാർപാപ്പ ഇടവകവൈദികർക്കു നൽകുന്ന കത്ത്

പ്രിയ സഹോദരവൈദികരേ,

'സിനഡിനുവേണ്ടി ഇടവകവൈദികർ' (Parish Priests for the Synod) എന്ന അന്താരാഷ്ട്രസമ്മേളനവും നിങ്ങളെല്ലാവരോടുമായുള്ള സംവാദവും കഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ ലോകം മുഴുവനുമുള്ള ഇടവക വൈദികർക്കുവേണ്ടി പ്രാർഥിക്കാൻ എനിക്ക് ഒരവസരം ലഭിച്ചിരിക്കുന്നു. നിങ്ങളെയെല്ലാവരെയും ഈ വാക്കുകളാൽ ഞാൻ സ്നേഹപൂർവം അഭിസംബോധന ചെയ്യുന്നു.

ഇക്കാര്യം വ്യക്തവും അതേസമയം വളരെ സാധാരണവുമാണെന്നു തോന്നുന്നെങ്കിലും, ഇത് അതിനെ ഒട്ടും അയാഥാർഥ്യമാക്കുന്നില്ല: നിങ്ങളുടെ സമർപ്പണവും അജപാലനശുശ്രൂഷയും കൂടാതെ സഭയ്ക്കു മുന്നോട്ടുപോകാനാവില്ല. അതിനാൽ സർവോപരി, എല്ലാത്തരം നിലത്തും സുവിശേഷത്തിന്റെ വിത്തുകൾ വിതച്ചുകൊണ്ട് *(മർക്കോ. 4:1-25)* ഓരോ ദിവസവും നിങ്ങൾ ചെയ്യുന്ന ഉദാരമായ ജോലിക്കു ഞാൻ നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങൾക്കു നന്ദിപറയുകയും ചെയ്യുന്നു.

പങ്കുവെക്കലിന്റെ ഈ ദിവസങ്ങളിൽ നിങ്ങൾ അനുഭവിച്ചറിഞ്ഞതുപോലെ, നിങ്ങൾ ശുശ്രൂഷ നടത്തിവരുന്ന ഇടവകകൾ വളരെ വ്യത്യസ്തങ്ങളായ തലങ്ങളിലുള്ളവയാണ്: വലിയനഗരങ്ങളുടെ പിന്നാമ്പുറങ്ങൾ തുടങ്ങി – ബ്യൂനെസ് അയേഴ്സിൽ എനിക്കതു വ്യക്തിപരമായി അറിയാവുന്നതാണ് – വളരെ കുറച്ചുമാത്രം ജനസാന്ദ്രതയുള്ള ഒരു പ്രോവിൻസിന്റേതന്നെ എന്നുപറയാവുന്ന വളരെ വിശാലമായ ഭൂപ്രദേശങ്ങൾ വരെയുള്ളവ; പല യൂറോപ്യൻരാജ്യങ്ങളിലെയും നഗരകേന്ദ്രങ്ങൾ തുടങ്ങി, അതായത്, വളരെ വലിയ പുരാതനബസിലിക്കകളുള്ളവയിൽ എന്നാൽ ശോഷിക്കുന്നതും പ്രായമാകുന്നതുമായ ഇടങ്ങൾ തുടങ്ങി, വലിയവൃക്ഷങ്ങളുടെ ശാഖകളുടെ കീഴിൽ ആരാധനാചരണങ്ങൾ നടത്തേണ്ടിവരുന്ന ഇടങ്ങൾ വരെയുള്ളവ; ഈ ഇടങ്ങളിൽ പക്ഷികളുടെ പാട്ടു ചെറിയകുട്ടികളുടെ സ്വരങ്ങളുമായി കലർന്നുപോകാറുണ്ട്.

ഇടവകവൈദികർക്ക് ഇക്കാര്യം നന്നായി അറിയാം. എന്തെന്നാൽ, ദൈവജനത്തിന്റെ ജീവിതത്തിലെ സന്തോഷങ്ങളും ബുദ്ധിമുട്ടുകളും അവരുടെ വിഭവങ്ങളും അവരുടെ ആവശ്യങ്ങളും അവർക്കറിയാം. ഇക്കാരണത്താൽ,

ഒരു സിനഡാത്മകസഭയ്ക്ക് അതിന്റെ ഇടവകവൈദികരെകൊണ്ട് ആവശ്യമുണ്ട്. എപ്രകാരമാണ് ഒരുമിച്ചുസഞ്ചരിക്കേണ്ടതെന്നും എങ്ങനെയാണു സിനഡാത്മകതയുടെ പാതയിൽ മുന്നേറേണ്ടതെന്നും വൈദികരില്ലാതെ നമുക്കറിയാനാവില്ല. സിനഡാത്മകപാതയാണു മൂന്നാംസഹസ്രാബ്ദത്തിലെ സഭയിൽനിന്നു ദൈവം പ്രതീക്ഷിക്കുന്നത്'' [1].

ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാവരും സുവിശേഷം പ്രഘോഷിക്കുക എന്ന ഏകദൗത്യത്തിൽ പങ്കാളികളായികൊണ്ട് ഇടവകസമൂഹങ്ങൾ തിരിച്ചറിയപ്പെട്ടില്ലെങ്കിൽ നമ്മൾ ഒരിക്കലും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയായിത്തീരുകയില്ല. ഇടവകകൾ സിനഡാത്മകവും പ്രേഷിതപരവും അല്ലെങ്കിൽ സഭ ഒരിക്കലും അപ്രകാരമായിത്തീരില്ല. മെത്രാന്മാരുടെ സാധാരണസിനഡിന്റെ പതിനാറാമതു പൊതുസമ്മേളനത്തിന്റെ ആദ്യസെഷനിലെ സംഗ്രഹറിപ്പോർട്ട് ഇക്കാര്യത്തിൽ വളരെ വ്യക്തതയുള്ളതാണ്. ഇടവകകൾ, അവയുടെ ഘടനയിൽതുടങ്ങി ഇടവകസമൂഹത്തിന്റെ ജീവിതം മുഴുവൻ അവലോകനം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു: 'പ്രഥമമായും പ്രേഷിതദൗത്യത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തി, പ്രത്യേകിച്ചു കുടുംബജീവിതത്തിലും തൊഴിലിടത്തും ചെയ്യുന്നത്, അതും തങ്ങളുടെ സ്വന്തം പ്രവൃത്തികളിലും ഘടനാപരമായ ആവശ്യങ്ങളിലും മാത്രം ഊന്നിനിൽക്കാതെ ചെയ്യുന്നവ' (8.1). ജ്ഞാനസ്നാനം സ്വീകരിച്ചവർ പ്രേഷിതശിഷ്യരായി പുറപ്പെടുകയും തങ്ങളുടെ സാക്ഷ്യംവഴിയായി കർത്താവുചെയ്ത അദ്ഭുതകൃത്യങ്ങൾ വിവരിക്കാനായി സന്തോഷപൂർവം തിരികെവരികയും ചെയ്യുന്നയിടങ്ങളായി ഇടവകസമൂഹങ്ങൾ വർധിതമാംവിധം പരിണമിക്കേണ്ടിയിരിക്കുന്നു *(ലൂക്കാ 10:17)*.

ഇടയന്മാർ എന്നനിലയിൽ, നമ്മൾ ശുശ്രൂഷചെയ്യുന്ന സമൂഹങ്ങളെ ഈ പ്രക്രിയയിൽ അനുഗമനം ചെയ്യാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു; അതേസമയം തന്നെ പ്രാർഥന, വിവേചിച്ചറിയൽ, അപ്പസ്തോലികതീക്ഷ്ണത എന്നിവകൊണ്ടു പ്രതിജ്ഞാബദ്ധരായിരിക്കാനും നമ്മുടെ ശുശ്രൂഷ സിനഡാത്മകവും പ്രേഷിതപരവുമായ ഒരുസഭയ്ക്കു ചേർന്നവിധമായിരിക്കുന്നതിനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വെല്ലുവിളി പാപ്പായുടെയും മെത്രാന്മാരുടെയും റോമൻ കൂരിയയുടെയും ഇടവകവൈദികർ എന്നനിലയിൽ നിങ്ങളുടെ ഓരോരുത്തരുടെയും മുമ്പിൽ പ്രതിഷ്ഠിക്കപ്പെടുന്നു. നമ്മെ വിളിക്കുകയും നമ്മെ അഭിഷേചിക്കുകയും ചെയ്ത കർത്താവ് ഇന്നു നാം അവിടുത്തെ ആത്മാവിന്റെ സ്വരം ശ്രവിക്കാനും അവിടുന്നു നമുക്കു ചൂണ്ടിക്കാണിച്ചുതരുന്ന ദിശയിലേക്കു മുന്നേറാനും ആഹ്വാനംചെയ്യുന്നു. ഒരു കാര്യത്തെക്കുറിച്ചു നമുക്കു നിശ്ചയമുണ്ട്: തന്റെ കൃപ നൽകാതെ അവിടുന്നു നമ്മെ ഒരിക്കലും വിട്ടുകളയുകയില്ല. നമ്മുടെ പാതയിൽ, നമ്മുടെ ശുശ്രൂഷയിൽ, നമ്മെ ക്ഷീണിതരാക്കുന്ന കാര്യങ്ങളിൽനിന്ന് എങ്ങനെ നമുക്കു സ്വതന്ത്രരാകാനാകുമെന്നു നാം കണ്ടെത്തും. അതോടൊപ്പംതന്നെ അതിന്റെ ഏറ്റവും ആധികാരികമായ അന്തസത്തയും വീണ്ടും തിരിച്ചറിയും; അതായത്, ദൈവവചനത്തിന്റെ പ്രഘോഷണവും സമൂഹത്തെ അപ്പം മുറിക്കലിനായി ഒന്നിച്ചുചേർക്കുന്നതും.

ആകയാൽ, ഇടവകവൈദികരെന്ന കർത്താവിന്റെ വിളി സ്വീകരിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അതായത്, സിനഡാത്മകവും പ്രേഷിത പരവുമായ ഒരു സഭയെ പടുത്തുയർത്തുന്നവരും ആ ലക്ഷ്യം പ്രാപിക്കുന്നതി നായി താത്പര്യപൂർവം ഇറങ്ങിത്തിരിക്കുന്നവരുമായിരിക്കാൻ. ഈ ലക്ഷ്യ പ്രാപ്തിക്കായി, ഇടയന്മാർ എന്നനിലയിൽ നിങ്ങളുടെ ജീവിതശൈലിയെയും പ്രവർത്തനത്തെയും പ്രചോദിപ്പിക്കാനായി ഞാൻ 3 നിർദേശങ്ങൾ നൽകട്ടെ:

1. നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന സവിശേഷമായ ശുശ്രൂഷാസിദ്ധി (ministerial charism) ഊർജിതമായ രീതിയിൽ ദൈവജനത്തിന്റെയിടയിൽ ആത്മാവു വിതയ്ക്കുന്ന വ്യത്യസ്തങ്ങളായ ദാനങ്ങളുടെ ശുശ്രൂഷ എന്ന വിധം ചെയ്തുതീർക്കുവിൻ. 'അല്മായരുടെ ഉന്നതവും താഴ്ന്നതുമായ വിവിധ തരത്തിലുള്ള സിദ്ധികൾ വിശ്വാസത്തിന്റെ ചൈതന്യത്തിൽ കണ്ടുപിടിക്കുക' (വൈദികശുശ്രൂഷയും ജീവിതവും സംബന്ധിച്ച രണ്ടാംവത്തിക്കാൻ കൗൺ സിലിന്റെ ഡിക്രി: *Presbyterorum Ordinis*) എന്നത് അടിയന്തരമായി ചെയ്യേണ്ട താണ്. പ്രസ്തുത സിദ്ധികൾ എല്ലാത്തരം മാനുഷികമായ ചുറ്റുപാടുകളെയും സാഹചര്യങ്ങളെയും സുവിശേഷവത്കരിക്കുന്നതിന് അനിവാര്യമായിരിക്കും. അതുവഴിയായി, മറഞ്ഞിരിക്കുന്ന ധാരാളം നിധികൾ നിങ്ങൾ വെളിച്ചത്തു കൊണ്ടുവരികയും സുവിശേഷവത്കരണം എന്ന ശ്രമകരമായ പ്രവർത്തന ത്തിൽ നിങ്ങൾ ഏകാകികളല്ലെന്നു നിങ്ങൾക്കു ബോധ്യപ്പെടുകയും ചെയ്യു മെന്നു ഞാൻ നിശ്ചയമായും വിശ്വസിക്കുന്നു. അപ്പോൾ നിങ്ങൾ മറ്റുള്ളവരുടെ മേൽ ആധിപത്യം പുലർത്തുന്നവരല്ല, മറിച്ചു സ്ത്രീപുരുഷന്മാരിൽനിന്നു മഹ ത്തരവും അമൂല്യവുമായ സാധ്യതകൾ പുറത്തുകൊണ്ടുവരുന്ന യഥാർഥ പിതാക്കന്മാരുടെ ആനന്ദം നിങ്ങൾ അനുഭവിക്കുകയും ചെയ്യും.

2. സാമൂഹ്യവിവേചിച്ചറിയലിന്റെ കല നിങ്ങൾ അഭ്യസിക്കണമെന്ന് (learn the art of communal discernment) ഞാൻ ഹൃദയപൂർവം ആഗ്രഹിക്കുന്നു. അതിനായി നിങ്ങൾ 'ആത്മാവിലുള്ള സംഭാഷണം' (conversation in the Spirit) എന്നരീതി അവലംബിക്കുന്നതു നന്നായിരിക്കും; സിനഡാത്മകസഞ്ചാര ത്തിലും സിനഡാത്മകസമ്മേളനത്തിന്റെ പ്രക്രിയയിൽതന്നെയും അതു വളരെ ഉപകാരപ്രദമായിരുന്നു. അതുവഴിയായി, നിങ്ങൾ അനേകം സത്ഫലങ്ങൾ നേടു മെന്ന് എനിക്കു തീർച്ചയുണ്ട്; അത് ഇടവകസമിതികൾ (parish councils) എന്നകൂട്ടായ്മയുടെ ഘടനകളിൽ മാത്രമായിരിക്കുകയില്ല ഒതുങ്ങുന്നത്, മറിച്ചു മറ്റെല്ലാരംഗങ്ങളിലും അതിന്റെ പ്രതിഫലനമുണ്ടാകും. സിന്തെസിസ് റിപ്പോർട്ട് വ്യക്തമാക്കുന്നതുപോലെ വിവേചിച്ചറിയലെന്നത് ഒരു സിനഡാ ത്മകസഭയുടെ പ്രവൃത്തിയുടെ ഒരു മുഖ്യഅംശമാണ്: 'അജപാലനസാഹചര്യ ങ്ങളിൽ വിവേചിച്ചറിയൽ അഭ്യസിക്കുന്നതു വളരെ പ്രധാനപ്പെട്ടതാണ്; സഭാത്മകജീവിതത്തിന്റെ മൂർത്തഭാവങ്ങൾ പ്രകാശിപ്പിക്കുന്നതിനായി അതു വ്യത്യസ്തങ്ങളായ സാഹചര്യങ്ങളനുസരിച്ചു രൂപപ്പെടുത്തിയിരിക്കുന്നു. സമൂഹത്തിൽ സന്നിഹിതമായിരിക്കുന്ന സിദ്ധികൾ നന്നായിതിരിച്ചറിയുന്നതിന് ഇതു സഹായകമാകും; അതായത്, യുക്തിപൂർവം ഉത്തരവാദിത്വങ്ങളും

ശുശ്രൂഷകളും വിഭജിച്ചുകൊടുക്കുന്നതിനും ആത്മാവിന്റെ പ്രകാശത്താൽ അജപാലനപദ്ധതികൾ കരുപ്പിടിപ്പിക്കുന്നതിനും അതു കേവലം സാധാരണയുള്ള പ്രവർത്തനപദ്ധതികളുടെ നിവർത്തിയാക്കൽപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽനിന്നു വ്യത്യസ്തമാണെന്നു മനസ്സിലാക്കുന്നതിനുമാണ്' (2.1).

3. അവസാനമായി, നിങ്ങളുടെ എല്ലാ പ്രവൃത്തികളും നിങ്ങൾതമ്മിലും നിങ്ങളുടെ മെത്രാന്മാരുമായി പങ്കുവെക്കലിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യത്തിൽ നിർവഹിക്കണമെന്നു ഞാൻ ആഹ്വാനം ചെയ്യുന്നു. 'നിനക്കു ലഭിച്ച ദൈവദാനം ഉജ്ജ്വലിപ്പിക്കുക' *(2 തിമോ. 1:6)* എന്നവിഷയവുമായി സംഘടിപ്പിച്ച 'വൈദികരുടെ സ്ഥിരം രൂപവത്കരണത്തിനായുള്ള അന്താരാഷ്ട്ര സമ്മേളനത്തിൽ' (International Conference for the Permanent Formation of Priests) നിന്നുവന്ന ശക്തമായ ഒരുസന്ദേശമാണിത്. ഇക്കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ റോമിൽ നടന്ന ഈ സമ്മേളനത്തിൽ 18 രാഷ്ട്രങ്ങളെ പ്രതിനിധീകരിച്ച് ഈ രംഗത്തു പ്രവർത്തിക്കുന്ന എണ്ണൂറിൽപരംപേർ അതായത്, മെത്രാന്മാർ, വൈദികർ, സമർപ്പിതരായ സ്ത്രീപുരുഷന്മാർ, അല്മായർ എന്നിവർ പങ്കെടുക്കുകയുണ്ടായി. ആദ്യം നമ്മൾ പുത്രന്മാരും സഹോദരരുമായെങ്കിൽ മാത്രമേ തുടർന്നു നമുക്കു യഥാർഥപിതാക്കന്മാരായിത്തീരാനാവൂ. നമ്മുടെ കരങ്ങളിൽ ഭരമേൽപ്പിക്കപ്പെട്ട സമൂഹങ്ങളിൽ കൂട്ടായ്മയും പങ്കാളിത്തവും വളർത്തണമെങ്കിൽ എല്ലാറ്റിനുമുപരിയായി ആദ്യം ആ യാഥാർഥ്യങ്ങൾ നമ്മുടെയിടയിൽ തന്നെ വളർത്തിയെടുക്കണം. നമ്മുടെ അജപാലനപരമായ ഉത്തരവാദിത്വങ്ങളുടെ സ്ഥിരമായ സമ്മർദത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യം അത്ര എളുപ്പമുള്ളതല്ലെന്നു ഞാൻ മനസ്സിലാക്കുന്നു; ഒരുപക്ഷേ, ഇതു സമയം പാഴാക്കുന്നതായും തോന്നിയേക്കാം; എന്നാൽ സത്യം മറിച്ചാണ്. യഥാർഥത്തിൽ ഈ രീതിയിൽ മാത്രമേ നാം വിശ്വസനീയരാവുകയുള്ളൂ; അപ്പോൾ നമ്മുടെ പ്രവർത്തനം മറ്റുള്ളവർ മുമ്പേതന്നെ ഒരുമിച്ചുകൂട്ടിയതു ചിതറിക്കുന്നതായി ഭവിക്കുകയില്ല.

സിനഡാത്മകവും പ്രേഷിതപരവുമായ സഭയ്ക്കു മാത്രമല്ല ഇടവക വൈദികരെക്കൊണ്ട് ആവശ്യം. 'ഒരു സിനഡാത്മകസഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം' എന്ന വിഷയവുമായി 2021 മുതൽ 2024 വരെ മുന്നേറുന്ന സിനഡിന്റെ തുടർപ്രക്രിയയിലും നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. വരുന്ന ഒക്ടോബർമാസത്തിൽ അതിന്റെ രണ്ടാം സെഷൻ നടക്കുന്നതിലേക്കു നാം ഉറ്റുനോക്കികൊണ്ടിരിക്കുകയാണ്; അതിനുവേണ്ടി ഒരുങ്ങാനായി, നിങ്ങളുടെ സ്വരം കേൾക്കേണ്ടതായുണ്ട്.

അക്കാരണത്താൽ 'സിനഡിനുവേണ്ടി ഇടവകവൈദികർ' എന്ന അന്താരാഷ്ട്രസമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരെയും സിനഡാത്മകതയുടെ പ്രേഷിതരായിരിക്കാൻ ഞാൻ ക്ഷണിക്കുന്നു. നിങ്ങൾ പരസ്പരവും തുടർന്നു നിങ്ങൾ നിങ്ങളുടെ കർമരംഗങ്ങളിലെത്തുമ്പോൾ നിങ്ങളുടെ സഹ ഇടവകവൈദികരുമായും സിനഡാത്മകതയുടെ പ്രേഷിതരായിരിക്കുവിൻ. ഇടവകവൈദികരുടെ ശുശ്രൂഷയുടെ നവീകരണം ലക്ഷ്യംവെച്ചുകൊണ്ടു സിനഡാത്മകവും

പ്രേഷിതപരവുമായ ഒരു മനോഭാവത്തോടെ നിങ്ങൾ വിചിന്തനം നടത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ സിനഡിന്റെ ജനറൽ സെക്രട്ടറിയേറ്റിനു നിങ്ങളുടെ സവിശേഷമായ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് അടുത്ത സെഷനു വേണ്ടിയുള്ള 'പ്രവർത്തനരേഖ' *(Instrumentum Laboris)* തയ്യാറാക്കാനിട വരട്ടെ. ഈ അന്താരാഷ്ട്രസമ്മേളനത്തിന്റെ ലക്ഷ്യം ഇടവകവൈദികരെ ശ്രവിക്കുകയെന്നതായിരുന്നു; എന്നാൽ അതിന്ന് അവസാനിക്കാൻ പാടില്ല; ഞങ്ങൾക്കു തുടർന്നും നിങ്ങളെ കേൾക്കണം.

പ്രിയ സഹോദരരേ, ഈ പ്രക്രിയയിൽ ഞാൻ നിങ്ങളുടെകൂടെയുണ്ട്; ഇതിൽ ഞാൻതന്നെയും പങ്കുചേരുന്നുണ്ട്. എന്റെ ഹൃദയത്തിൽനിന്നു ഞാൻ നിങ്ങളെ ആശീർവദിക്കുന്നു; അതോടൊപ്പം നിങ്ങളുടെ സാമീപ്യം എനിക്ക് അനുഭവപ്പെടേണ്ടതായുണ്ട്; നിങ്ങളുടെ പ്രാർഥനാസഹായവും എനിക്ക് ആവശ്യമുണ്ട്. വഴികാട്ടിയായ *(Hodegetria)*, വഴിയുടെ രാജ്ഞിയായ, പരിശുദ്ധ കന്യകാമറിയത്തിനു നമ്മെ ഭരമേൽപ്പിക്കാം. അവൾ നമുക്കു വഴി കാണിച്ചു തരുന്നു; വഴിയും സത്യവും ജീവനുമായ ഈശോമ്ശിഹായിലേക്ക് അവൾ നമ്മെ നയിക്കുന്നു.

സെന്റ് ജോൺ ലാറ്ററൻ ബസിലിക്ക, റോം
2 മെയ് 2024



**ഫ്രാൻസിസ് പാപ്പ**

[1] Address for the Commemoration of the Fiftieth Anniversary of the Establishment of the Synod of Bishops, 17 October 2015.

'Parish Priests for the Synod' എന്ന അന്തർദേശീയസമ്മേളനത്തിൽ പങ്കെടുത്ത മുന്നൂറുവൈദികരോടു സംസാരിച്ചുകൊണ്ടു ലോകം മുഴുവനുമുള്ള ഇടവക വൈദികരെ അഭിസംബോധന ചെയ്തത്.

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682025

## സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽപിതാവിന്റെ ആദ്യത്തെ ഔദ്യോഗിക സന്ദർശനവേളയിൽ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെട്ട സീറോമലബാർസമൂഹത്തോടു പരിശുദ്ധ പിതാവു ഫ്രാൻസിസ് പാപ്പ നടത്തിയ പ്രസംഗം

ആദരണീയ മേജർ ആർച്ചുബിഷപ്, വന്ദ്യപിതാക്കന്മാരേ, പ്രിയ സഹോദരീ സഹോദരന്മാരേ

അങ്ങയെയും അങ്ങയുടെ സഹോദരമെത്രാന്മാരെയും മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം അങ്ങു നടത്തുന്ന ആദ്യത്തെ റോമായാത്രയിൽ അങ്ങയെ അനുധാവനം ചെയ്യുന്നവരെയും സ്വാഗതംചെയ്യാൻ എനിക്കേറെ സന്തോഷമുണ്ട്. ഈ തെരഞ്ഞെടുപ്പു നടന്നതു നന്നായി. റോമിലെ സീറോമലബാർസമൂഹത്തിന്റെ പ്രതിനിധികളെയും ഞാൻ സാഹോദര്യത്തോടെ അഭിവാദ്യം ചെയ്യുന്നു.

നിങ്ങളുടെ പ്രിയസഭയുടെ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണു നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലികപ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്. നിങ്ങളുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ, വിശ്വാസകൂട്ടായ്മയിലെ ചില അംഗങ്ങൾ, അഭിവൃദ്ധി പ്രാപിക്കുന്ന നിങ്ങളുടെ സഭയുടെ പ്രത്യേകസ്വഭാവം മനസ്സിലാക്കാതെ, നിങ്ങൾക്കെതിരെ നിർഭാഗ്യകരമായ പ്രവൃത്തികൾ ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി വെല്ലുവിളികൾ നിങ്ങൾക്കു നേരിടേണ്ടിവന്നിട്ടുണ്ട്. എന്നിട്ടും നിങ്ങൾ പത്രോസിന്റെ പിൻഗാമിയോട് എന്നും അചഞ്ചലമായ കൂറുപുലർത്തി. അതുകൊണ്ട്, നിങ്ങളെയെല്ലാവരെയും സ്വാഗതം ചെയ്യുന്നതിനും നിങ്ങൾ സ്വീകരിച്ചതും മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യുന്ന നിങ്ങളുടെ മഹത്ത്വപൂർണമായ പാരമ്പര്യത്തിൽ നിങ്ങളെ സ്ഥിരീകരിക്കുന്നതിനും എനിക്കു വലിയ ആനന്ദം തോന്നുന്നു. നിങ്ങൾ അനുസരണയുള്ളവരാണ്; അനുസരണയുള്ളിടത്തു സഭയുണ്ട്. അനുസരണക്കേടുള്ളിടത്തു ശീശ്മയുണ്ടാവും. നിങ്ങൾ അനുസരണയുള്ളവരാണ്; അനുസരണം നിങ്ങളുടെ വലിയ ഗുണങ്ങളിലൊന്നാണ്. ഇത് സഹനമില്ലാതെയല്ല എന്നെനിക്കറിയാം, എന്നാലും തുടർന്നും മുന്നോട്ടുപോവുക.

അനന്യവും അമൂല്യവുമാണു നിങ്ങളുടെ ചരിത്രം; അതു ദൈവത്തിന്റെ എല്ലാ വിശുദ്ധജനതകളുടെയും ഒരുപ്രത്യേക പൈതൃകമാണ്. പൗരസ്ത്യപാരമ്പര്യങ്ങൾ സഭയുടെ ജീവിതത്തിലെ മാറ്റിനിർത്താനാവാത്ത നിധികളാണെന്ന് ഉറപ്പിച്ചുപറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു. കഴിഞ്ഞകാലവുമായി നമ്മെ ബന്ധിപ്പിക്കുന്ന കണ്ണികൾ മുറിച്ചുകളയുകയും എന്താണ് ഉപകാരപ്രദവും അടിയന്തരവും എന്നുമാത്രം കണക്കാക്കി തീരുമാനങ്ങളെടുക്കുകയും ചെയ്യുന്ന നമ്മുടേതുപോലെയുള്ള ഒരുകാലഘട്ടത്തിൽ അതു സവിശേഷമായി അനുസ്മരിക്കുന്നത് ഏറെ പ്രസക്തമാണ്. നിർഭാഗ്യവശാൽ മതപരമായ സമീപനങ്ങളിലും ഈ മനോഭാവമുണ്ട്. പൗരസ്ത്യക്രൈസ്തവർ നമ്മെ ആത്മീയതയുടെ പ്രാചീനവും നിത്യനൂതനമായ സ്രോതസുകളിൽനിന്നു നുകരാൻ അനുവദിക്കുന്നു; സഭയ്ക്കു ചലനാത്മകത പകരുന്ന പുത്തൻ ഉറവകളായി അതു മാറുകയാണ്. അതുകൊണ്ടു റോമിലെ മെത്രാൻ എന്നനിലയിൽ സീറോമലബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ, മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയംഭരണാവകാശമുള്ള സഭയോടു ചേർന്നുനിൽക്കാൻ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. മധ്യപൂർവദേശത്തുള്ള നിങ്ങളുടെ എല്ലാ കുടിയേറ്റക്കാരുടെമേലും ഭരണാധികാരം ലഭിക്കുന്നതിനായി ചോദിക്കാൻ മേജർ ആർച്ചുബിഷപ്പിനോടു ഞാൻ പറഞ്ഞിട്ടുണ്ട്. ഈ ഭരണാവകാശത്തിനായി രേഖാമൂലം ആവശ്യപ്പെടാനാണു ഞാൻ പറഞ്ഞത്, എന്നാൽ ആ അധികാരം ഇന്നു നിങ്ങൾക്കു ഞാൻ നൽകുന്നു; അതു നിങ്ങൾക്കു വിനിയോഗിച്ചു തുടങ്ങാവുന്നതാണ്. അതു രേഖാമൂലമാക്കേണ്ടതുണ്ട്, പക്ഷേ നിങ്ങൾക്ക് ഇന്നുമുതൽ അതു വിനിയോഗിക്കാം. ഞാൻ നിങ്ങളെ മറികടക്കാനല്ല, സഹായിക്കുന്നതിനാണ് ആഗ്രഹിക്കുന്നത്; കാരണം നിങ്ങളുടെ സഭയുടെ സ്വയംഭരണാവകാശ സ്വഭാവമനുസരിച്ചു നിങ്ങൾ നേരിടുന്ന സാഹചര്യങ്ങളെയും വെല്ലുവിളികളെയും ശ്രദ്ധയോടെ വിലയിരുത്തുന്നതിനുമാത്രമല്ല മേജർ ആർച്ചുബിഷപ്പിന്റെയും സിനഡിന്റെയും നിർദേശത്തോടു വിശ്വസ്തതപുലർത്തിക്കൊണ്ട്, ഉത്തരവാദിത്വത്തോടും സുവിശേഷധീരതയോടുംകൂടി അവയെ നേരിടുന്നതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും നിങ്ങൾക്ക് അധികാരമുണ്ട്. ഇതാണു സഭ ആവശ്യപ്പെടുന്നത്; പത്രോസിനെ കൂടാതെ, മേജർ ആർച്ചുബിഷപ്പിനെകൂടാതെ സഭയില്ല.

ഈ ലക്ഷ്യത്തോടെ, ഒരുകാര്യത്തിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ടു സഭയുടെ നന്മയ്ക്ക് അപകടം വരുത്തിക്കൊണ്ടുപോലും, വിട്ടുവീഴ്ചയില്ലാതെ കടുംപിടുത്തത്തിനുള്ള പ്രലോഭനമുണ്ടാക്കുന്ന ആപത്തിനെക്കു

റിച്ചു മുന്നറിയിപ്പു നൽകിക്കൊണ്ട് അടുത്തകാലത്തായി ഞാൻ വിശ്വാസികൾക്കു കത്തുകളും വീഡിയോസന്ദേശവും അയക്കുകയുണ്ടായി. ഈ പ്രലോഭനം മുളയെടുക്കുന്നതു തന്റേതല്ലാത്ത മറ്റൊരു ചിന്താരീതിയെയും ശ്രദ്ധിക്കാത്ത, സ്വയം മാനദണ്ഡമാക്കുന്ന ശൈലിയിൽനിന്നുമാണ്. സ്പാനിഷ്ഭാഷയിൽ സ്വയം മാനദണ്ഡമാക്കുന്ന ശൈലിയെ ഞങ്ങൾ ഇങ്ങനെ വിവരിക്കാറുണ്ട്: 'ഞാൻ, എനിക്ക്, എന്റെകൂടെ, എനിക്കുവേണ്ടി, എല്ലാം എനിക്കുവേണ്ടി'- ഇവിടെയാണു പിശാച്, ഭിന്നിപ്പിക്കുന്നവൻ, യഥാർഥത്തിൽ നിലനിൽക്കുന്നവനായ അവൻ, നുഴഞ്ഞുകയറി, നമ്മുടെ കർത്താവു മരിക്കുന്നതിനുമുമ്പു പ്രകടിപ്പിച്ച, വിഭജനമോ കൂട്ടായ്മയുടെ തകർച്ചയോ ഇല്ലാതെ, അവിടുത്തെ ശിഷ്യരായ നമ്മൾ ഒന്നാകണം *(യോഹ. 17:21)* എന്ന ഏറ്റവും ഹൃദയസ്പർശിയായ ആഗ്രഹത്തെ തകിടംമറിക്കുന്നത്. ഇക്കാരണത്താൽ, ഐക്യം നിലനിർത്തുകയെന്നതു കേവലമൊരു നല്ല ഉപദേശം മാത്രമല്ല, കർത്തവ്യമാണ്; പ്രത്യേകിച്ചും അനുസരണ വാഗ്ദാനംചെയ്തിട്ടുള്ളതും, പെരുമാറ്റത്തിൽ ഉപവിയും ശാന്തതയും വിശ്വാസികൾ പ്രതീക്ഷിക്കുന്നതുമായ വൈദികരുടെകാര്യത്തിൽ.

ആദരണീയ മേജർ ആർച്ചുബിഷപ്, കൂട്ടായ്മ പരിപാലിക്കുന്നതിനു നിശ്ചയദാർഢ്യത്തോടെ നമുക്കു പ്രവർത്തിക്കുകയും കാർക്കശ്യത്തിലേക്കും ഭിന്നിപ്പിലേക്കും നയിക്കുന്ന ലൗകികതയാൽ പ്രലോഭിക്കപ്പെടുന്ന നമ്മുടെ സഹോദരീസഹോദരന്മാർ, തങ്ങളെ സ്നേഹിക്കുകയും തങ്ങൾക്കായി കാത്തിരിക്കുകയും ചെയ്യുന്ന വലിയ കുടുംബത്തിന്റെ ഭാഗമാണു തങ്ങളെന്നു തിരിച്ചറിയുന്നതിനായി അക്ഷീണം പ്രാർഥിക്കുകയും ചെയ്യാം. ഒരിക്കൽ അനുതപിക്കുമ്പോൾ അവർക്കു തിരികെപ്രവേശിക്കുന്നതിന് (സുവിശേഷത്തിന്റെ ആനന്ദം, 46) ഒരു തടസ്സവുമുണ്ടാകാതിരിക്കാൻ ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ നമുക്കു വാതിലുകൾ തുറന്നുതന്നെയിടാം; നമ്മുടെ ഹൃദയങ്ങളും തുറന്നിടാം; നാം അവർക്കുവേണ്ടി കാത്തിരിക്കുന്നു. ഭയം കൂടാതെ നമുക്ക് ഒരുമിച്ചുവരികയും ചർച്ച നടത്തുകയും ചെയ്യാം, അതു നല്ലതാണ്; എന്നാൽ എല്ലാറ്റിനുമുപരി, ഭിന്നതകളെ അനുരഞ്ജിപ്പിക്കുകയും സംഘർഷങ്ങളെ ഐക്യത്തിലേക്കു തിരികെക്കൊണ്ടുവരികയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ പ്രകാശം തർക്കങ്ങൾ പരിഹരിക്കുന്നതിനായി നമുക്കു പ്രാർഥിക്കാം. ഒരുകാര്യം ഉറപ്പാണ്: അഹങ്കാരവും പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും അസൂയയും കർത്താവിൽനിന്നുള്ളതല്ല; അവ ഒരിക്കലും യോജിപ്പിലേക്കും സമാധാനത്തിലേക്കും നയിക്കില്ല. നമുക്കിടയിലെ അവിടുത്തെ സാന്നിധ്യത്തിന്റെ പരമോന്നതരൂപമായ, സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയായ പരിശുദ്ധ കുർബാനയോട്, അതിന്റെ അർപ്പണത്തെക്കുറിച്ചുള്ള വിശദാംശങ്ങളെക്കുറിച്ചുള്ള തർക്കംമൂലം കാണിക്കുന്ന കടുത്ത അനാ

ദരവു ക്രൈസ്തവവിശ്വാസത്തിനു വിരുദ്ധമായ പ്രവൃത്തിയാണ്. നമ്മെ വഴിനയിക്കേണ്ട മാനദണ്ഡം, പരിശുദ്ധാത്മാവിൽനിന്നുവരുന്ന യഥാർഥ ആത്മീയതയുടെ മാനദണ്ഡമായ കൂട്ടായ്മയാണ്: ഇത് ഐക്യത്തിനായുള്ള നമ്മുടെ സമർപ്പണത്തെയും നമുക്കു ലഭിച്ച ദാനങ്ങളോടുള്ള വിശ്വസ്തവും വിനയാന്വിതവും ആദരപൂർവകവുമായ സമീപനത്തെയും കുറിച്ച് ആത്മപരിശോധന നടത്താൻ നമ്മോട് ആവശ്യപ്പെടുന്നു.

ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സഹോദരീസഹോദരന്മാരേ, നമുക്കു പ്രത്യാശ കെടുത്താതെയും ക്ഷമ കാണിക്കുന്നതിൽ തളർന്നുപോകാതെയും വിദ്വേഷം ഊട്ടിവളർത്തുന്ന മുൻവിധികളാൽ അടച്ചുപൂട്ടപ്പെടാതെയുമിരിക്കാം. പിന്നെയോ, കർത്താവു നമ്മെ ഏല്പിച്ചിരിക്കുന്ന വിശാലമായ ഉത്തരവാദിത്വങ്ങളെക്കുറിച്ച്, അവിശ്വാസികൾക്കു ഇടർച്ചയാകാതെ, ലോകത്തിൽ അവിടുത്തെ സാന്നിധ്യത്തിന്റെ അടയാളമാകുന്നതിനുള്ള വിളിയെക്കുറിച്ചു ചിന്തിക്കാം. തീരുമാനങ്ങളെടുക്കുമ്പോൾ ഇന്ത്യയിലും പുറത്തുമുള്ള പാവങ്ങളെയും പരിത്യക്തരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും അസ്തിത്വപ്രതിസന്ധി നേരിടുന്നവരെയുംകുറിച്ചു നമുക്കു ചിന്തിക്കാം. പ്രത്യാശയുടെയും സാന്ത്വനത്തിന്റെയും അടയാളങ്ങൾക്കായി കാത്തിരിക്കുന്ന വേദനയനുഭവിക്കുന്നവരെ നമുക്കു കണക്കിലെടുക്കാം. പലസ്ഥലത്തും ക്രൈസ്തവരുടെ ജീവിതം വലിയ ബുദ്ധിമുട്ടിലാണെന്ന് എനിക്കറിയാം; എന്നാൽ ക്രൈസ്തവരായ നാം തിന്മയോടു പ്രതികരിക്കുന്നതു നന്മ കൊണ്ടാണെന്നതും എല്ലാ വിശ്വാസികൾക്കുമൊപ്പം നാം മാനവകുലത്തിന്റെ നന്മയ്ക്കായി അക്ഷീണം പ്രയത്നിക്കുന്നുവെന്നതുമാണു നമ്മുടെ വ്യത്യാസം.

കുടുംബരൂപീകരണം, മതബോധനം എന്നീ മേഖലകളിൽ നിങ്ങളുടെ സഭ പുലർത്തുന്ന പ്രതിബദ്ധതയ്ക്കു നന്ദിപറയാൻ ഞാൻ ആഗ്രഹിക്കുന്നതോടൊപ്പം യുവജനങ്ങളെയും ദൈവവിളികളെയും ലക്ഷ്യമാക്കിയുള്ള നിങ്ങളുടെ അജപാലനപ്രവർത്തനങ്ങളെ ഞാൻ പിന്തുണക്കുന്നു. പ്രാർഥനയിൽ ഞാൻ നിങ്ങളോടൊപ്പമുണ്ട്; എന്റെ ഹൃദയത്തിൽ എല്ലാ ദിവസവും നിങ്ങളെ സംവഹിക്കുകയും ചെയ്യുന്നു. എന്റെ ഈ പ്രോത്സാഹനം നിങ്ങളുടെ സഹോദരീസഹോദരന്മാരിലേക്കും എത്തിക്കുക.

നമ്മെ സ്നേഹിക്കുകയും നമ്മെ ഒന്നാക്കുകയും ചെയ്യുന്ന, അൾത്താരയ്ക്കുചുറ്റും നാം ഒരുകുടുംബമായി ഐക്യത്തിലാകണമെന്ന് ആഗ്രഹിക്കുന്ന, ക്രൂശിതനും ഉത്ഥാനം ചെയ്തവനുമായ ഈശോയിലേക്കു നമുക്ക് ഒരുമിച്ചുനോക്കാം. വി. തോമാശ്ലീഹായെപ്പോലെ നമുക്ക് അവിടുത്തെ മുറിവുകളിലേക്കു നോക്കാം. വിശക്കുന്നവന്റെയും ദാഹിക്കുന്നവന്റെയും പരിത്യക്തന്റെയും തടവറയിലും ആശുപത്രികളിലും തെരു

വോരങ്ങളിലും കഴിയുന്നവരുടെയും ശരീരങ്ങളിൽ ഇന്നു നാം അതു കാണുന്നു. ഈ സഹോദരീസഹോദരന്മാരെ നാം ആർദ്രതയോടെ സ്പർശിക്കുമ്പോൾ ജീവിക്കുന്ന ദൈവത്തെ നമുക്കിടയിലേക്കു നാം സ്വാഗതംചെയ്യുകയാണ്. അപ്പസ്തോലന്മാരെ സ്തബ്ധരാക്കുകയും പ്രത്യാശയില്ലാത്ത കുറ്റബോധത്തിലേക്ക് എറിയപ്പെടാൻ കാരണവുമായിരുന്ന ഈശോയുടെ മുറിവുകളിലേക്കു വി. തോമാശ്ലീഹായെപ്പോലെ നമുക്കു നോക്കുകയും ആ മുറിവുകളിൽനിന്നാണു കർത്താവു ക്ഷമയുടെയും കരുണയുടെയും നീർച്ചാലുകൾ പ്രവഹിപ്പിച്ചത് എന്നതു മനസ്സിലാക്കുകയും ചെയ്യാം. ഒരു വലിയ ഹൃദയം; എല്ലായ്പ്പോഴും ഒരു വലിയ ഹൃദയം! അവയെക്കുറിച്ചു ധ്യാനിക്കുകയും തന്റെ സംശയങ്ങളും ഭയങ്ങളും അവിടുത്തെ മഹത്ത്വത്തിനുമുന്നിൽ അപ്രത്യക്ഷമായതു കാണുകയും ചെയ്തപ്പോൾ തോമാശ്ലീഹായ്ക്ക് എത്ര വലിയ വിസ്മയമായിരിക്കുമുണ്ടായത്! പ്രത്യാശ ജനിപ്പിക്കുന്ന വിസ്മയമാണത്; പുറത്തേക്കിറങ്ങാൻ, പുതിയ അതിർത്തികൾ മറികടക്കാൻ, അങ്ങനെ വിശ്വാസത്തിൽ നിങ്ങളുടെ പിതാവാകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച വിസ്മയം! എല്ലാ തടസ്സങ്ങളെയും മറികടക്കാൻ നമ്മെ പ്രാപ്തരാക്കുന്ന വിശ്വാസത്തിന്റെ ഈ വിസ്മയം നമുക്കും വളർത്തിയെടുക്കാം.

പത്രോസിന്റെയും പൗലോസിന്റെയും നഗരമായ റോമിലെ മാർ തോമായുടെ മക്കളായ, റോമിലെ പ്രിയ സീറോമലബാർവിശ്വാസികളേ, നിങ്ങൾക്ക് ഒരു പ്രത്യേകദൗത്യം നിറവേറ്റാനുണ്ട്. ഉപവിയുടെ സാർവത്രികകൂട്ടായ്മയിൽ ആധ്യക്ഷ്യംവഹിക്കുന്ന (അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ റോമാക്കാർക്കുള്ള കത്ത്) ഈ സഭയിൽനിന്നു, കേരളത്തിൽ മാത്രമല്ല ഭാരതത്തിലും ലോകം മുഴുവനിലും നിങ്ങളുടെ സഭയിലെ ഐക്യത്തിനുവേണ്ടി പ്രാർഥിക്കാനും പ്രത്യേകവിധത്തിൽ സഹകരിക്കാനുംവേണ്ടി നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവവിളികളുടെ നിധിശേഖരമാണ് കേരളം! അതങ്ങനെ തുടരാൻ നമുക്കു പ്രാർഥിക്കാം.

ആദരണീയ മേജർ ആർച്ചുബിഷപ്, അങ്ങയുടെ സഹോദരനിർവിശേഷമായ സന്ദർശനത്തിനു നന്ദി. അതിൽ എനിക്കേറെ ആനന്ദമുണ്ട്. പ്രിയ സഹോദരീസഹോദരന്മാരേ, ഹൃദയത്തിന്റെ അഗാധതയിൽനിന്നു ഞാൻ നിങ്ങളെ ആശീർവദിക്കുകയും പരിശുദ്ധ കന്യകാമറിയത്തിനും മാർ തോമാശ്ലീഹായ്ക്കും നിങ്ങളുടെ വിശുദ്ധർക്കും രക്തസാക്ഷികൾക്കും ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുകയും ചെയ്യുന്നതോടൊപ്പം എനിക്കുവേണ്ടി പ്രാർഥിക്കാൻ മറക്കരുതേയെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. എല്ലാവർക്കും നന്ദി, ഒത്തിരി നന്ദി.

*കൺസിസ്റ്ററി ഹാൾ, റോം*
*13 മെയ് 2024*

# 138–ാമത് അതിരൂപതാദിനത്തിൽ അഭി. പിതാക്കന്മാർ നൽകിയ സന്ദേശങ്ങളുടെ സംക്ഷിപ്തരൂപം

### മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത

*(അധ്യക്ഷപ്രസംഗം)*

നമ്മുടെ അതിരൂപതാദിനാഘോഷത്തിന്റെ ആപ്തവാക്യം 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്നതാണ്. നാം ഒരു കുടുംബമാണ് എന്നചിന്ത ഒരനുഭവമായി മാറുമ്പോൾ നമ്മുടെ ആഘോഷം അർഥവത്തായിത്തീരും. വ്യത്യസ്തമായ സ്വഭാവസവിശേഷതകളും വിദ്യാഭ്യാസ-ജീവിത-സാമ്പത്തികനിലവാരവുമുള്ളവർ ഉൾക്കൊള്ളുന്ന ഒരു വലിയകുടുംബമാണു നമ്മുടേത്. അതിരൂപതയിൽ നാമൊരു കുടുംബമാണ് -ഒരു സംതൃപ്തകുടുംബമായിത്തീരണം. നമുക്കു യഥാർഥമായ സംതൃപ്തിയും സമാധാനവും കൈവരുന്നതു ദൈവഹിതം നിറവേറ്റി ജീവിക്കുവാൻ നാം തയ്യാറാകുമ്പോഴാണ്. ആർക്കും എടുത്തുമാറ്റാൻ കഴിയാത്ത സമാധാനവും സന്തോഷവും സംതൃപ്തിയും നൽകുന്നതു കർത്താവാണ്; നാം സ്വന്തമാക്കേണ്ടത് അവയാണ്. അങ്ങനെയുള്ള സംതൃപ്തകുടുംബമായി നമ്മുടെ അതിരൂപത നിരന്തരം വളരട്ടെയെന്നാണ് എന്റെ ആഗ്രഹവും പ്രാർഥനയും.

എല്ലാവർഷവും മെയ് ഇരുപതിനാണു നാം അതിരൂപതാദിനം ആഘോഷിക്കുന്നത്. നമ്മുടെ സഭയുടെതന്നെ പുനർജന്മം നടന്നതിന്റെ ഓർമദിനമാണു മെയ് 20. സീറോമലബാർസഭയുടെ ആധുനികചരിത്രം ആരംഭിക്കുന്നത് 1887 മെയ് ഇരുപതിനാണ്. അന്നാണു ലെയോ പതിമൂന്നാമൻ മാർപാപ്പ നമുക്കായി രണ്ടുവികാരിയാത്തുകൾ സ്ഥാപിച്ചത്; കോട്ടയം എന്നപേരിൽ ആരംഭിച്ചു ചങ്ങനാശ്ശേരിയായി തുടരുന്ന വികാരിയാത്തും തൃശൂർ വികാരിയാത്തും. അന്നുവരെ നമ്മൾ വരാപ്പുഴ ലത്തീൻ അതിരൂപതയുടെ ഭാഗമായിരുന്നു. മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ നമ്മുടെ സഭയുടെ, കുറേയൊക്കെ അന്യാധീനപ്പെട്ടുപോയ, യഥാർഥമായ തനിമ വീണ്ടെടുക്കുകയെന്നതു നമ്മുടെ പൂർവികരുടെ ചിരകാലാഭിലാഷമായിരുന്നു. നമ്മുടെ സഭയുടെ തനിമയും വ്യക്തിത്വവും വീണ്ടെടുക്കാൻ വഴി തുറന്നുകൊണ്ടാണു സുറിയാനിക്കാർക്കുവേണ്ടിത്തന്നെ 13-ാം ലെയോ മാർപാപ്പ രണ്ടുവികാരിയാത്തുകൾക്കു രൂപംനൽകിയത്. അന്നുമുതൽ ഇന്നുവരെ സ്വന്തം തനിമയിലും പൈതൃകത്തിലും വളരാൻ അവസരമൊരുങ്ങുകയും അതിനുള്ള നിരന്തരമായ പ്രോത്സാഹനം പരിശുദ്ധ സിംഹാസനം നൽകുകയും ചെയ്തു. അതിന്റെ ഫലമായി നമ്മുടെ സഭ ഇന്നൊരു സ്വതന്ത്രസ്വയാധികാരസഭയായിത്തീർന്നിരിക്കുന്നു.

അതിരൂപതയുടെ ജന്മദിനമാഘോഷിക്കുമ്പോൾ നാം നമ്മുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഓർമിക്കണം. നമുക്കു നമ്മുടേതായ ഒരു ആത്മീയപിതൃസ്വത്തുണ്ട്. അത് ആഗോളസഭയുടെ മുഴുവൻ സ്വത്താണ്. നാമതു നഷ്ടപ്പെടുത്തരുത്; നാമതു ജീവിക്കണം, ജീവിച്ചുകൈമാറണം. മേജർ ആർക്കി എപ്പിസ്കോപ്പൽസഭ എന്നനിലയിൽ അതിനുള്ള അവസരം കൈവന്നിരിക്കുന്നു. മേജർ ആർച്ചുബിഷപ്പിനൊപ്പം പരിശുദ്ധ പിതാവിനെ കാണുവാൻ ഞാനുൾപ്പെടുന്ന പെർമനെന്റ് സിനഡംഗങ്ങൾക്ക് ഏതാനും ദിവസങ്ങൾക്കുമുമ്പ് അവസരം ലഭിച്ചിരുന്നു. മാർപാപ്പായുടെ പരാമർശങ്ങൾ ഞങ്ങളെയെല്ലാം വളരെയധികം ആവേശംകൊള്ളിച്ചു. നമ്മുടെ സഭയെ നന്നായി അറിയുകയും വളരെയധികം സ്നേഹിക്കയും നമ്മുടെ സഭ അതിന്റെ യഥാർഥമായ പ്രൗഢിയിലും ശോഭയിലും വളരണമെന്ന് ആഗ്രഹിക്കുകയും നമ്മുടെ സഭയുടെ സംഭാവനകൾ പ്രത്യേകിച്ചു മിഷണറിചൈതന്യവും ദൈവവിളിയുടെ സമൃദ്ധിയും അറിയുകയും അതിനു നന്ദിപറയുകയും സഭയുടെ പ്രതിസന്ധിയിൽ വേദനിക്കുകയും ചെയ്യുന്ന ആളാണു ഫ്രാൻസിസ് മാർപാപ്പ. സഭയിൽ അനുസരണത്തിനു വളരെയധികം പ്രാധാന്യമുണ്ടെന്നും അനുസരണയില്ലെങ്കിൽ സഭയോടു കൂടിയുള്ള കൂട്ടായ്മയില്ലെന്നും കൂട്ടായ്മയില്ലെങ്കിൽ അതു ശീശ്മയാണെന്നും മാർപാപ്പ വ്യക്തമാക്കി. സഭയിൽ ഐക്യം പരമപ്രധാനമാണ്. ഐക്യത്തിന്റെ കൂദാശയാണു പരിശുദ്ധ കുർബാന. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുകയുണ്ടായി: 'സഭ പരിശുദ്ധ കുർബാനയിൽനിന്നു ജനിക്കുന്നു; സഭ പരിശുദ്ധ കുർബാനയിലൂടെ വളരുന്നു'. നമ്മുടെ സഭയിൽ പരിശുദ്ധ കുർബാനാകേന്ദ്രീകൃതമായ ഐക്യം നാം അഭംഗുരം കാത്തുസൂക്ഷിക്കണം. ഇതാണു കത്തോലിക്കാസഭയുടെ കെട്ടുറപ്പ്. ഈ ഐക്യം എല്ലായിടത്തും എല്ലാമേഖലകളിലും യാഥാർഥ്യമാകണം. ദൈവകൃപയാൽ നമ്മുടെ അതിരൂപത സഭാത്മകമായ ഐക്യത്തിൽ നിലനിൽക്കാൻ എന്നും പരിശ്രമിച്ചിട്ടുണ്ട്; അതിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്. ആ ഐക്യം എക്കാലവുമുണ്ടാകണം. കേവലം നിസ്സംഗമായ ഐക്യമല്ല, മറിച്ചു സജീവവും പ്രവർത്തനനിരതവുമായ ഐക്യം കാത്തുസൂക്ഷിക്കണം.

നമ്മുടെ അതിരൂപത അഞ്ഞൂറിലധികം വൈദികരാൽ സമ്പന്നമായ കുടുംബമാണ്. വൈദികരുടെ നല്ല നേതൃത്വം, തീക്ഷ്ണത, ആത്മീയത എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. പ്രിയപ്പെട്ട വൈദികരേ, നിങ്ങളെ ഞാൻ ഓർമിപ്പിക്കുകയാണ്: നിങ്ങളുടെ ദൈവനിയോഗത്തിൽ അൽപം പോലും വെള്ളം ചേർക്കപ്പെടരുത്. പൗരോഹിത്യമെന്ന വലിയൊരു ഉത്തരവാദിത്വം ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നു. ദൈവജനത്തെ ഒരു മനസ്സോടെ, ഒരുദിശയിൽ, ഒരുലക്ഷ്യത്തിലേക്കു നയിക്കാൻ കൂട്ടായ പ്രവർത്തനത്തിനു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ഈ അതിരൂപതയിൽ,

വലിയ പൗരോഹിത്യകൂട്ടായ്മയുടെ ഒറ്റക്കെട്ടായ പ്രവർത്തനങ്ങളിലൂടെ നാലുലക്ഷംവരുന്ന ദൈവജനം ഒരുകുടുംബമായി ജീവിക്കണം. ഇന്നു കുടുംബങ്ങൾ ഏറെ വെല്ലുവിളികൾ നേരിടുന്നുണ്ട്. നാം ഗൗരവമായി ശ്രദ്ധിക്കുന്നില്ലെങ്കിൽ കുടുംബങ്ങൾ ശിഥിലമാകും. നമ്മുടെ സമൂഹമില്ലാതായികൊണ്ടിരിക്കുന്നു. അതു നിസ്സംഗതയോടെ നോക്കിനിൽക്കാൻ നമുക്കു കഴിയുകയില്ല. കുടുംബങ്ങളിലേക്കു ശ്രദ്ധതിരിയണം. നമ്മുടെ സമൂഹത്തിൽ വലിയതോതിലുള്ള കുടിയേറ്റം സംഭവിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിലേക്കുപോകുന്ന എല്ലാവരും രക്ഷപെടുന്നില്ല; വിശ്വാസവ്യതിചലനം, കുടുംബജീവിതത്തകർച്ച, ദാമ്പത്യവിശ്വസ്തതയുടെ ലംഘനം, ലൈംഗിക അധാർമികത എന്നിങ്ങനെയുള്ള പ്രതിസന്ധികളുമുണ്ടാകുന്നുണ്ട്. അതിനാൽ നാം കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

പ്രിയ സമർപ്പിതസഹോദരങ്ങളുടെ സേവനത്തെ ഞാൻ ഏറെ വിലമതിക്കുന്നു. ദൈവവിളിയുടെ കുറവു സമർപ്പിതർ നേരിടുന്നുണ്ട്. നമ്മുടെ കുടുംബങ്ങളിൽനിന്നു പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കും സ്ത്രീസന്യാസത്തിലേക്കും ദൈവവിളികളുണ്ടാകണം. കഴിഞ്ഞകാലഘട്ടങ്ങളിൽ ഏറെ കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതിനു കാരണം സമർപ്പിതരാണ്. അനാഥർ, ഭിന്നശേഷിക്കാർ, മാനസികപ്രശ്നങ്ങൾ നേരിടുന്നവർ തുടങ്ങിയുള്ളവർക്കുള്ള കാരുണ്യഭവനങ്ങളിൽ മാതൃസഹജമായ സ്നേഹത്തോടെ അവരെ സ്വീകരിച്ചു പരിചരിക്കുന്ന സമർപ്പിതർ നമുക്കുണ്ട്. വരുംകാലങ്ങളിലും ഈ ശുശ്രൂഷ തുടരേണ്ടതാണ്.

പ്രിയ അല്മായസഹോദരങ്ങളേ, അതിരൂപതയാകുന്ന കുടുംബം ഒരു സഭാകൂട്ടായ്മയാണ്; അതു ലോകാവസാനംവരെ നിലനിൽക്കണം. അതിന് ഇന്നത്തെ തലമുറയാണ് ഉത്തരവാദിത്വം വഹിക്കേണ്ടിയിരിക്കുന്നത്. നാളത്തെ തലമുറ ഉണ്ടാകുമോയെന്നു നിർണയിക്കേണ്ടത് ഇന്നത്തെ തലമുറയാണ്. ആ കാര്യത്തിൽ നിരുത്തരവാദിത്വം പാടില്ല. നമ്മുടെ ശൈലികളിൽ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. പൂർവികർ പകർന്നുതന്ന ആത്മീയതയുടെ ആഴവും സഭയോടുള്ള ബന്ധവും ഇന്നു കുറേയൊക്കെ ലോലമായിത്തീർന്നിട്ടുണ്ടോയെന്നു ഞാൻ സംശയിക്കുന്നു. കുടുംബജീവിതത്തിന്റെ പവിത്രതയും കുടുംബത്തിന്റെ വിശുദ്ധിയും പ്രാർഥനാചൈതന്യവും അഭംഗുരം നിലനിൽക്കണം. സഭയോടുചേർന്ന്, കൗദാശികജീവിതം നയിച്ച്, സഭയെ അനുസരിച്ചു കൂട്ടായ്മയിൽ നാം മുന്നോട്ടുപോകാം. അങ്ങനെയുള്ള സഭാകൂട്ടായ്മയായി മാറാൻ പരിശ്രമിക്കാം. നമ്മുടെ കൂട്ടായ്മ വളർന്നു ദൈവത്തിനും സഭയ്ക്കും വലിയസന്തോഷത്തിനു കാരണമായിത്തീരട്ടെയെന്നു ഞാൻ പ്രാർഥിക്കുന്നു.

## റൈറ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ

*(ആർച്ചുബിഷപ്, തിരുവനന്തപുരം ലത്തീൻ അതിരൂപത-ഉദ്ഘാടനസന്ദേശം)*

138-ാമത് അതിരൂപതാദിനത്തിന്റെ ആശംസകളും പ്രാർഥനകളും സന്തോഷപൂർവം നിങ്ങൾക്ക് ഓരോരുത്തർക്കും നേരുന്നു. വിശ്വാസ പാരമ്പര്യവും ആരാധനക്രമപൈതൃകവും പ്രേഷിതതീക്ഷ്ണതയുമുള്ള, വളരെ സജീവമായ പ്രാദേശികസഭയാണു ചങ്ങനാശ്ശേരി അതിരൂപത. ഒന്നാം സങ്കീർത്തനത്തിൽ വായിക്കുന്നതുപോലെ, 'ആറ്റുതീരത്തു വളരുന്ന വൃക്ഷംപോലെയാണ്' ചങ്ങനാശ്ശേരി അതിരൂപത. കാലത്തിന്റെ ഋതുഭേദങ്ങളിൽ വിശ്വാസത്തിന്റെ പച്ചപ്പും ഫലസമ്പന്നതയും നിലനിർത്തുകയും അതിൽ അനുസ്യൂതം വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരുസഭയാണു നമ്മുടേത്. ദൈവത്തിനു നന്ദിയും സ്തുതിയും സ്തോത്രവും അർപ്പിക്കേണ്ട സന്ദർഭമാണ് ഈ ആഘോഷവേള. അതിരൂപതയാകുന്ന ഈ അമ്മ തന്റെ മക്കൾക്ക് എന്നും തണൽമരമായും ദൈവകൃപയുടെ നീർച്ചാലായും നിലകൊള്ളുന്നുയെന്നതു സത്യമാണ്. ഈ പ്രാദേശികസഭയിൽനിന്നു വിശുദ്ധിയുടെ സൗരഭ്യം പരത്തുന്ന എത്രയോ വിശുദ്ധജീവിതപുഷ്പങ്ങൾ ഇതിനോടകം സഭാരാമത്തിൽ വിടർന്നു വിരിഞ്ഞുകഴിഞ്ഞു. എത്രയോ വിശുദ്ധരും ദൈവദാസരും ധന്യരുമാണ് ഈ അതിരൂപതയിൽനിന്നു ലോകത്തിനു മാതൃകയും പ്രചോദനവുമായി ലഭിച്ചതെന്ന കാര്യവും ഈ അവസരത്തിൽ ഓർക്കാം.

അതിരൂപതാദിനാഘോഷം നമ്മിലുണർത്തുന്ന പ്രധാനവികാരം കൃതജ്ഞതയാണ്. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ 'നാം എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്'. ചങ്ങനാശ്ശേരി അതിരൂപതയെ ആരംഭം മുതൽ നാളിതുവരെയും നയിച്ച ഇടയശ്രേഷ്ഠരെയും വൈദികരെയും സന്യസ്തരെയും പ്രേഷിതരെയും അല്മായനേതാക്കളെയും ഈയവസരത്തിൽ നിങ്ങളോടൊപ്പം ഞാനും നന്ദിയോടെ അനുസ്മരിക്കുകയാണ്. അതിരൂപതാദിനാഘോഷം നമുക്കു പകരുന്ന മറ്റൊരു അവബോധം കൂട്ടായ്മയുടേതാണ്; 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്ന ആപ്തവാക്യം സൂചിപ്പിക്കുന്നതും മറ്റൊന്നല്ല. നാമാരും ഒറ്റയാന്മാരോ അന്യരോ അപരിചിതരോ അല്ല, മറിച്ചു പരസ്പരബന്ധവും പ്രതിബദ്ധതയുള്ള ഒരേകുടുംബത്തിലെ അംഗങ്ങളാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരകരുതലും സ്നേഹവും പരിഗണനയും താത്പര്യവുമാണു കുടുംബത്തിന്റെ കരുത്ത്. ചങ്ങനാശ്ശേരി അതിരൂപതാംഗമാണെന്നു പറയുന്നതിൽ അഭിമാനവും ആനന്ദവും ഒരാളിൽ ഉണ്ടാകുന്നുയെന്നതു വലിയകാര്യമാണ്. രൂപതാംഗങ്ങളിലെല്ലാവരിലും അതുണ്ടാവുകയെന്നതാണ് ഇന്നത്തെ ഒരു വെല്ലുവിളി.

ചങ്ങനാശ്ശേരി അതിരൂപത തന്റെ മക്കൾക്കു വിശ്വാസത്തിന്റെ വേരുകളും ചിറകുകളും പലരീതിയിൽ നൽകി അനുഗ്രഹിച്ചവളാണ്. ആഴത്തിൽ വേരുകൾ വളർന്ന വൃക്ഷം പ്രതികൂലസാഹചര്യങ്ങളിലും പിടിച്ചു നിൽക്കും. ലൗകികതയുടെയും ഭൗതികതയുടെയും വേലിയേറ്റങ്ങളിലും വ്യക്തികളും കുടുംബങ്ങളും ദൈവവിശ്വാസത്തിലും ദൈവാശ്രയത്തിലും ആഴത്തിൽ വേരൂന്നിനിൽക്കുന്നുവെങ്കിൽ അതിനൊരു പ്രധാനകാരണം ഈ അതിരൂപതയിലെ ശുശ്രൂഷകളാണ്; പ്രത്യേകിച്ച് ആധ്യാത്മിക ശുശ്രൂഷ. മെച്ചമായ ജീവിതാവസ്ഥകളിലേക്കും ജീവിതാഭിവൃദ്ധിയിലേക്കും പറന്നുയരുവാൻ പര്യാപ്തമായ ചിറകുകൾ നല്ലവിദ്യാഭ്യാസത്തിലൂടെയും തൊഴിലിലൂടെയും മെച്ചമായ കുടുംബബന്ധങ്ങളിലൂടെയും നമുക്കു ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിൽ ഈ അതിരൂപതയുടെ നിരവധിയായ ശുശ്രൂഷകളും സേവനങ്ങളുമുണ്ട്. കേരളത്തിലെ അഞ്ചു ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ചങ്ങനാശ്ശേരി അതിരൂപത വിസ്തൃതികൊണ്ടുമാത്രമല്ല ആൾബലത്തിലും വിഭവസമൃദ്ധമാണ്. മനുഷ്യസമ്പത്താണ് ഏറ്റവും പ്രധാനമായതെന്നു മനസ്സിലാക്കുമ്പോൾ ആ കാര്യത്തിൽ ചങ്ങനാശ്ശേരി അതിരൂപത സമ്പന്നമാണെന്നതു ശ്രദ്ധേയമാണ്.

ഈ അതിരൂപതാദിനാഘോഷത്തിൽ, പിന്നിട്ട കാലത്തിലേക്ക് ഒരു നോട്ടം അനിവാര്യമാണ്. വിദ്യാഭ്യാസം, സഭാത്മകശുശ്രൂഷകൾക്കുള്ള സംവിധാനങ്ങൾ (സംഘടനകൾ, പരിശീലനവേദികൾ, എക്യുമെനിക്കൽസംരംഭങ്ങൾ), ആത്മീയ-ധാർമികനേതൃത്വം എന്നിങ്ങനെ മൂന്നു പ്രധാനപ്പെട്ട മേഖലകളിൽ ഇതര രൂപതകളെയും സമൂഹങ്ങളെയും അപേക്ഷിച്ചു ചങ്ങനാശ്ശേരി അതിരൂപത എടുത്തുപറയത്തക്ക നേട്ടങ്ങൾ കൈവരിക്കുകയും കരുത്താർജിക്കുകയും ചെയ്തു. ആദ്യത്തെ മെത്രാനായിരുന്ന ചാൾസ് ലവീഞ്ഞു മുതൽ ഇന്നുവരെയുള്ള പിതാക്കന്മാർ നൽകിയിട്ടുള്ള സംഭാവനകൾ എടുത്തുപറയത്തക്കതാണ്. ഭാഗ്യസ്മരണാർഹനായ ജോസഫ് പവ്വത്തിൽപിതാവു വിദ്യാഭ്യാസാവകാശങ്ങൾക്കുവേണ്ടി നടത്തിയിട്ടുള്ള പോരാട്ടം നാം നന്ദിയോടെ ഓർമിക്കേണ്ടതാണ്. സ്ത്രീശക്തീകരണം ലക്ഷ്യമാക്കി സ്ത്രീകൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഈ അതിരൂപത അതിന്റെ പ്രാരംഭഘട്ടത്തിൽതന്നെ ആരംഭിച്ചുവെന്നതു സവിശേഷമായ കാര്യമാണ്.

സഭാപ്രവർത്തനങ്ങൾക്കും വിശ്വാസജീവിതത്തിനും സുഗമമായ കാലഘട്ടത്തിലൂടെയല്ല നാമിപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ ഏതാനും ചില കാര്യങ്ങൾ നാം സവിശേഷമായി ശ്രദ്ധിക്കേണ്ടതാണ്. 1. അതിരൂപതയുടെ പ്രാദേശികപ്രവർത്തനങ്ങൾക്കു വെല്ലുവിളി ഉയർത്തുന്ന പ്രവണതകളെ അതിജീവിച്ചു പൂർവാധികം

ശക്തിയോടെ മുന്നോട്ടുപോകാൻ അതിരൂപതയ്ക്കു കഴിയണം. 2. മത മൗലികവാദത്തിന്റെയും ഫാസിസ്റ്റ് ചിന്താഗതിയുടെയും വെല്ലുവിളികളെ നേരിടുവാൻ സഭയുടെ മുന്നിൽ പാത തുറന്നിടണം. മതേതരചിന്തക ളെയും മനുഷ്യത്വത്തെയും മുൻനിർത്തിക്കൊണ്ടു കർമനിരതമാകുന്ന സഭാപ്രവർത്തനം ഇന്നിന്റെ ആവശ്യമാണ്. 3. ദളിത്-പിന്നാക്കജനവിഭാഗ ങ്ങൾ ഇന്നു സഭയിൽ നിരവധി സമ്മർദങ്ങൾക്കു വിധേയരാണ്. അവ രുടെ ആവശ്യങ്ങളും പരാതികളും ഉന്നയിക്കപ്പെടുവാനുള്ള വേദികൾ സഭയിൽതന്നെ പലപ്പോഴും പരിമിതമാണ്. ഈ വിഭാഗം ജനങ്ങളെ എപ്രകാരം സഭയുടെ മുൻനിരയിലേക്ക് ഉയർത്തിക്കൊണ്ടുവരാനാകും എന്നചിന്തയും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. 4. ഒരു രാജ്യത്തിന്റെ ഭദ്രത ആ രാജ്യത്തിന്റെ വിഭവങ്ങൾ കുറേയെങ്കിലും തുല്യമായി വീതിക്ക പ്പെടുന്ന സാമ്പത്തികക്രമം അടിസ്ഥാനപ്പെടുത്തിയാണു നിലനിൽക്കു ന്നത്. എന്നാൽ, ആനുകാലികസംഭവങ്ങൾ വിരൽചൂണ്ടുന്നതു വിഭവങ്ങൾ ഒരുകൂട്ടം കോർപ്പറേറ്റുകളുടെ ഉറവിടങ്ങളിലേക്കു കേന്ദ്രീകരിക്കപ്പെ ടുന്നുയെന്നാണ്. ബഹുഭൂരിപക്ഷംവരുന്ന ഇടത്തരക്കാരും പിന്നാക്ക ജനവിഭാഗങ്ങളും സാമ്പത്തികഭദ്രത നിലനിർത്താൻ പാടുപെട്ടുകൊണ്ടി രിക്കുന്നു. അതിരൂപതയുടെ ഭാവിപഠനങ്ങളും ദർശനവും ഈ മേഖല കളിലേക്കു ചെന്നെത്തേണ്ടവയാണ്. യുവജനങ്ങളുടെ കുടിയേറ്റം സംബ ന്ധിച്ചുള്ള പ്രശ്നങ്ങൾ അതിരൂപത അഭിസംബോധന ചെയ്യാൻ തുടങ്ങി യിട്ടുണ്ടെന്നുള്ളതും ആശാവഹമാണ്.

## മാർ തോമസ് തറയിൽ

*(സ്വാഗതപ്രസംഗം)*

138-ാമത് അതിരൂപതാദിനത്തിലേക്കു നിങ്ങളേവരെയും സ്വാഗതം ചെയ്യാൻ എനിക്കേറെ സന്തോഷമുണ്ട്. പ്രത്യേകമായി, നമ്മുടെ അതി രൂപതയിൽ അതിരൂപതാദിനാചരണം ആരംഭിച്ച മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ സ്മരണകൾ നിറയുന്ന ഈ കുറുമ്പനാടം ഇടവകയിൽ തന്നെ ഇത്തവണത്തെ അതിരൂപതാദിനപരിപാടികൾ നടത്തപ്പെടുമ്പോൾ, അതു പിതാവിനെയും പിതാവിന്റെ സംഭാവനകളെയും ഓർമിക്കാൻ കൂടിയുള്ള അവസരമാണ്. നമ്മുടെ അതിരൂപതയുടെ കൂട്ടായ്മയുടെ ആഘോഷമാണ് അതിരൂപതാദിനം. അല്മായരും വൈദികരും സമർപ്പി തരുമടങ്ങുന്ന വലിയകൂട്ടായ്മയുടെ പ്രതിനിധികളായിട്ടാണു നാമിവിടെ സമ്മേളിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള കൂട്ടായ്മകൾ നമ്മുടെ ഐക്യ ബോധത്തെയും സ്വത്വബോധത്തെയും വളർത്തുന്നുണ്ട്. കഴിഞ്ഞ ആഴ്ച മേജർ ആർച്ചുബിഷപ്പും അഭി. പെരുന്തോട്ടംപിതാവുൾപ്പെടുന്ന പെർമനെന്റ് സിനഡ് അംഗങ്ങളും ഫ്രാൻസിസ് മാർപാപ്പായെ കണ്ടപ്പോൾ, പരിശുദ്ധ പിതാവ് അവർക്കു നൽകിയ സന്ദേശം നാം ശ്രദ്ധിച്ചതാണ്.

ഫ്രാൻസിസ് ശൈലിയിൽതന്നെ പരിശുദ്ധ പിതാവു പറയുകയുണ്ടായി: 'ഐക്യം എന്നതു ഭവ്യമായ ഒരു ഉപദേശമല്ല; അതൊരു കടമയാണ്' (unity is not a pious exhortation but it is an obligation). ഐക്യം സൂക്ഷിക്കുക യെന്നതു നമ്മുടെ കടമയാണ്; അതൊരു ഭംഗിവാക്കല്ല. വളരെ അർഥ പൂർണമായ സന്ദേശമായിരുന്നു മാർപാപ്പ സീറോമലബാർസഭയ്ക്കും ആഗോളസഭയ്ക്കും പൊതുവായും നൽകിയത്. ഏതുകാര്യത്തിലും നമ്മെ നയിക്കേണ്ട തത്വം കൂട്ടായ്മയാണെന്നുകൂടി ഫ്രാൻസിസ് പാപ്പ ഓർമിപ്പിച്ചു. യഥാർഥത്തിൽ നാമിങ്ങനെ ഒരുമിച്ചുകൂടുന്നതും അതി രൂപതാകുടുംബത്തെ സവിശേഷമായി ഓർമിക്കുന്നതുമെല്ലാം ഈ ഐക്യബോധത്തെ വളർത്തുന്ന കാര്യങ്ങളാണ്. കൂട്ടായ്മയില്ലെങ്കിൽ സഭയില്ല. സഭയുടെ ഏറ്റവും അടിസ്ഥാനപരമായ ഒരു നിർവചനം സഭ ഒരു കൂട്ടായ്മയാണ് എന്നതാണ്; ദൈവത്തോടും മറ്റുള്ളവരോടുമുള്ള കൂട്ടായ്മ. കൂട്ടായ്മയെ തള്ളിപ്പറഞ്ഞാൽ സഭയുടെ പ്രവർത്തനം കേവലം അനുഷ്ഠാനമായി മാറും. ഓരോ പരിശുദ്ധ കുർബാനയിലും നാം പരി ശുദ്ധ പിതാവിന്റെയും മേജർ ആർച്ചുബിഷപ്പിന്റെയും രൂപതാ മെത്രാന്റെ യുമെല്ലാം പേരുപറയുന്നതു സാർവത്രികസഭയോടും പ്രാദേശിക സഭയോടുമുള്ള കൂട്ടായ്മയുടെ പ്രഖ്യാപനമെന്നനിലയിലാണ്. കൂട്ടായ്മ ഇല്ലെങ്കിൽ സഭയുടെ ശുശ്രൂഷകൾക്കൊന്നും അർഥമില്ല; മറിച്ച് അവ യെല്ലാം കേവലം സാമൂഹികമായ ആചാരങ്ങളും പ്രവർത്തനങ്ങളും മറ്റുമായി മാറും. അതുകൊണ്ടുതന്നെ നാം ത്യാഗമെടുത്ത് ഈ ഐക്യം വർധിപ്പിക്കേണ്ടതാണ്. നമ്മുടെ കൂട്ടായ്മകളെ ഭിന്നിപ്പിക്കാനും രാഷ്ട്രീ യവും സാമുദായികവുമായ മുതലെടുപ്പു നടത്താനും നമ്മെ ഛിന്ന ഭിന്നമാക്കാനും പരിശ്രമിക്കുന്ന ശക്തികൾ വളരെ കൗശലത്തോടെ പ്രവർത്തിക്കുമ്പോൾ ഐക്യം ഒരു കടമയെന്ന ബോധ്യത്തോടെ ഐക്യം വർധിപ്പിക്കാനുള്ള പരിശ്രമങ്ങളിൽ ഏർപ്പെടേണ്ടത് ആവശ്യമാണ്. ഈ അതിരൂപതാദിനത്തിൽ നാം ഒന്നിച്ചുകൂടുമ്പോൾ നമ്മുടെ ഐക്യം നമുക്ക് ആഘോഷിക്കാം; അതിരൂപതയാകുന്ന വലിയകുടുംബത്തെക്കുറിച്ച് ഓർമിക്കാം; അതിരൂപതയുടെ എല്ലാ ശുശ്രൂഷകളും വിജയിക്കുവാൻ പ്രാർഥിക്കുകയും ചെയ്യാം.

**20 മെയ് 2024** **മാർ ജോസഫ് പവ്വത്തിൽ നഗർ**

**സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി, കുറുമ്പനാടം**

■




# I

## കടമുള്ള ദിവസങ്ങൾ

ജൂൺ 29 വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളും ജൂലൈ 3 ദുക്റാനത്തിരുനാളും കടമുള്ള ദിവസങ്ങളാകയാൽ വിശ്വാസികൾ സംബന്ധിക്കത്തക്കവിധം ഇടവകകളിൽ പരിശുദ്ധ കുർബാന ക്രമീകരിക്കേണ്ടതാണ്.

# II

## 138-ാമത് അതിരൂപതാദിനത്തിൽ പള്ളികൾ സംബന്ധിച്ചു നടത്തിയ പ്രഖ്യാപനങ്ങൾ

കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ 2024 മെയ് 20നു നടന്ന 138-ാമത് അതിരൂപതാദിനാഘോഷത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിൽ പുതുതായി അതിർത്തിതിരിഞ്ഞ രണ്ടുകുരിശുപള്ളികൾ പ്രഖ്യാപിച്ചു.

ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ കീഴിലുള്ള പെരുന്ന ഈസ്റ്റ് സെന്റ് ആന്റണീസ് പള്ളിയെയും (C.24/PY-PEU 710) കരുവാറ്റ സെന്റ് ജോസഫ്സ് പള്ളിയുടെ കീഴിലുള്ള ആലപ്പുഴ-കുമാരപുരം സെന്റ് മേരീസ് പള്ളിയെയും (C.24/PY-KUP 711) അതിർത്തിതിരിഞ്ഞ കുരിശുപള്ളികളായി പ്രഖ്യാപിച്ചു.

# III

## പരിശുദ്ധ കുർബാനനിയോഗം

**2024 മെയ് 26ന്** അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ ഇടയാലിൽ ബഹു. ജേക്കബ് അച്ചനെ നമ്മുടെ പ്രാർഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചനുവേണ്ടി ഒരു പരിശുദ്ധ കുർബാനയർപ്പിക്കേണ്ടതാണ്.

# IV

## വാർഷികധ്യാനം

അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം ആറിനു റംശായോടെയാരംഭിച്ചു സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതാണ്.

**ബാച്ച് I - ജൂൺ 16 മുതൽ 21 വരെ**
**ധ്യാനഗുരു - വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ MSFS**
*(സുപ്പീരിയർ ജനറൽ, എം.എസ്.എഫ്.എസ്.)*

**ബാച്ച് II - ജൂൺ 23 മുതൽ 28 വരെ**
**ധ്യാനഗുരു - വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ MSFS**

**ബാച്ച് III - ജൂലൈ 7 മുതൽ 12 വരെ**
**ധ്യാനഗുരു - മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
*(കൂരിയ മെത്രാൻ, സീറോമലബാർസഭ)*

അതിരൂപതയ്ക്കുപുറത്തു സേവനത്തിലോ പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസ വൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താത്പര്യമുള്ളപക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതുബാച്ചിലാണു ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**BATCH I JUNE 16-21**

Aiyankary Joseph
Alencherry Isaac
Alumkal Joseph
Ampalathinkal Jacob
Anakkallunkal Antony
Anchil Mathew
Anchil Mathew (Jerin)
Anchupankil Jacob
Arackal Varghese
Arackathara Antony
Aryankala Thomas
Athikalam Jacob
Athikkalam James
Bangalavuparampil Joseph
Chackupurackal Kurian
Chakkathra Jacob
Chalackal Joseph
Chalackal Sebastian
Chamakala Sebastian
Changankary Abraham
Changankary Mathew
Chavara John
Cheeramvelil Jacob
Chekkonthayil Thomas
Chempilakam Joseph
Cheppila Scaria
Chethipuzha Mathew
Choolaparampil Joseph
Choorapuzha Scaria
Chooravady Antony

Chooravady Mathew
Chooravady Mathew (Moban)
Chorattuchamakala Joseph
Chorettu Joseph
Chundakkattil James
Edachethra Varghese
Edamuriyil Chacko
Elamkulam Kurian
Elanjiparambil Varghese
Elavummoottil Xavier
Erupathil Zachariah
Eruppakkattu Joseph
Ethirettu Kudilil Antony
Ettakakunnel Thomas
Kachamkode Antony
Kadaprakunnil Joseph
Kadathukalam Abraham
Kainikkara Thomas
Kaithaparampil Varghese
Kakkaparambil Antony
Kalapurackal Toms
Kalarickal Joseph
Kalathil Joseph
Kalathil Mathew
Kalathiparampil Sebastian
Kalathiveettil Jacob
Kalayamkandam Mattam James
Kamicherry Joseph
Kampiyil Thomas
Kanicherril Varghese
Kanikunnel James
Kanjiravelil Thomas
Kanjooparampil Thomas
Kannadippara Sebastian
Kappammuttil George
Karattu Mathew
Karikandathil Elias
Karikompil Cherian
Karinganamattom Joseph
Karippingapuram Abraham
Karivelil Zacharias
Karukakalam Thomas
Karukayil Joseph (Manoj)
Karuvelil Francis
Kattady Jacob
Kattappuram Joseph
Kattathara Yohanan
Kattooppara Antony
Kattoor Thomas
Kavanattu Mathew
Kavithazhe Philip
Kayamkulathusserry Thomas
Kayamkulathussery Joseph
Kayithara Varghese
Kezhaplackal Philipose
Kinganamchira Michael
Kizhakkemury Joseph
Kizhakkethalakkal Antony
Kizhakkeyil Peter
Kocheethra Joseph
Kottathil Mathew
Kunnil James
Kuzhippallil Jacob
Madathiparampil Mathew
Mampara Sebastian
Moolayil Antony
Naduthundathil Sebastian
Nelpurackal Alexander
Palackal James
Panakezham George
Panakkezham Joseph
Panamparambil Andrews
Parappuram Alex
Plamparambil Varghese
Punnasserry Xavier (Joyal)
Puthiaparampil Jose
Puthuparambil Joseph (Senior)
Thalachelloor Antony
Thanamavunkal Varghese
Vadakkekalam John
Vallayil George
Velangattusserry Joseph
Vettuvayalil Abraham

**BATCH II JUNE 23-28**

Kiliyattusseril Varghese
Kochelechemkalam Thomas
Kochuchirayil Joseph
Kochuparampil George

Kochuparampil Jose
Kochuparampil Sebastian
Kochuparampil Varghese
Koilparampil Henry
Koippally Jacob
Kollamkalam Alex
Kollara Joseph
Kooroth Jacob
Koottummel George
Koottummel Sebastian
Kossackal Varghese
Kottayil Cyirac
Kudilil James
Kulathumkal Thomas
Kunnakkattuthara Zacharias
Kunnath Andrews
Kunnath James
Kunnumpuram Thomas
Kunnuparampil Joseph
Kuriannurparambil Joseph
Kurinjiparampil Sebastian
Kuthukallunkal Thomas
Kuzhiyadiyil Joseph
Madathiparampil John
Maleckal Antony
Maliakel Thomas
Mammoottil Joseph
Mammoottil Sebastian
Manakunnel John
Manavath Varkey
Manayath Sebastian
Mancherikalam Sebastian
Mangalathu Thomas
Manianchira Thomas
Mannamthuruthil Sebastian
Manthuruthil George
Marangattu Mathew
Marattukalam Mathew
Mathilakathukuzhy Varghese
Mattathil Joseph
Mattathil Varghese
Meppuram Gregory
Moonnattinmugham Mathew
Moonnuparayil Varghese
Mudanthangelil Martin
Mukalel Jose
Mulavana Joseph
Mullakariyil Joseph
Mullankuzhy George
Mullanpara John
Mundakathil Joseph
Mundunadackal Isaac
Munduvelil Joseph
Muppathilchira Martin
Muriankarychirayil Mathew
Muthalakavil Antony
Muthumakuzhiyil Mathew
Muttathil Antony
Muttel Thomas
Nadackal Mathew
Nadamukath Mathew
Naduvilekkalam Jacob
Nalpathamkalam Cyril
Nalpathamkalam Joseph
Nambimadam Varghese
Narithuruthel Joseph
Nelluvely Emmanuel
Nelpuraparampil Philip
Nerayath Antony
Neriamparampil Emmanuel
Nilavanthara Joseph
Nuzhaithadom George
Odalany Mathew
Onamkulam Gregory
Ottarackal Chacko
Padinjareveettil Thomas
Paikkattumattathil Thomas
Pakalomattom Kanachery Joseph
Palamattam Alexander
Pallichira Mathew
Pallichirayil Joseph
Panachinkal Varghese
Panjipuzha Varghese
Parackal Joseph
Parappallil Scaria
Parappally Jose
Parasseril Jose
Parathanam Joseph
Parathanam Thomas
Parathara Thomas
Parathottal Thomas
Paruvaparambil John
Pathalil John
Pattathanam Stephen
Pazhayamadom James
Peediackal Kuriakose

Peediyekkal Paul
Perumpallithara Antony
Plaparampil Thomas
Plathanam John
Plathottam Joseph
Plathottathil Thomas
Ponganamthadathil Augustine
Ponnattil Joseph
Poovatholil Thomas
Powanchira Mathew
Pulichamackal Mathew
Puthuveettilkalam Joseph (Teji)
Srampickal Scaria
Tharakunnel John
Thekkedath Kuriakose
Thekkedathu Mathew
Vadakaetathu Mathew

**BATCH III JULY 7-12**

Aerathadom Philip
Kaithaparampil Joseph (Morley)
Kaithaparampil Joseph (Mijo)
Kakkuzhy Cherian
Kanchikal Philip
Kaniyaconil Thomas
Karakkadu Thomas
Karikandom Mathew
Karukaparambil Cherian
Keeranchira Joseph
Kocherry Damianose
Kokkavayalil James
Kurasserry Joseph
Malyeckal Matthew
Moolamkunnam George
Nambisserykalam Varghese
Nedumparampil Joseph
Oozhikattu Mathew
Padinjarekuttu Mathew
Parackal Jacob
Parackal Thoma Paulose
Pazhayamadom Cyriac
Poovathussery Joseph
Pulickal Mathew
Pulickapadavil Varghese
Pulickaparampil Joseph
Pulickassery Devasia
Pullukattu Francis
Punnassery Sebastian
Purackal Joseph
Puthenchira Jose
Puthenkalam Tom
Puthenkalam Xavier
Puthenparambil Joseph (Libin)
Puthenparambil Joseph (Shijo)
Puthenpurachirathykalam Xavier
Puthenpurackal Thomas
Puthenpurackal Thomas (Aji)
Puthenpurackal Thomas (Joshy)
Puthenpurackal Thomas (Tomy)
Puthenpurayil Mathew
Puthiaparampil Joseph (Josey)
Puthiaparampil Joseph (Toji)
Puthiyaparambil Thomas
Puthiyidam Mani
Puthumanamoozhiyil George
Puthuparambil Sebastian
Puthuparampil Joseph (Robin)
Puthuparampu Devasia
Puthusseril Sebastian
Puthuveedu Joseph
Puthuveettil Joseph
Puthuveettilkalam Joseph (Tony)
Puthuvelil Varghese
Souriamakil Sebastian
Srambickal Thomas (Bibin)
Srampickal Varkey (Smith)
Thadathil John
Thadathil Mathew
Thaikkattuserril Thomas
Thanniath Mathew
Thanniath Thomas
Tharakunnel Antony
Tharmasserry Abraham
Thathakattupulickal John
Thayil Philip
Thayilnedumparampil Abraham
Theempalangattu Abraham
Thekkepurath Jose
Thekkumuriyil Thomas

Thevary Antony
Thondikkakuzhyil Abraham
Thoompunkal Joseph (Roy)
Thumpechirayil Mathew
Thundiyil Devasia
Thundiyil Johnson
Thundukalam Antony
Thycheril George
Thyparampil Augustine
Thyparampil Joseph
Thyparampil Martin
Vadakkettam Francis
Vaikathukaranveettil Philip
Vallathara Aloysius
Vallayil Job
Vaniapurackal Joseph
Varavukalayil Varghese
Varikatt Jacob
Varikkappallil Jose
Vathyakary George
Vattackattu Jacob
Vazhaparampil Thomas
Vellanickal George
Vellanickal Louis
Vengasserry Paul
Vengasserry Thomas
Vettithanam Xavier
Vettukuzhiyil Varghese
Vettuvelikkalam Luka

## V
## പ്രത്യേകപിരിവുകൾ

### പത്രോസിന്റെ കാശ്

വി. പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചു ജൂൺ 29-ാം തീയതിയിലെ സ്തോത്രകാഴ്ച *പത്രോസിന്റെ കാശ്* (Peter's Pence) ആയി മാർപാപ്പായ്ക്കു സമർപ്പിക്കാനുള്ളതാണ്.

### സീറോമലബാർസഭാദിന ഫണ്ട്

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ (ജൂലൈ 3) സീറോമലബാർസഭാദിനമായി ആചരിക്കുന്നു. ജൂലൈ മൂന്നിലെ സ്തോത്രക്കാഴ്ച -ഒരാൾക്കു രണ്ടുരൂപാവീതം- സീറോമലബാർസഭാകാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകാനുള്ളതാണ്.

### Lay Faithful appearing with Cassock

It has been noticed that Toji Thomas, Azhimugham House from St. Mary's Metropolitan Church Changanacherry, had been visiting few parishes in this Archeparchy in religious cassock by presenting himself as a deacon belonging to a religious congregation and had been performing some liturgical functions by deception. Hence, the pastors of parishes and shrines; and the superiors of religious houses within this Archeparchy should be watchful of this person and should refrain from entertaining such fraudulent persons in future.

# "സ്നേഹത്തിന്റെ ശുശ്രൂഷകനായ"
# പുതുപ്പറമ്പിൽ ബഹു. സഖറിയാസച്ചൻ



2024 ഏപ്രിൽ 24ന് അതിരൂപതയിലെ ഏറ്റവും സീനിയർ വൈദികനായിരുന്ന പുതുപ്പറമ്പിൽ ബഹു. സഖറിയാസച്ചൻ ദൈവസന്നിധിയിലേക്കു യാത്രയായി. പ്രിയപ്പെട്ട ബന്ധുക്കളുമായി സംസാരിച്ചശേഷം അത്താഴവും കഴിച്ച് ഏപ്രിൽ 23-ാം തീയതി വിശ്രമത്തിലേക്കു പ്രവേശിച്ച അച്ചൻ ഏപ്രിൽ 24 പുലർച്ചെ നിത്യവിശ്രമത്തിനായി കടന്നുപോയി. അന്നേദിവസം കുമരകത്തുള്ള ബഹു. അച്ചന്റെ ഭവനത്തിലെത്തിച്ച മൃതദേഹത്തിങ്കൽ സീറോമലബാർസഭാ മേജർ ആർച്ചുബിഷപ് എമെരിത്തൂസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആദരാഞ്ജലികളർപ്പിച്ചുപ്രാർഥിച്ചു.

ഏപ്രിൽ 25നു ബഹു. അച്ചന്റെ ഭവനത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗത്തിന് അതിരൂപതാ സിഞ്ചെള്ളൂസ് വാണിയപ്പുരയ്ക്കൽ ജോസഫച്ചൻ കാർമികത്വംവഹിച്ചു. കുമരകം സെന്റ് ജോൺ നെപുംസ്യാനോസ് പള്ളിയിൽ നടന്ന രണ്ടാംഭാഗത്തിന് അഭി. മാർ തോമസ് തറയിൽ പിതാവും പരിശുദ്ധ കുർബാനയ്ക്കും സമാപനശുശ്രൂഷകൾക്കും അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവും കാർമികത്വംവഹിച്ചു. അച്ചൻ സേവനംചെയ്ത ഇടവകകളിൽനിന്നു അനേകം വിശ്വാസികളും വൈദികരും സമർപ്പിതരും മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ചു.

1926 ജൂൺ 12നു പുതുപ്പറമ്പിൽ ചെറിയാൻ - ത്രേസ്യ ദമ്പതികളുടെ മകനായിട്ടാണു ബഹു. അച്ചന്റെ ജനനം. വടക്കുംകര സെന്റ് ജോൺസ്, മാന്നാനം സെന്റ് എഫ്രേംസ് എന്നീ സ്കൂളുകളിലും ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലുമായിരുന്നു അച്ചന്റെ വിദ്യാഭ്യാസം. പാറേൽ മൈനർ സെമിനാരിയിലും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലുമായിരുന്നു വൈദികപരിശീലനം. 1958 മാർച്ച് 12നു മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ കൈവെപ്പിലൂടെ അച്ചൻ പൗരോഹിത്യം സ്വീകരിച്ചു.

അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ അസ്സിസ്റ്റന്റ് വികാരിയായിട്ടായിരുന്നു അച്ചന്റെ ആദ്യനിയമനം. തുടർന്നു കരുവാറ്റ, കൈനടി, പഴയിടം (ഇപ്പോൾ കാഞ്ഞിരപ്പള്ളി രൂപത), കോട്ടയ്ക്കുപുറം, പുന്നത്തുറ, മുട്ടാർ സെന്റ് തോമസ്, ഫിൽഗിരി, മണിമല ഹോളി മേജൈ ഫൊറോന, മുഹമ്മ, തൃക്കൊടിത്താനം, കൂത്രപ്പള്ളി, ഏറ്റുമാനൂർ, രാമങ്കരി, പുതുക്കരി തുടങ്ങിയ ഇടവകകളിൽ അജപാലനശുശ്രൂഷ നിർവഹിച്ചു. കോട്ടയ്ക്കുപുറത്തു രണ്ടാംവട്ടവും ശുശ്രൂഷ ചെയ്തതിനുശേഷം 2011ൽ സജീവമായ അജപാലനരംഗത്തുനിന്നും വിരമിച്ചു, ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റുഹോമിൽ വിശ്രമത്തിനായെത്തി.

വിശ്രമജീവിതവേളയിലും ആവശ്യമുള്ള ഇടവകകളിൽ ഹ്രസ്വകാല സേവനത്തിനും വി. കുമ്പസാരം പരികർമം ചെയ്യുന്നതിനും അച്ചൻ സന്നദ്ധനായിരുന്നു. 98 വർഷത്തെ ജീവിതത്തിൽ 66 വർഷം പുരോഹിതശുശ്രൂഷ ചെയ്തു കടന്നുപോയ ബഹു. സഖറിയാസച്ചൻ ഹൃദ്യമായ പെരുമാറ്റത്തിലൂടെയും സ്നേഹസംഭാഷണങ്ങളിലൂടെയും തന്റെ പൗരോഹിത്യത്തെ കൂടുതൽ ഹൃദ്യമാക്കി.

പൗരോഹിത്യത്തെ ബഹു. സഖറിയാസച്ചൻ വിലയിരുത്തിയതു സ്നേഹത്തിന്റെ ശുശ്രൂഷയെന്നായിരുന്നു. ഈശോയോടുള്ള സ്നേഹമാണു പൗരോഹിത്യത്തിന്റെ ശക്തിയെന്നു തിരിച്ചറിഞ്ഞവനായിരുന്നു അദ്ദേഹം. തന്റെ അജപാലനശുശ്രൂഷയിൽ ദൈവത്തോടുള്ള സ്നേഹത്തിൽ വളരുന്നതിനും അതു പങ്കുവെക്കുന്നതിനും ശ്രദ്ധിച്ചിരുന്നു. ഈ പങ്കുവെക്കലിന് ഏറ്റവും യോജിച്ചതു വിശ്വാസപരിശീലനമാണെന്നു തിരിച്ചറിഞ്ഞു കുഞ്ഞുങ്ങളുടെയും മുതിർന്നവരുടെയും വിശ്വാസപരിശീലനത്തിനു പ്രാധാന്യം കൊടുക്കുവാനാണു താൻ ശ്രദ്ധിച്ചതെന്ന് അവസാനനാളുകളിൽ ബഹു. അച്ചൻ പങ്കുവെക്കുകയുണ്ടായി.

സ്വതവേ സന്തോഷവാനായ അച്ചൻ മറ്റുള്ളവർ തന്നെക്കുറിച്ചു പുലർത്തിയ ചില തെറ്റിദ്ധാരണകൾ മനസ്സിൽ വേദനയുളവാക്കിയിരുന്നുവെന്നും സൂചിപ്പിച്ചിട്ടുണ്ട്. തന്റെ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവഹിക്കുന്നതിനും അതിനുവേണ്ടി ദൈവം തന്ന ആരോഗ്യം വേണ്ടരീതിയിൽ പരിരക്ഷിക്കുന്നതിനും അച്ചൻ ഉത്സുകനായിരുന്നു. ആരോഗ്യപരിരക്ഷണത്തിന് അച്ചൻ പുലർത്തിയിരുന്ന നിഷ്ഠ പുതിയതലമുറയിലെ വൈദികർക്കു ചിന്തിക്കുന്നതിനോ പിൻതുടരുന്നതിനോ സാധിക്കുമെന്നു തോന്നുന്നില്ല.

തന്റെ ബാച്ചുകാരായ വൈദികരോടും സമപ്രായക്കാരോടും വളരെ അടുപ്പം പുലർത്തിയ സഖറിയാസച്ചൻ തന്നോടു സംസാരിക്കുന്ന ചെറുപ്പക്കാരായ വൈദികരോടും ഹൃദ്യമായബന്ധം പുലർത്തുവാൻ ശ്രദ്ധിച്ചിരുന്നു. അച്ചന്റെ 5 സഹോദരന്മാരുമായും 4 സഹോദരിമാരുമായും അവരുടെ കുടുംബാംഗങ്ങളുമായും ഉറ്റബന്ധം പുലർത്തുവാൻ ബഹു. അച്ചൻ എന്നും ശ്രദ്ധിച്ചിരുന്നു. സഹോദരങ്ങളെല്ലാവരും മരണമടഞ്ഞു. 5 സഹോദരന്മാരിൽ ഇളയ സഹോദരനായ ഫാ. ജേക്കബ് പുതുപ്പറമ്പിലിന്റെ വേർപാടിന്റെ അവസരത്തിൽ (2020) എന്റെ സഹോദരങ്ങളെല്ലാം ദൈവസന്നിധിയിലെത്തി; ഇനി എന്റെ ഊഴം എന്നുപറഞ്ഞു പ്രതീക്ഷയോടെ കാത്തിരിക്കുകയായിരുന്നു ബഹു. അച്ചൻ.

ഈ ലോകത്തിൽ സ്നേഹത്തിന്റെ ശുശ്രൂഷ നിർവഹിച്ചു കടന്നുപോയ ബഹു. സഖറിയാസച്ചന്റെ ഓർമകൾക്കുമുമ്പിൽ ആദരാഞ്ജലികൾ. ഈ ആത്മാവു ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടട്ടെയെന്നു പ്രാർഥിക്കുന്നു.

**ഫാ. ഐസക് ആലഞ്ചേരി**

■

# 138-ാമത് അതിരൂപതാദിനാചരണറിപ്പോർട്ട്

138-ാമത് അതിരൂപതാദിനാചരണം 2024 മെയ് 20 തിങ്കളാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി യുടെ ആതിഥേയത്വത്തിൽ 'മാർ ജോസഫ് പവ്വത്തിൽ നഗറിൽ' നടത്തപ്പെട്ടു. രണ്ടായിരത്തിലധികം പ്രതിനിധികൾ സംബന്ധിച്ച അതിരൂപതാദിനാഘോഷ ങ്ങൾ കൂട്ടായ്മയുടെയും പങ്കുവെക്കലിന്റെയും സുന്ദരനിമിഷങ്ങളായിരുന്നു.

## സമ്മേളനനഗർ

ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷനും നമ്മുടെ അതിരൂപതാദിനാചര ണത്തിന്റെ തുടക്കക്കാരനുമായിരുന്ന മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ ജന്മസ്ഥലമായ കുറുമ്പനാടത്തു നടത്തപ്പെടുന്ന അതിരൂപതാദിനമാകയാൽ പവ്വത്തിൽപിതാവിന്റെ നാമത്തിൽ സമ്മേളനനഗർ അറിയപ്പെടണമെന്ന ആഗ്രഹം അതിരൂപതാദിനാചരണത്തിന്റെ ആദ്യഘട്ടചർച്ചകളിൽതന്നെ ഉയർന്നുവന്നിരുന്നു. ആ ആഗ്രഹത്തിന് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ഔദ്യോഗികമായ അംഗീകാരം ലഭിച്ചതോടെ 138-ാമത് അതിരൂപതാ ദിനത്തിന്റെ സമ്മേളനനഗറിനു *സീറോമലബാർസഭയുടെ കിരീടം* എന്നുവിശേഷി പ്പിക്കപ്പെട്ട മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ  നാമം നൽകപ്പെട്ടു.

## വിവിധതലങ്ങളിലെ ഒരുക്കങ്ങൾ

അതിരൂപതാദിനാചരണത്തിന്റെ ഒരുക്കങ്ങൾക്ക് ഔദ്യോഗികമായ ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ 23ന് അതിരൂപതാകേന്ദ്രത്തിലെ ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് അതി രൂപതാദിനത്തിന്റെ ലോഗോ അഭി. മാർ തോമസ് തറയിൽപിതാവിനു നൽകി പ്രകാശനംചെയ്തു.

അതിരൂപതാദിനാചരണത്തിന് ഒരുക്കമായി മെയ് 12 മുതൽ 19 വരെ പ്രാർഥനാ വാരമായി ആചരിച്ചു. അതിരൂപതയിലെ ഇടവകകളിലും കുരിശുപള്ളികളിലും മെയ് 19 ഞായറാഴ്ച അതിരൂപതാദിനത്തിന്റെ ഇടവകതലത്തിലുള്ള ആഘോഷ ങ്ങൾ നടത്തപ്പെട്ടു. അതിന്റെ ഭാഗമായി ഇടവകകളിൽ പേപ്പൽ പതാക ഉയർത്തു കയും അതിരൂപതാ ആന്തം ആലപിക്കുകയും അതിരൂപതാദിനപ്രതിജ്ഞ ചൊല്ലു കയും അതിരൂപതയുടെ പൊതുനിയോഗത്തിൽ അർപ്പിക്കപ്പെട്ട പരിശുദ്ധ കുർബാനയിൽ അതിരൂപതാദിനത്തിന്റെ വിജയത്തിനുവേണ്ടി പ്രത്യേകം പ്രാർഥി ക്കുകയും ചെയ്തു.

## വിളംബരദിനം (മെയ് 19 ഞായർ)

അതിരൂപതാദിനത്തിനു മുന്നോടിയായി മെയ് 19 ഞായറാഴ്ച വിളംബര ദിനമായി ആചരിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി യിൽ സ്ഥിതിചെയ്യുന്ന മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ കബ റിടത്തിൽനിന്ന് അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ നേതൃത്വ ത്തിൽ ഛായാചിത്രപ്രയാണം പുറപ്പെട്ടു. പാറേൽ സെന്റ് മേരീസ്, വെരൂർ സെന്റ്

ജോസഫ്സ് എന്നീ ഇടവകകളിൽ നൽകപ്പെട്ട സ്വീകരണങ്ങൾ ഏറ്റുവാങ്ങി ഛായാചിത്രപ്രയാണം കണ്ണവട്ട ജംഗ്ഷനിൽ എത്തിച്ചേർന്നു.

അതേസമയം, ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ എക്സിക്യുട്ടിവംഗങ്ങളുടെ നേതൃത്വത്തിൽ എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയങ്കണത്തിലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിൽനിന്ന് ആരംഭിച്ച ദീപശിഖാപ്രയാണം ചങ്ങങ്കരി സെന്റ് ജോസഫ്സ്, കൊടുപ്പുന്ന സെന്റ് ജോസഫ്സ്, വേഴപ്രാ സെന്റ് പോൾസ്, ഫാത്തിമാപുരം ഫാത്തിമ മാതാ, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന, മുണ്ടുപാലം സെന്റ് മേരീസ് എന്നീ ഇടവകകളുടെ സ്വീകരണം ഏറ്റുവാങ്ങി കണ്ണവട്ട ജംഗ്ഷനിൽ ഛായാചിത്രപ്രയാണവുമായി സംഗമിച്ചു.

ഇരുപ്രയാണങ്ങളും ഒന്നുചേർന്നു യുവദീപ്തി-എസ്.എം.വൈ.എം. അംഗങ്ങൾ ഒരുക്കിയ ബൈക്കുറാലിയുടെ അകമ്പടിയോടെ വൈകുന്നേരം 5.30ന് ആഘോഷപൂർവം കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ എത്തിച്ചേർന്നപ്പോൾ അഭി. മാർ തോമസ് തറയിൽപിതാവ് അവ ഏറ്റുവാങ്ങി. തുടർന്നുനടന്ന റംശാപ്രാർഥനയ്ക്ക് അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ കാർമികത്വംവഹിച്ചു. അഭി. മാർ തോമസ് തറയിൽപിതാവു സന്ദേശംനൽകി.

## അതിരൂപതാദിനം (മെയ് 20 തിങ്കൾ)

മെയ് 20 തിങ്കളാഴ്ച രാവിലെ 9.30നു കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിലെ സമ്മേളനനഗറിന്റെ കവാടത്തിൽനിന്നു ദീപശിഖ, ഛായാചിത്രം, അതിരൂപതാദിനപതാക എന്നിവയ്ക്കു പിന്നിലായി അണിനിരന്ന പേപ്പൽ പതാകയേന്തിയ 18 ഫൊറോനാ കൗൺസിൽ സെക്രട്ടറിമാരും വിശിഷ്ടാതിഥികളും അഭി. പിതാക്കന്മാരും ആഘോഷപൂർവം സമ്മേളനനഗറിലേക്കു പ്രവേശിച്ചതോടെ അതിരൂപതാദിനാഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. ഛായാചിത്രവും ദീപശിഖയും നിർദിഷ്ടസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി പ്രൊഫ. പി.വി. ജറോം അതിരൂപതാദിനപതാക ഉയർത്തി; തത്സമയം ഗായകസംഘം അതിരൂപതാ ആന്തം ആലപിച്ചു. തുടർന്നുള്ള ഖുഥാആപ്രാർഥനയ്ക്ക് അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ കാർമികത്വം വഹിച്ചു.

### സ്വാഗതം

അതിരൂപതാദിനത്തിന്റെ പൊതുസമ്മേളനത്തിനു ജനറൽ കൺവീനർ അഭി. മാർ തോമസ് തറയിൽപിതാവു സ്വാഗതമാശംസിച്ചു. നമ്മുടെ സഭാകൂട്ടായ്മയെ ഭിന്നിപ്പിക്കാനും രാഷ്ട്രീയവും സാമുദായികവുമായ മുതലെടുപ്പു നടത്താനും നമ്മെ ഛിന്നഭിന്നമാക്കാനും പരിശ്രമിക്കുന്ന ശക്തികൾ വളരെ കൗശലത്തോടെ പ്രവർത്തിക്കുമ്പോൾ ഐക്യം ഒരു കടമയാണെന്ന ബോധ്യത്തോടെ ഐക്യം വർധിപ്പിക്കാനുള്ള പരിശ്രമങ്ങളിൽ ഏർപ്പെടേണ്ടത് ആവശ്യമാണെന്നും അതിരൂപതാദിനത്തിൽ നാം ഒന്നിച്ചുകൂടുമ്പോൾ നമ്മുടെ ഐക്യം

നമുക്ക് ആഘോഷിക്കാമെന്നും സ്വാഗതപ്രസംഗത്തിൽ അഭി. മാർ തോമസ് തറയിൽപിതാവു സൂചിപ്പിച്ചു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയുടെ മെത്രാഭിഷേകത്തിന്റെ ഇരുപത്തിരണ്ടാംവാർഷികത്തിന്റെ ഭാഗമായി കേക്ക് മുറിക്കുകയും അഭി. മാർ ജോർജ് കോച്ചേരിപ്പിതാവ് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവിനെ പൊന്നാടയണിച്ച് അനുമോദനമേകുകയും അഭി. മാർ തോമസ് പാടിയത്ത്പിതാവു പൂച്ചെണ്ടു നൽകുകയും അഭി. മാർ തോമസ് തറയിൽപിതാവ് അതിരൂപതാകുടുംബത്തിനുവേണ്ടി ആശംസകൾ നേരുകയും ചെയ്തു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിവികാരി ഫാ. ചെറിയാൻ കറുകപ്പറമ്പിൽ സമ്മേളനനഗർ പരിചയപ്പെടുത്തി.

## ഉദ്ഘാടനം

തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് റൈറ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ പൊതുസമ്മേളനം ഉദ്ഘാടനംചെയ്തു. വിശ്വാസ പാരമ്പര്യവും ആരാധനക്രമപൈതൃകവും പ്രേഷിതതീക്ഷ്ണതയുമുള്ള, വളരെ സജീവമായ ഒരു പ്രാദേശികസഭയാണു ചങ്ങനാശ്ശേരി അതിരൂപത. ഒന്നാം സങ്കീർത്തനത്തിൽ വായിക്കുന്നതുപോലെ, 'ആറ്റുതീരത്തു വളരുന്ന വൃക്ഷം പോലെയാണ്' ചങ്ങനാശ്ശേരി അതിരൂപത. കാലത്തിന്റെ ഋതുഭേദങ്ങളിൽ വിശ്വാസത്തിന്റെ പച്ചപ്പും ഫലസമ്പന്നതയും നിലനിർത്തുകയും അതിൽ അനുസ്യൂതം വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന സഭയാണു നമ്മുടേത്. ദൈവത്തിനു നന്ദിയും സ്തുതിയും സ്തോത്രവും അർപ്പിക്കേണ്ട സന്ദർഭംകൂടിയാണ് ഈ ആഘോഷവേള. അതിരൂപതയാകുന്ന ഈ അമ്മ തന്റെ മക്കൾക്ക് എന്നും തണൽമരമായും ദൈവകൃപയുടെ നീർച്ചാലായും നിലകൊള്ളുന്നുയെന്ന് ഉദ്ബോധിപ്പിച്ച പിതാവു തിരിതെളിച്ചുകൊണ്ടു സമ്മേളനം ഉദ്ഘാടനംചെയ്തു. തുടർന്ന് അതിരൂപതയിലെ വലിയകുടുംബങ്ങളുടെ കൂട്ടായ്മയായ ഹോളി ഫാമിലി ഫ്രട്ടേണിറ്റിയുടെ ലോഗോപ്രകാശനവും അഭി. നെറ്റോപിതാവു നിർവഹിച്ചു.

## അതിരൂപതാദിനപ്രതിജ്ഞ

ഉദ്ഘാടനത്തിനുശേഷം 18 ഫൊറോനാ കൗൺസിൽ സെക്രട്ടറിമാർ പേപ്പൽ പതാക കൈകളിൽ വഹിച്ചുകൊണ്ടു വേദിക്കുമുന്നിൽ അണിനിരന്നപ്പോൾ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജയിംസ് പാലയ്ക്കൽ സമ്മേളനത്തിൽ പങ്കെടുത്തവർക്ക് അതിരൂപതാദിനപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## അധ്യക്ഷപ്രസംഗം

അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. നമ്മുടെ അതിരൂപതാദിനാഘോഷത്തിന്റെ ആപ്തവാക്യം 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്നതാണ്. നാമൊരു കുടുംബമാണ് എന്നചിന്ത ഒരനുഭവമായി മാറുമ്പോൾ ഈ ആഘോഷം അർഥവത്തായിത്തീരും. വ്യത്യസ്തമായ സ്വഭാവസവിശേഷതകളും വിദ്യാഭ്യാസ-ജീവിത-സാമ്പത്തികനിലവാരവുമുള്ള അംഗങ്ങൾ ഉൾക്കൊള്ളുന്ന വലിയ

കുടുംബമാണു നമ്മുടേത്. അതിരൂപതയിൽ നാമൊരു കുടുംബമാണ്; നമ്മൾ ഒരു സംതൃപ്തകുടുംബമായിത്തീരണം. നമുക്കു യഥാർഥമായ സംതൃപ്തിയും സമാധാനവും കൈവരുന്നതു ദൈവഹിതം നിറവേറ്റി ജീവിക്കാൻ നാം തയ്യാറാകുമ്പോഴാണ്. ആർക്കും എടുത്തുമാറ്റാൻ കഴിയാത്ത സമാധാനവും സന്തോഷവും സംതൃപ്തിയും നൽകുന്നതു കർത്താവാണ്; നാം സ്വന്തമാക്കേണ്ടത് അവയാണ്. അങ്ങനെയുള്ള സംതൃപ്തകുടുംബമായി നമ്മുടെ അതിരൂപത നിരന്തരം വളരട്ടെയെന്നാണ് എന്റെ ആഗ്രഹവും പ്രാർഥനയുമെന്ന് അധ്യക്ഷപ്രസംഗത്തിൽ അഭി. പിതാവു പറഞ്ഞു. അധ്യക്ഷപ്രസംഗത്തിന്റെ സമാപനത്തിൽ അഭി. പിതാവ് ഈ വർഷത്തെ എക്സലെൻസ് അവാർഡ് ജേതാക്കളായി തങ്കമ്മ ബേബി തയ്യിൽ (പോപ്പി അംബ്രല്ല മാർട്ട്, ആലപ്പുഴ), പരേതനായ ഡോ. സി.എ. ജോസഫ് ചെറുകര (മരണാനന്തരബഹുമതി) എന്നിവരുടെ പേരുകൾ പ്രഖ്യാപിച്ചു.

## മുഖ്യപ്രഭാഷണം

തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെന്റർ പ്രൊജക്റ്റ് ഡയറക്ടർ ടോമി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. തിരുവനന്തപുരം പേരൂർക്കട ലൂർദ്സ് ഹിൽ ഇടവകാംഗമായ അദേഹം നമ്മുടെ കുടുംബങ്ങളിൽ തുടരേണ്ട ക്രൈസ്തവമൂല്യബോധത്തെപ്പറ്റിയും നമ്മുടെ നാട്ടിൽതന്നെ തൊഴിൽ കണ്ടെത്തേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും സൂചിപ്പിച്ചു.

## എക്സലെൻസ് അവാർഡ്

അതിരൂപത നൽകുന്ന പരമോന്നത ബഹുമതിയായ എക്സലെൻസ് അവാർഡ് തങ്കമ്മ ബേബി തയ്യിൽ (പോപ്പി അംബ്രല്ല മാർട്ട്), പരേതനായ ഡോ. സി.എ. ജോസഫ് ചെറുകര (മരണാനന്തരബഹുമതി) എന്നിവർക്ക് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവു സമ്മാനിച്ചു.

## പ്രഖ്യാപനങ്ങൾ

അതിരൂപതയുടെ അജപാലനപരമായ ആവശ്യങ്ങൾ പരിഗണിച്ച് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവു രണ്ടുപ്രഖ്യാപനങ്ങളാണ് അതിരൂപതാദിനത്തിൽ നടത്തിയത്.

പെരുന്ന് ഈസ്റ്റ് സെന്റ് ആന്റണീസ് പള്ളിയെ അതിർത്തിതിരിഞ്ഞ കുരിശുപള്ളിയായി പ്രഖ്യാപിച്ചു; പ്രഥമവികാരി ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി.

ആലപ്പുഴ-കുമാരപുരം സെന്റ് മേരീസ് പള്ളിയെ അതിർത്തിതിരിഞ്ഞ കുരിശുപള്ളിയായി പ്രഖ്യാപിച്ചു; പ്രഥമവികാരി ഫാ. മാത്യു മുല്ലശ്ശേരി.

## പ്രത്യേകപുരസ്കാരങ്ങളും അംഗീകാരങ്ങളും

വിവിധതലങ്ങളിൽ അംഗീകാരത്തിനർഹരായ വ്യക്തികൾക്കും ഇടവകകൾക്കും മികച്ച പ്രവാസി അപ്പോസ്തലേറ്റ് ചാപ്റ്ററിനും അതിരൂപതാകുടുംബം ആദരവും അനുമോദനങ്ങളുമർപ്പിച്ചു. അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ ആദരവിനർഹരായവരെ സമ്മേളനത്തിൽ പരിചയപ്പെടുത്തി. അവരുടെ പേരും പുരസ്കാരത്തിന് അർഹമായ മേഖലയും താഴെക്കൊടുക്കുന്നു.

**ഡോ. പി.സി. അനിയൻകുഞ്ഞ് കോട്ടയിൽ, ഇത്തിത്താനം സെന്റ് മേരീസ്:** കെ.സി.ബി.സി. മതാധ്യാപക അവാർഡ്

**ജറ്റ്ലീ ജയിംസ് കാട്ടിപറമ്പിൽ, മുഹമ്മ സെന്റ് ജോർജ് ഫൊറോന:** ഇന്റർനാഷണൽ കിക്ക് ബോക്സിങ് മത്സരത്തിൽ വെങ്കലമെഡൽ

**മൈക്കിൾ സെബാസ്റ്റ്യൻ വെള്ളാംതോട്ടത്തിൽ, പുളിങ്കുന്ന് മേരീസ് ഫൊറോന:** ഏഷ്യ-പസഫിക് മാസ്റ്റേഴ്സ് ഗെയിംസിൽ ബാഡ്മിന്റൺ സിൽവർ-വെങ്കലമെഡലുകൾ

**മിനി എം. മാത്യു പന്തപ്ലാക്കിൽ, മാന്നാനം ടൽവ് അപ്പോസൽസ്:** സംസ്ഥാന അധ്യാപക അവാർഡ്

**ഡോ. അനിൽ സെബാസ്റ്റ്യൻ തൈപ്പറമ്പിൽ, കുറുമ്പനാടം അസംപ്ഷൻ:** മികച്ച കൃഷി ഓഫീസർക്കുള്ള സംസ്ഥാന അവാർഡ് രണ്ടാം സ്ഥാനം

**ആഷ്ലി ത്രേസ്യ പത്തുപറമ്പിൽ, പൂന്തോപ്പ് സെന്റ് ഫ്രാൻസിസ്:** സംസ്ഥാന സ്കൂൾ മീറ്റ് ത്രോ ഇനങ്ങളിൽ സ്വർണം - വെങ്കലമെഡലുകൾ.

**ആൻ റിയ വെള്ളക്കട, പങ്ങട സേക്രഡ് ഹാർട്ട്:** സംസ്ഥാന റോളർ സ്കേറ്റിങ് മത്സരത്തിൽ രണ്ടു വെള്ളിമെഡലുകൾ

ഇടവകകൾ തയ്യാറാക്കിയ പാരിഷ് ബുള്ളറ്റിൻ, പാരിഷ് ഡയറക്ടറി എന്നിവയിൽ മികച്ചനിലവാരം പുലർത്തിയവയ്ക്കു കുടുംബങ്ങളുടെ എണ്ണമനുസരിച്ചു സമ്മാനങ്ങൾ നൽകി.

**പാരിഷ് ബുള്ളറ്റിൻ**

ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിങ് (ഒന്നാം സ്ഥാനം- 500നു മുകളിൽ കുടുംബങ്ങൾ)

പൊടിപ്പാറ ഹോളി ഫാമിലി (രണ്ടാം സ്ഥാനം- 500നു മുകളിൽ കുടുംബങ്ങൾ)

ചേപ്പുംപാറ മാർത്ത് മറിയം (ഒന്നാം സ്ഥാനം- 500ൽ താഴെ കുടുംബങ്ങൾ)

കുമരകം ഹോളി ഫാമിലി (രണ്ടാം സ്ഥാനം- 500ൽ താഴെ കുടുംബങ്ങൾ)

**പാരിഷ് ഡയറക്ടറി**

തെള്ളകം സെന്റ് ജോസഫ്സ് (ഒന്നാം സ്ഥാനം- 500നു മുകളിൽ കുടുംബങ്ങൾ)

ഫാത്തിമാപുരം ഫാത്തിമ മാതാ (രണ്ടാം സ്ഥാനം- 500നു മുകളിൽ കുടുംബങ്ങൾ)

കണ്ണാടി സെന്റ് ജോസഫ്സ് (500ൽ താഴെ കുടുംബങ്ങൾ)

**മികച്ച പ്രവാസി അപ്പോസ്തലേറ്റ് ചാപ്റ്റർ**

യു.എ.ഇ. ചാപ്റ്റർ

## ഇതരപരിപാടികൾ

അതിരൂപതാ എക്സലെൻസ് അവാർഡ് ജേതാക്കളായ തങ്കമ്മ ബേബി തയ്യിലിനുവേണ്ടി ജനറൽ മാനേജർ ആന്റണി ഐസക്കും പരേതനായ ഡോ. സി.എ. ജോസഫ് ചെറുകരയ്ക്കുവേണ്ടി ഭാര്യ എൽസമ്മ ജോസഫും മറുപടി പ്രസംഗങ്ങൾ നടത്തി. അഭി. മാർ ജോർജ് കോച്ചേരി, അഭി. മാർ തോമസ് പാടിയത്ത്, എം.എൽ.എഫ്. സന്യാസിനിസമൂഹത്തിന്റെ മദർ ജനറൽ സി. മെർലിൻ, യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ്

ലിന്റ ജോഷി, പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ബിജു സെബാസ്റ്റ്യൻ എന്നിവർ ആശംസകളർപ്പിച്ചു.

കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിലെ സൺഡേസ്കൂൾ വിദ്യാർഥിനികൾ സംഘനൃത്തം അവതരിപ്പിച്ചു. 139-ാമത് അതിരൂപതാദിനം സംബന്ധിച്ചുള്ള പ്രഖ്യാപനം അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവു നിർവഹിച്ചു. ആതിഥേയത്വം വഹിക്കുന്ന ചങ്ങനാശ്ശേരി ഫൊറോനയെ പ്രതിനിധീകരിച്ചു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിവികാരി ഫാ. ജോസ് കൊച്ചുപറമ്പിലും ഫൊറോനയിലെ മറ്റുവൈദികരും പ്രതിനിധികളും അതിരൂപതാദിനപതാക ഏറ്റുവാങ്ങി. കോഡിനേറ്റർ ഫാ. ജോൺ വടക്കേകളം ഏവർക്കും നന്ദിപറഞ്ഞു. ഗായകസംഘം സീറോമലബാർസഭാ ആന്തവും ദേശീയഗാനവും ആലപിച്ചു. സ്നേഹവിരുന്നോടെ 138-ാമത് അതിരൂപതാദിനസമ്മേളനം പര്യവസാനിച്ചു.

138-ാമത് അതിരൂപതാദിനാഘോഷങ്ങൾക്കു ജനറൽ കൺവീനർ അഭി. മാർ തോമസ് തറയിൽ, അതിരൂപതാ സിഞ്ചെള്ളൂസുമാരായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, വെരി റവ. ഫാ. ജയിംസ് പാലയ്ക്കൽ, വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ, കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി വികാരി ഫാ. ചെറിയാൻ കറുകപ്പറമ്പിൽ, അതിരൂപതാ ചാൻസലർ വെരി റവ. ഫാ. ഐസക് ആലഞ്ചേരി, അതിരൂപതാ പ്രൊക്യുറേറ്റർ വെരി റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ്, അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ എന്നിവർ നേതൃത്വം നൽകി.

അതിരൂപതാദിന കോഡിനേറ്റേഴ്സ്<br>
**ഫാ. ജോൺ വടക്കേകളം**<br>
**ഫാ. ജോസഫ് കിഴക്കേമുറി**<br>
**ഫാ. ആന്റണി ആനക്കല്ലുങ്കൽ**

■

# 138–ാമത് അതിരൂപതാദിന
# എക്സലെൻസ് അവാർഡ്

**തങ്കമ്മ ബേബിക്കും പരേതനായ സി.എ. ജോസഫ് ചെറുകരയ്ക്കും**

## തങ്കമ്മ ബേബി തയ്യിൽ

ആലപ്പുഴ പോപ്പി അംബ്രല്ല മാർട്ടിന്റെ അമരക്കാരിയാണ് തങ്കമ്മ ബേബി. അതിരൂപതയുടെ ആലപ്പുഴ-പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാപ്പള്ളിയിലെ തയ്യിൽ കുടുംബാംഗം. 'സെന്റ് ജോർജ് ബേബി' എന്നറിയപ്പെട്ടിരുന്ന റ്റി.വി. സ്കറിയയാണ് ഈ സംരംഭത്തിന്റെ തുടക്കക്കാരൻ. അദ്ദേഹത്തിന്റെ നിര്യാണത്തെത്തുടർന്നു സഹധർമിണിയായ തങ്കമ്മ ബേബി ഈ സംരംഭത്തിനു ചുക്കാൻപിടിക്കുന്നു.

മലയാളിക്കു സുപരിചിതമായ ഉത്പന്നമാണ് പോപ്പി കുടകൾ. നൂതന സാങ്കേതികവിദ്യകളെ ആശ്രയിച്ചു ഫൈവ് ഫോൾഡ് കുട മുതൽ ബ്ലൂടൂത്ത് കണക്റ്റിവിറ്റിയും ഫാനുമുള്ള കുടകൾ വരെയുള്ള ഉത്പന്നങ്ങൾ ഈ സംരംഭം വിപണിയിലിറക്കി വിജയിച്ചു.

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ച ലോകത്തിലെ ആദ്യകുടനിർമാണ സ്ഥാപനം. ഭാരതീയ ഉദ്യോഗ് ജ്യോതി അവാർഡ്, ഉദ്യോഗ് രത്തൻ അവാർഡ്, രാജീവ് ഗാന്ധി നാഷണൽ ക്വാളിറ്റി അവാർഡ്, ദീപിക ബിസിനസ് അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ നാളിതുവരെ കരസ്ഥമാക്കി.

തൊഴിൽരംഗത്തു ക്രിസ്തീയമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു മാതൃകാപരമായും സമർപ്പണത്തോടുംകൂടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. നിരവധി ആളുകൾക്കു തൊഴിൽ നൽകുന്ന സംരംഭം. തൊഴിലാളികളിൽ നൂറ്റമ്പതിലധികം പേർ മലയാളികളാണ്. കഴിഞ്ഞ സാമ്പത്തികവർഷം ജീവകാരുണ്യപ്രവർത്തനങ്ങൾക്കുവേണ്ടി 25 ലക്ഷത്തിലധികം രൂപ ഈ സ്ഥാപനം ചിലവഴിച്ചു.

സംരംഭകമേഖലയിൽ ഉന്നതനിലവാരത്തോടെ മാതൃകാപരമായി പ്രവർത്തിക്കുന്ന പോപ്പി അംബ്രല്ല മാർട്ടിന്റെ അമരക്കാരിയായ തങ്കമ്മ ബേബിക്ക് 138-ാമത് അതിരൂപതാദിനത്തിൽ അതിരൂപതാ എക്സലെൻസ് അവാർഡ് നൽകി ആദരിച്ചു. സ്ഥാപനത്തിന്റെ ജനറൽ മാനേജർ ആന്റണി ഐസക് അവാർഡ് ഏറ്റുവാങ്ങി.

## ഡോ. സി.എ. ജോസഫ് ചെറുകര

അതിരൂപതയിലെ പാറേൽ സെന്റ് മേരീസ് ഇടവകാംഗം. കേരള സർവ കലാശാലയിൽ ബി.എസ്.സി. അഗ്രികൾച്ചർ ആദ്യബാച്ചിലെ ഒന്നാം റാങ്കു കാരൻ. കോയമ്പത്തൂർ കാർഷികസർവകലാശാലയിൽനിന്നും എം.എസ്.സി. അഗ്രികൾച്ചർ ഒന്നാം റാങ്ക് ജേതാവ്. അക്കാഡമിക് രംഗത്തും സർവീസ് രംഗത്തും അറിയപ്പെട്ടിരുന്ന കൃഷിശാസ്ത്രജ്ഞൻ.

കേന്ദ്രസർക്കാരിന്റെ എമിനെന്റ് റൈസ് സയന്റിസ്റ്റ്, ഇന്ത്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് റൈസ് റിസേർച്ച് പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.

നെൽകർഷകർക്കു കൈത്താങ്ങായിരുന്ന ഈ ഗവേഷകന്റെ പേര് അരിമണിയിൽ എഴുതിച്ചേർക്കപ്പെട്ടിട്ടുള്ളതാണ്. അന്നപൂർണ, ഉമ, പവിഴം, രേവതി, മകം തുടങ്ങി 17 നെല്ലിനങ്ങൾ ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്തു.

1983–1995 കാലയളവിൽ മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രം മേധാവിയാ യിരുന്നു. കുട്ടനാടിന്റെ പരിസ്ഥിതിയ്ക്കും സാഹചര്യത്തിനും ഇണങ്ങുന്ന നെൽവിത്തുകൾ ഉത്പാദിപ്പിക്കുന്നതിനും സംയോജിതരോഗകീടനിയന്ത്രണ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും മുൻകൈയെടുത്തു പ്രവർത്തിച്ച ഈ പ്രതിഭയെ കേരളസമൂഹത്തിനു പ്രത്യേകിച്ചു കുട്ടനാട്ടുകാർക്കു മറ ക്കാൻ സാധിക്കില്ല.

1995ൽ വിരമിച്ചശേഷമുള്ള വർഷങ്ങളിൽ ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അഡ്വൈസറി ബോർഡ് അംഗമായി പ്രവർത്തിച്ചു. 2024 മാർച്ച് 22ന് അദ്ദേഹം പരലോകപ്രാപ്തനായി.

കാർഷികരംഗത്തെ വലിയവളർച്ചയ്ക്കു നേതൃത്വംനൽകിയ ദീർഘദർശി യായ ഈ കൃഷിശാസ്ത്രജ്ഞനെ 138–ാമത് അതിരൂപതാദിനത്തിൽ മരണാ നന്തരബഹുമതിയായി അതിരൂപതാ എക്സലെൻസ് അവാർഡ് നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ പത്നി എൽസമ്മ ജോസഫ് ചെറുകര അവാർഡ് ഏറ്റുവാങ്ങി.

■

# ജീവകാരുണ്യപ്രവർത്തനറിപ്പോർട്ട് 2023-2024

അതിരൂപതയിലെ ഇടവകകളും സമർപ്പിതസമൂഹങ്ങളും പ്രസ്ഥാനങ്ങളും പ്രധാനപ്പെട്ട സ്ഥാപനങ്ങളും 2023–2024 സാമ്പത്തികവർഷത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ചിലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| INSTITUTIONS, ASSOCIATIONS & CENTRES | Amount Spent |
|---|---|
| Archbishop House | 17112347.00 |
| ATMATA Kendram | 1582500.00 |
| Charity World Trust | 11000000.00 |
| CHASS | 7217171.00 |
| St. Thomas Hospital, Chethipuzha | 80715524.00 |
| Colour A Dream | 18000000.00 |
| Colour A Home | 26200000.00 |
| Colour A Home Jubilee | 10000000.00 |
| Corporate Management of Schools | 7400663.00 |
| Family Apostolate | 2150750.00 |
| Fr. Sebastian Kunnath Trust | 1200000.00 |
| Kerala Labour Movement (KLM) | 4540000.00 |
| Media Village, Kurisummood | 1212513.00 |
| Sahrudaya Hospital, Alappuzha-Thathampally | 10233357.00 |
| St. Berchmans College, Changanacherry | 75900.00 |
| St. Joseph Orphanage Press & Bookstall, Changanacherry | 717276.00 |
| Vincent De Paul Society | 54861377.00 |
| Zion Retreat Centre, Kunnamthanam | 70000.00 |
| **Total** | **254289378.00** |

| RELIGIOUS COMMUNITIES | Amount Spent |
|---|---|
| Medical Mission Sisters (MMS) | 431160.00 |
| Missionaries of the Little Flower (MLF) | 1527122.00 |
| Daughters of St. Joseph (DSJ) | 784150.00 |
| Apostolic Sisters of Mary Immaculate (ASMI) | 2101070.00 |
| Little Workers of the Sacred Heart (LWSH) | 1550000.00 |
| Franciscan Clarist Congregation (FCC) | 3527564.00 |
| Sisters of the Adoration of the Blessed Sacrament (SABS) | 6755196.00 |
| Congregation of the Mother of Carmel (CMC) | 15383330.00 |
| Sacred Heart Congregation (SH) | 6916450.00 |
| **Total** | **38976042.00** |

*(To be continued...)*

# പാസ്റ്ററൽ കൗൺസിൽ

## പതിനാറാമതു പാസ്റ്ററൽ കൗൺസിലിന്റെ ആദ്യപൊതുസമ്മേളനറിപ്പോർട്ട്

പതിനാറാമതു പാസ്റ്ററൽ കൗൺസിലിന്റെ ആദ്യത്തെ പൊതുസമ്മേളനം മെയ് ഒന്നിനു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ നടത്തപ്പെട്ടു. 53% അംഗങ്ങൾ പങ്കെടുത്ത ഈ യോഗത്തിൽ 'യുവജന പ്രേഷിതത്വവും എയ്ഡഡ് വിദ്യാഭ്യാസരംഗത്തെ മാറുന്ന സാഹചര്യങ്ങളും' ചർച്ചയ്ക്കു വിഷയമായി. സി. പ്രസന്ന സി.എം.സി. നയിച്ച പ്രാർഥനയോടെ ആരംഭിച്ച യോഗത്തിൽ അഭി. തോമസ് തറയിൽപിതാവു സ്വാഗതമാശംസിച്ചു. പാസ്റ്ററൽ കൗൺസിലംഗങ്ങൾ കാലത്തിന്റെ വെല്ലുവിളികളെയും സമുദായം നേരിടുന്ന പ്രതിസന്ധികളെയും തിരിച്ചറിഞ്ഞു ജാഗ്രതയോടും കരുതലോടും കൂടെ മുന്നേറണമെന്നു പിതാവ് ഓർമിപ്പിച്ചു. പഠനവിഷയമായി തെരഞ്ഞെടുത്തിരിക്കുന്ന *യുവജനപ്രേഷിതത്വം, എയ്ഡഡ് വിദ്യാഭ്യാസമേഖല നേരിടുന്ന പ്രതിസന്ധികൾ* എന്നിവയിൽ ഫലപ്രദമായ ചർച്ചകൾ നടക്കണമെന്നും ചർച്ച കൊണ്ടവസാനിക്കാതെ ക്രിയാത്മകമായ നടപടികളിലേക്കു കടക്കാനുതകണമെന്നും പിതാവു കൂട്ടിച്ചേർത്തു. മാറ്റാനാവാത്തതിനെയോർത്തു വിലപിക്കാതെ യുവജനങ്ങളെ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരാക്കുകയും സഭയോടൊത്തു സഞ്ചരിക്കാൻ സുസ്സജ്ജരാക്കുകയും ചെയ്യുകയെന്നതായിരിക്കണം നമ്മുടെ ലക്ഷ്യമെന്നും പിതാവു പറഞ്ഞു. കമ്മാളർ വിഭാഗത്തിൽനിന്ന് ആദ്യമായി പാസ്റ്ററൽ കൗൺസിലംഗമായി തെരഞ്ഞെടുക്കപ്പെട്ട വേദമാണിക്യത്തെ അഭി. പിതാവു പ്രത്യേകം സ്വാഗതംചെയ്തു.

തുടർന്ന്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ് പാസ്റ്ററൽ കൗൺസിൽ ത്രിദിനക്യാമ്പിന്റെ *(ഇടയനോടൊപ്പം 2024)* റിപ്പോർട്ട് അവതരിപ്പിച്ചു. ദീപിക ദിനപ്പത്രത്തോടുള്ള നമ്മുടെ പ്രതിബദ്ധത ഉറപ്പിക്കുന്നതിന്റെ ഭാഗമായി പതിനാറാമതു പാസ്റ്ററൽ കൗൺസിൽ നടത്തിയ ശ്രമങ്ങളെക്കുറിച്ചു സെക്രട്ടറി സംസാരിച്ചു. 41 ദീപിക ഇ-പേപ്പറും 10 പ്രിന്റ് എഡിഷനും കൗൺസിലംഗങ്ങൾ സബ്സ്ക്രൈബ് ചെയ്തുവെന്നും അറിയിച്ചു. കമ്മിറ്റിയോഗങ്ങളിൽ അംഗങ്ങളുടെ പങ്കാളിത്തം ശരാശരി 50% മാത്രമാകുന്നത് ആകുലപ്പെടുത്തുന്നതാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. 138-ാമത് അതിരൂപതാദിനാചരണത്തെക്കുറിച്ചു കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിവികാരി കറുകപ്പറമ്പിൽ ചെറിയാൻ അച്ചൻ സംസാരിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ പൂർണമായ സഹകരണവും സാന്നിധ്യവും പിന്തുണയും അച്ചൻ അഭ്യർഥിച്ചു.

അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത തീക്ഷ്ണമായ പ്രേഷിതാഭിമുഖ്യം ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. ഇറ്റാവാ മിഷന്റെ സുവർണജൂബിലിവർഷാചരണത്തെക്കുറിച്ചു സംസാരിക്കവെയാണു പിതാവു സഭയുടെ പ്രേഷിതമാനം നമ്മുടെ സ്വത്വബോധത്തിന്റെ ഭാഗമാകണമെന്നാവശ്യപ്പെട്ടത്. സേഫ് സോണുകളിൽ

സുവിശേഷം പറയുന്ന നാമമാത്രക്രിസ്ത്യാനികളായാൽ മാത്രം പോര, ഈ ബഹുസ്വരസമൂഹത്തിൽ ക്രൈസ്തവമൂല്യങ്ങൾ കുറവില്ലാതെ ജീവിക്കാനും പ്രചരിപ്പിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നുയെന്നതു നാം മറക്കരുതെന്നും ആവശ്യപ്പെട്ടു. പാസ്റ്ററൽ കൗൺസിലംഗങ്ങൾ വ്യക്തികൾ മാത്രമല്ല ഏതെങ്കിലും പ്രസ്ഥാനത്തിന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ പ്രതിനിധിയാണ് എന്നകാരണ ത്താൽ ഏതൊരു അംഗത്തിന്റെയും അസാന്നിധ്യം ഒരു സമൂഹത്തിന്റെതന്നെ അസാന്നിധ്യമായി മാറുമെന്ന് അഭി. പിതാവ് ഓർമിപ്പിച്ചു. ഉത്തരവാദിത്വപൂർണ മായ സഭാപ്രവർത്തനം നമ്മുടെ ദൗത്യമാണെന്നും ഇതിൽ വിട്ടുവീഴ്ചയി ല്ലാത്ത നിലപാട് ഓരോരുത്തരും ഗൗരവമായി സ്വീകരിക്കണമെന്നും പിതാവ് കൂട്ടിച്ചേർത്തു. നിസ്സംഗതയോടും അലംഭാവത്തോടുംകൂടി പ്രവർത്തിക്കുവാൻ പാസ്റ്ററൽ കൗൺസിലംഗങ്ങൾക്ക് അവകാശമില്ലായെന്ന ബോധ്യം നമ്മിൽ വള രണമെന്നും അഭി. പിതാവു പറഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളെക്കു റിച്ച് ആഴത്തിലുള്ള പഠനവും പരിചിന്തനവും വേണം, കൂട്ടായെത്തിച്ചേരുന്ന കണ്ടെത്തലുകളും തീരുമാനങ്ങളും കൃത്യമായി, നിർദേശങ്ങളായി അതാതു വേദികളിലെത്തിക്കാൻ നിഷ്കർഷ വേണമെന്നും അഭി. പിതാവ് ആവശ്യപ്പെട്ടു. യുവജനപ്രേഷിതത്വം, യുവജന കുടിയേറ്റം, യുവാക്കളുടെ വിശ്വാസപരിശീലനം എന്നിവയിൽ സഭ അതീവജാഗ്രതയോടും താത്പര്യത്തോടുംകൂടി ഇടപെടുന്നു. പക്ഷേ, കാലഘട്ടത്തിന്റെ പ്രവണതകൾ നമ്മുടെ പ്രവർത്തനങ്ങൾ പര്യാപ്ത മല്ലാതാക്കുന്നുയെന്ന അവസ്ഥയുണ്ടെങ്കിൽ കൂടുതൽ അവധാനതയോടെ ഈ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യണമെന്നും അഭി. പിതാവ് ഓർമിപ്പിച്ചു.

*യുവജന കുടിയേറ്റം: വെല്ലുവിളികളും സാധ്യതകളും* എന്നവിഷയത്തിൽ മുരിയൻകാവുങ്കൽ ഡൊമിനിക് അച്ചൻ മുഖ്യപ്രഭാഷണം നടത്തി. കുടിയേറ്റം ഉയർത്തുന്ന വെല്ലുവിളികൾ, പ്രശ്നപരിഹാരമാർഗങ്ങളും കുടിയേറ്റം നൽകുന്ന അവസരങ്ങളും, കുടിയേറ്റത്തെ വിജയകരമായി കൈകാര്യം ചെയ്ത ഇസ്രാ യേൽ മോഡൽ എന്നിങ്ങനെ മൂന്നുഭാഗങ്ങളിലായി അച്ചൻ വിഷയാവതരണം നടത്തി. തുടർന്നുനടന്ന ചർച്ചയിൽ ഉയർന്നുവന്ന സംശയങ്ങൾക്കു മുര്യങ്കാ വുങ്കൽ അച്ചൻ മറുപടി നൽകി. തൊഴിലവസരങ്ങൾ തേടിയുള്ള കുടിയേറ്റം തടയാനാവില്ലായെങ്കിലും പ്ലസ് ടുവിനുശേഷമുള്ള വിദേശഡിഗ്രിവിദ്യാഭ്യാസം തേടിയുള്ള ഒഴുക്ക് ഒരുപരിധിവരെ തടയേണ്ടതുതന്നെയെന്നതായിരുന്നു പൊതുഅഭിപ്രായം. യുവജനങ്ങളുടെ ഒഴുക്കുമൂലം അവർ സ്വയം നേരിടുന്ന പ്രതിസന്ധികളും നാട്ടിൽ അവശേഷിപ്പിച്ചു പോകുന്നവർ നേരിടുന്ന പ്രശ്ന ങ്ങളും ചർച്ചയ്ക്കു വിഷയമായി. സഭയെയും സമൂഹത്തെയും പൊതുവായി ബാധിക്കുന്നതും ഒരു സാംസ്കാരികവിച്ഛേദത്തിലേക്കു നയിക്കുന്നതുമായ കുടിയേറ്റം ഏല്പിക്കുന്ന ആഘാതം കണ്ടില്ലായെന്നുവെക്കാനാവില്ല. ലോകോ ത്തരവിദ്യാഭ്യാസവും തൊഴിലവസരങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ടതാണ്; സംരംഭകത്വം പ്രോത്സാഹിപ്പിക്കപ്പെടണം; അനിശ്ചിതത്വങ്ങളെ കൂട്ടായി തരണം ചെയ്യാൻ ശ്രമിക്കണമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. പൊതുചർച്ചയിൽ എയ്ഡഡ് വിദ്യാഭ്യാസമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണു പ്രധാന

മായും ചർച്ച ചെയ്യപ്പെട്ടത് - (1) എയ്ഡഡ് സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുവാൻ ഇടവകതലം മുതൽ ചെയ്യേണ്ട കാര്യങ്ങൾ, (2) നമ്മുടെ സ്കൂളുകളിലെ കരിക്കുലർ, എക്സ്ട്ര കരിക്കുലർ, കോ-കരിക്കുലർ പ്രവർത്ത നങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടോ? ഇവ ആകർഷകമാക്കാൻ സഹായകമായ കാര്യങ്ങൾ പങ്കുവെക്കുക. (3) ക്രിസ്തീയമൂല്യങ്ങൾ വർധിപ്പിക്കുന്നതിൽ സ്കൂളുകളുടെ പ്രവർത്തനം തൃപ്തികരമാണോ? ആവശ്യമുള്ള കാര്യങ്ങൾ നിർദേശിക്കുക. ഈ വിഷയങ്ങൾ രണ്ടും ശാസ്ത്രീയമായി പഠിച്ചു വിശക ലനം ചെയ്യേണ്ടതാണെന്നും രണ്ടുവിഷയങ്ങളിലും രാഷ്ട്രീയനിലപാടുകൾ സുപ്രധാനമാണെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും പഠനനിലവാരം ഉയരണമെന്നും പൊതുവായി സംസാരിച്ചവരൊക്കെ നിരീക്ഷിച്ചു. ആദ്യഘട്ടം എന്നനിലയിൽ വിശദമായ പഠനം നടക്കണമെന്നും അഭിപ്രായമുയർന്നു. 4 വർഷത്തെ ഡിഗ്രിപ്രോഗ്രാമുകൾ ആരംഭിക്കുന്ന അധ്യയനവർഷം എന്നനിലയിൽ കോളേജുവിദ്യാഭ്യാസരംഗവും വലിയമാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും അഭിപ്രായം ഉയർന്നു. ജാഗ്രതയോടും അവധാനതയോടും കൂടെ തയ്യാറെടുപ്പുകൾ നടത്തി നാഷണൽ എജ്യുക്കേഷൻ പോളിസിയുടെ പശ്ചാത്തലത്തിൽ നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ ഈ മാറ്റങ്ങൾക്കു തയ്യാറാക്കുകയെന്നതും എല്ലാവരുടെയും ദൗത്യമാണ് എന്നതാ യിരുന്നു പൊതുവായുള്ള അഭിപ്രായം.

തുടർന്ന് 4 പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു. കത്തോലിക്കാസഭ നേരി ടുന്ന വിവേചനവും വർധിച്ചുവരുന്ന ന്യൂനപക്ഷാവകാശലംഘനവും തകരുന്ന മതസൗഹാർദാന്തരീക്ഷവും വിഭജനരാഷ്ട്രീയത്തെക്കുറിച്ചുള്ള ആശങ്കയും പങ്കുവെക്കുന്ന ആദ്യപ്രമേയം ഡോ. റെജിമോൾ സി. ചെറിയാനും കേരള ത്തിലെ എയ്ഡഡ് വിദ്യാഭ്യാസമേഖല നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചുള്ള കൗൺസിലിന്റെ ഉത്കണ്ഠ പ്രമേയമായി സബീഷ് വർഗീസ് നെടുംപറമ്പിലും അവതരിപ്പിച്ചു. 'പരിസ്ഥിതിലോലമേഖല' വിഷയത്തിൽ മനുഷ്യസൗഹാർദ പരമായ നിലപാടുകളുണ്ടാകണമെന്നും മനുഷ്യജീവനു ഭീഷണിയാകുന്ന വന്യ ജീവിപ്രശ്നത്തിൽ അടിയന്തരമായ ഇടപെടൽ ആവശ്യപ്പെടുന്നതുമായ പ്രമേയം ആന്റണി ആറിൽചിറയും ക്രൈസ്തവരുടെ പിന്നാക്കാവസ്ഥയെപ്പറ്റി പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ടിലെ നിർദേ ശങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ബേബി വട്ടക്കരയും അവതരിപ്പിച്ചു.

പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ബിജു സെബാസ്റ്റ്യൻ നന്ദി പ്രകാശിപ്പിച്ചു. അഭി. ജോസഫ് പെരുന്തോട്ടംപിതാവിന്റെ ശ്ലൈഹികാശീർവാദ ത്തോടെ യോഗം സമാപിച്ചു.

**പ്രൊഫ. പി.വി. ജറോം**
**ബിജു സെബാസ്റ്റ്യൻ**
*(ജോയിന്റ് സെക്രട്ടറീസ്)*

**ഡോ. രേഖ മാത്യൂസ്**
*(സെക്രട്ടറി)*

■

# പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി

## രജതജൂബിലി ഉദ്ഘാടനം

അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെ രജതജൂബിലി ഉദ്ഘാടനം ഏപ്രിൽ 10ന് അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിർവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ അധ്യക്ഷത വഹിച്ചു. മുൻ സിഞ്ചെള്ളൂസ് ഫാ. ജോസ് പി. കൊട്ടാരം അനുഭവങ്ങൾ പങ്കുവെച്ചു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിവികാരി ഫാ. മാണി പുതിയിടം ക്ലാസ്സ് നയിച്ചു. ജാഗ്രതാസമിതി ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ്, മുൻ പി.ആർ.ഒ. ജെ.സി. മാടപ്പാട്ട്, ജാഗ്രതാസമിതി അസി. ഡയറക്ടർ ഫാ. വർഗീസ് മൂന്നുപറയിൽ തുടങ്ങിയവർ പ്രസംഗിച്ചു. മുൻ പബ്ലിക് റിലേഷൻസ് ഓഫീസർമാർ, ജാഗ്രതാസമിതിയുടെ ആദ്യകാലം മുതൽ ഇപ്പോൾ വരെയുള്ള അംഗങ്ങൾ, സംഘടനാപ്രതിനിധികൾ, ഫൊറോനാ കൗൺസിൽ സെക്രട്ടറിമാർ, ഫൊറോനാ ജാഗ്രതാസമിതി കൺവീനർമാർ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ജൂബിലിവർഷത്തിൽ സമിതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന കർമപരിപാടികൾ ഡയറക്ടർ യോഗത്തെ അറിയിച്ചു.

## അതിരൂപതാദിനാചരണം

കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ട 138-ാമത് അതിരൂപതാദിനത്തിന്റെ ക്രമീകരണങ്ങൾക്കു പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി സജീവപങ്കാളിത്തം നൽകി. അതിരൂപതാദിനത്തിൽ നൽകുന്ന ആദരവുകൾ, അവാർഡുകൾ എന്നിവയുടെ ക്രമീകരണങ്ങൾക്കു സമിതിയുടെ സഹകരണമുണ്ടായിരുന്നു. വാർഷികവാർത്താപത്രികയായ ന്യൂസ് & വ്യൂസ് പുറത്തിറക്കി. അതിരൂപതാദിനത്തോടനുബന്ധിച്ചു കോട്ടയം പ്രസ്സ് ക്ലബ്ബിൽ പ്രസ്സ് മീറ്റ് നടത്തുകയും പ്രസ്സ് റിലീസ് പുറത്തിറക്കുകയും ചെയ്തു.

## ജാഗ്രതാ ടോക്സ്

പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി അതിരൂപതയുടെ യൂട്യൂബ് ചാനലായ MAC TV യിൽ മാർച്ചുമാസത്തിൽ *ജാഗ്രതാ ടോക്സ്* എന്നപേരിൽ സമുദായ പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് അഭിമുഖപരിപാടിയാരംഭിച്ചു. ഇപ്പോൾ 4 എപ്പിസോഡുകൾ പൂർത്തിയാക്കി.

**ഫാ. വർഗീസ് മൂന്നുപറയിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*

**അഡ്വ. ജോജി ചിറയിൽ**
*(പി.ആർ.ഒ.)*

■

# സന്ദേശനിലയം

പ്രിയമുള്ളവരേ,

പന്തക്കുസ്തത്തിരുന്നാൾദിനത്തിൽ പരിശുദ്ധ റൂഹായിൽനിന്നും ശക്തി സംഭരിച്ചു പുതിയ വിശ്വാസപരിശീലനവർഷത്തിനു തുടക്കംകുറിച്ചിരിക്കുകയാണ്. *ദൈവവചനം ഹൃദയത്തിലും ജീവിതത്തിലും* എന്നതാണ് ഈ വർഷത്തെ പഠനവിഷയം. ദൈവവചനത്തിന് അനുസൃതമായ മനോഭാവം സ്വന്തമാക്കാനും ജീവിതരീതി അഭ്യസിക്കാനും ഈ വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിലൂടെ പരിശ്രമിക്കാം. മനുഷ്യരൂപത്തിൽ നമ്മുടെയിടയിൽ വസിച്ച വചനമായ മ്ശിഹായെ മാതൃകയാക്കാം. ദൈവവും കർത്താവുമായി അവിടുത്തെ ഏറ്റുപറയാം. ദൈവാനുഗ്രഹപ്രദമായ വിശ്വാസപരിശീലനവർഷം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജൂൺ**

01 ശനി : **മതാധ്യാപക നേതൃസംഗമം**, വി. ജസ്റ്റിൻ
02 ഞായർ : ശ്ലീഹാ മൂന്നാം ഞായർ
**മതബോധനക്ലാസ്സുകളുടെ ആരംഭം**: ക്ലാസ്സ്- 1
ധന്യൻ മാർ തോമസ് കുര്യാളശ്ശേരി
08 ശനി : മാർ അപ്രേം, മാർത്ത് മറിയം ത്രേസ്യ
**മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം**
09 ഞായർ : ശ്ലീഹാ നാലാം ഞായർ ക്ലാസ്സ്- 2
13 വ്യാഴം : പാദുവായിലെ വി. അന്തോനീസ്
16 ഞായർ : ശ്ലീഹാ അഞ്ചാം ഞായർ ക്ലാസ്സ്- 3
23 ഞായർ : ശ്ലീഹാ ആറാം ഞായർ ക്ലാസ്സ്- 4
24 തിങ്കൾ : യോഹന്നാൻ മാംദാനയുടെ ജനനം
28 വെള്ളി : മാർ ഇരണേവൂസ്
29 ശനി : മാർ കേപ്പാ, പൗലോസ് ശ്ലീഹന്മാർ *(കടമുള്ള ദിവസം)*
30 ഞായർ : ശ്ലീഹാ ഏഴാം ഞായർ ക്ലാസ്സ്- 5

**ജൂലൈ**

03 ബുധൻ : **ദുക്റാനത്തിരുനാൾ, അതിരൂപതാ മതാധ്യാപകദിനം, സഭാദിനം** *(കടമുള്ള ദിവസം, ഓഫീസ് അവധി)*
06 ശനി : സി.എൽ.റ്റി., എം.സി.സി. കോഴ്സുകളുടെ ആപ്ലിക്കേഷൻ സമർപ്പിക്കേണ്ട അവസാനതീയതി

**കൈത്താക്കാലം**

07 ഞായർ : കൈത്താ ഒന്നാം ഞായർ ക്ലാസ്സ്- 6

12 വെള്ളി : നിസിബിസിലെ മാർ യാക്കോബ്

13 ശനി : സി.എൽ.റ്റി., എം.സി.സി. കോഴ്സ് പുതിയ ബാച്ചിന്റെ ഉദ്ഘാടനം

## സർട്ടിഫിക്കറ്റുകളുടെ വിതരണം

2023-2024 മതബോധനവർഷത്തെ 10, 12 ക്ലാസ്സുകളിലെ സൺഡേസ്കൂൾ കുട്ടികളുടെ സർട്ടിഫിക്കറ്റ് വിതരണം സുഗമമായി നടത്താൻ ഉതകുന്നതരത്തിൽ അവരുടെ പ്രൊഫൈൽ പൂരിപ്പിക്കുന്നതിനും ആവശ്യമായ രേഖകൾ സന്ദേശനിലയത്തിൽ സമർപ്പിക്കുന്നതിനും ദയവായി ശ്രദ്ധിക്കുക. മതിയായ രേഖകൾ സമർപ്പിച്ചു പത്തുദിവസങ്ങൾക്കുശേഷമേ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുകയുള്ളു.

## മതാധ്യാപകനേതൃസംഗമം

മതാധ്യാപകനേതൃസംഗമം **ജൂൺ 1** ശനിയാഴ്ച രാവിലെ 9.30ന് അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ സമാപിക്കുന്നു. ഫൊറോനാ ഓർഗനൈസർമാർ, സെക്രട്ടറിമാർ, എ.സി.സി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, സി.ആർ.റ്റി. അംഗങ്ങൾ, സ്റ്റാഫ് സെക്രട്ടറിമാർ എന്നിവരുടെ സാന്നിധ്യമുണ്ടാകേണ്ടതാണ്.

## ബി.സി.റ്റി. കോഴ്സ്

നവാഗതരായ അധ്യാപകർക്കായുള്ള ബി.സി.റ്റി. കോഴ്സിന്റെ അടുത്ത ബാച്ച് **ജൂൺ 15, 22, 29** തീയതികളിൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കു ജൂൺ 8 മുതൽ Ecos@Sandesൽ രജിസ്റ്റർ ചെയ്തു തുടങ്ങാം. രജിസ്ട്രേഷൻ സംബന്ധിച്ചുള്ള മറ്റുവിവരങ്ങൾ Ecos@Sandes പേജിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

## സി.എൽ.റ്റി. കോഴ്സ്

സി.എൽ.റ്റി. കോഴ്സിന്റെ പുതിയബാച്ച് **ജൂലൈ 13** ശനിയാഴ്ച ആരംഭിക്കുന്നു. എല്ലാ അധ്യാപകരും പ്രത്യേകിച്ച് എട്ടാം ക്ലാസ്സ് മുതൽ പഠിപ്പിക്കുന്നവരെല്ലാം സി.എൽ.റ്റി. പാസ്സായിരിക്കേണ്ടതാണ്. ജൂൺ 28 മുതൽ Ecos@Sandesൽ കോഴ്സിനു രജിസ്റ്റർ ചെയ്യാവുന്നതാണ്. *രജിസ്ട്രേഷനുള്ള അവസാനതീയതി: ജൂലൈ 6*

## 11-ാം ക്ലാസ്സ് പാഠപ്പുസ്തകപരിചയം

11-ാം ക്ലാസ്സിന്റെ പരിഷ്കരിച്ച പാഠപ്പുസ്തകപരിചയപ്പെടുത്തൽ **ജൂൺ 8** ശനിയാഴ്ച സന്ദേശനിലയത്തിൽ നടത്തപ്പെടുന്നു. ക്ലാസ്സിന്റെ ചാർജുള്ള അധ്യാപകർ ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## സ്ഥിതിവിവരക്കണക്ക്

2023–2024 വർഷത്തെ അധ്യാപകരുടെ സ്ഥിതിവിവരക്കണക്ക് Ecos@Sandes ൽ പൂർത്തിയാക്കുക. അതിന്റെ പ്രിന്റ് ഡയറക്ടർ അച്ചന്റെ ഒപ്പോടുകൂടി സന്ദേശ നിലയത്തിൽ **ജൂൺ മുപ്പതിനകം** നൽകേണ്ടതാണ്. ഈ വർഷം പുതുതായി വന്ന അധ്യാപകരെ ഇതിൽ ചേർക്കേണ്ടതില്ല. ഈ വർഷത്തേക്കുള്ള (2024–2025) കുട്ടികളുടെ സ്ഥിതിവിവരക്കണക്കു **ജൂലൈ മുപ്പത്തിയൊന്നിനകം** സമർപ്പിക്കേണ്ടതാണ്.

## പ്രത്യേകശ്രദ്ധയ്ക്ക്

നിലവിൽ സൺഡേസ്കൂൾ നേതൃനിരയിലുള്ളവർ (ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, ഓഫീസ് സെക്രട്ടറി, Ecos@Sandes മാനേജേഴ്സ്) സ്ഥാനമൊഴിയുമ്പോൾ അവരുടെയും പുതുതായി നിയമിതരാകുന്നവരുടെയും പേരും വാട്ട്സ് ആപ്പ് നമ്പരും ഉടനടി സന്ദേശനിലയത്തിൽ അറിയിക്കുകയും തസ്തികക്കനുസരിച്ചുള്ള വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ചേർക്കപ്പെട്ടുവെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

## ആദരാഞ്ജലികൾ

രാമങ്കരി സൺഡേസ്കൂൾ അധ്യാപിക അജിത ആന്റണിയുടെ പിതാവിന്റെയും കൈനകരി സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ജോയിച്ചൻ സാറിന്റെയും നിര്യാണത്തിൽ സന്ദേശനിലയം – മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയുമറിയിക്കുന്നു.

■

## ഉത്ഥിതനോടൊപ്പം



**സി. ബൊനിഫാസി ചാലുവേലിൽ** FCC



**സി. ജോൺ മരിയ കുന്നിൽ** FCC

**"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു."** *(2 തിമോ. 4:7)*

# ചെറുപുഷ്പ മിഷൻലീഗ് (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

പന്തക്കുസ്താത്തിരുനാളോടെ നാം പുതിയ വിശ്വാസപരിശീലനവർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. സന്തോഷത്തോടും പ്രതീക്ഷയോടുംകൂടി ഈ അധ്യയനവർഷത്തെ വരവേൽക്കാം. ജൂൺ എട്ടിനു മിഷൻലീഗിന്റെ അതിരൂപതാതലപ്രവർത്തനവർഷ ഉദ്ഘാടനം നടത്തപ്പെടുന്നു. ഇനിയുള്ള ദിവസങ്ങൾ തീക്ഷ്ണമായ പ്രവർത്തനത്തിന്റെ നാളുകളാണ്. സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മുദ്രാവാക്യങ്ങൾ മനസ്സിലേറ്റി പ്രേഷിതതീക്ഷ്ണതയുള്ള കുഞ്ഞുമിഷനറിമാരാകാം. സംഘടനയിലൂടെ വിശ്വാസതീക്ഷ്ണതയിലും ക്രിസ്തീയധാർമികതയിലും വളരാം. നല്ലൊരു അധ്യയനവർഷം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ജൂൺ**

**ശ്ലീഹാക്കാലം**

02 ഞായർ : ചരമദിനം- മാർ തോമസ് കുര്യാളശ്ശേരി

07 വെള്ളി : ഈശോയുടെ തിരുഹൃദയത്തിരുനാൾ

08 ശനി : **അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം, മാനേജിങ് കമ്മിറ്റി**

09 ഞായർ : പ്രവർത്തനവർഷ ഉദ്ഘാടനം- ശാഖകളിൽ

15 ശനി : പ്രവർത്തനവർഷ ഉദ്ഘാടനം- മേഖലകളിൽ

29 ശനി : കേപ്പാ, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ *(കടമുള്ള ദിവസം)*, മാർ ജയിംസ് കാളാശ്ശേരിപ്പിതാവിന്റെ കബറിടസന്ദർശനം (കുടമാളൂർ മേഖല), ബേത്‌ലെഹെം മീറ്റ്

**ജൂലൈ**

**ശ്ലീഹാ-കൈത്താക്കാലങ്ങൾ**

02 ചൊവ്വ : അംഗത്വസ്വീകരണം: അതിരൂപതാതല ഉദ്ഘാടനം

03 ബുധൻ : ദുക്റാനത്തിരുനാൾ *(കടമുള്ള ദിവസം)*, അംഗത്വസ്വീകരണം ശാഖകളിൽ, മാർ തോമസ് തറയിൽപിതാവിന്റെ നാമഹേതുക തിരുനാൾ, തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം

*ശേഷം പേജ് 68ൽ...»*

# അതിരൂപതാദിനം (20 മെയ് 2024)

## കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി


ലോഗോപ്രകാശനം ( 23 ഏപ്രിൽ 2024 )

ഇടവകതല ആഘോഷങ്ങൾ
(19 മെയ് 2024)




ഛായാചിത്രവും ദീപശിഖയും






പ്രയാണങ്ങൾക്കു സ്വീകരണം




ബൈക്ക് റാലി




## മാർ ജോസഫ് പവ്വത്തിൽ നഗർ, കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി





സമ്മേളനനഗറിലേക്ക്



പതാക ഉയർത്തൽ



സമ്മേളനനഗർ പരിചയപ്പെടുത്തൽ



സമ്മേളന ഉദ്ഘാടനം





അതിരൂപതാദിനപ്രതിജ്ഞ



















## എക്സലെൻസ് അവാർഡുദാനം





## പ്രതിഭകളെ ആദരിക്കൽ


ഡോ. പി.സി. അനിയൻകുഞ്ഞ്


ജറ്റ്ലീ ജയിംസ്


ആഷ്ലി ത്രേസ്യ


ഡോ. അനിൽ സെബാസ്റ്റ്യൻ


മൈക്കിൾ സെബാസ്റ്റ്യൻ


ആൻ റിയ


മിനി എം. മാത്യു




ലോഗോപ്രകാശനം ഹോളി ഫാമിലി ഫ്രട്ടേണിറ്റി

## മികച്ച പാരിഷ് ബുള്ളറ്റിൻ


ക്രൈസ്റ്റ് ദ കിങ് ഏറ്റുമാനൂർ


ഹോളി ഫാമിലി പൊടിപ്പാറ


മാർത്ത് മറിയം ചേപ്പുംപാറ


ഹോളി ഫാമിലി കുമരകം

## മികച്ച പാരിഷ് ഡയറക്ടറി


സെന്റ് ജോസഫ്സ് തെള്ളകം


ഫാത്തിമ മാതാ ഫാത്തിമാപുരം


സെന്റ് ജോസഫ്സ് കണ്ണാടി


ജീവകാരുണ്യനിധി റിപ്പോർട്ട്

# മാർത്തോമാവിദ്യാനികേതൻ

## ബൈബിൾ, ദൈവശാസ്ത്ര കോഴ്സുകൾ ആരംഭിക്കുന്നു

അല്മായർക്കുവേണ്ടിയുള്ള ഉന്നതപഠനകേന്ദ്രമായ മാർത്തോമാവിദ്യാനികേതനിൽ *ത്രിവത്സര ദൈവശാസ്ത്ര ഡിഗ്രി (BA RSc.), ഏകവത്സരഡിപ്ലോമ* എന്നിവയുടെ പുതിയ ബാച്ച് **ജൂലൈ 21 ഞായറാഴ്ച** ഉച്ചകഴിഞ്ഞു രണ്ടിന് ആരംഭിക്കുന്നു. ബൈബിൾ, പരിശുദ്ധ കുർബാന, മറ്റുകൂദാശകൾ, സഭാചരിത്രം, സഭാ പ്രബോധനങ്ങൾ എന്നിവ പഠിച്ചു കത്തോലിക്കാവിശ്വാസത്തിൽ ആഴപ്പെടാനുംസഭയിലും സമൂഹത്തിലും മെച്ചപ്പെട്ട ശുശ്രൂഷചെയ്യാനും അല്മായരെ ഒരുക്കുന്ന ഈ കോഴ്സുകളിലേക്കു താത്പര്യമുള്ളവരെ സ്വാഗതം ചെയ്യുന്നു.

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡീൻ ഓഫ് സ്റ്റഡീസ്)*

**ഫാ. തോമസ് കറുകക്കളം**
*(ഡയറക്ടർ)*

| | | |
|---|---|---|
| **കോഴ്സ് ഉദ്ഘാടനം** | : | **ജൂലൈ 03 (ബുധൻ) ഉച്ചകഴിഞ്ഞു രണ്ടിന്** |
| **ക്ലാസ്സുകളുടെ ആരംഭം** | : | **ജൂലൈ 21 (ഞായർ) ഉച്ചകഴിഞ്ഞു രണ്ടിന്** |
| **യോഗ്യത** | : | **ഡിപ്ലോമ: SSLC, BA R.Sc.: പ്ലസ് ടു** |
| **അപേക്ഷകർ** | : | **അല്മായർ, സിസ്റ്റേഴ്സ്** |

***ഏകവർഷഡിപ്ലോമ*** : **ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2 മുതൽ വൈകുന്നേരം 5 വരെ**
**രണ്ടാം ശനിയാഴ്ചകളിൽ രാവിലെ 10 മുതൽ ഒന്നുവരെ**

***ത്രിവത്സരഡിഗ്രി*** : **ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2 മുതൽ വൈകുന്നേരം 5.30 വരെ**

മേൽപറഞ്ഞ കോഴ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഗൂഗിൾ ഫോം പൂരിപ്പിച്ച് **ജൂൺ 30നു മുമ്പു** മാർത്തോമാവിദ്യാനികേതൻ ഓഫീസിൽ നേരിട്ടോ sathyadarsanam@gmail.com എന്ന മെയിൽ അഡ്രസ്സിലോ സമർപ്പിക്കേണ്ടതാണ്.

**NB: ക്ലാസ്സിനു വരുമ്പോൾ വികാരിയച്ചന്റെ ശിപാർശക്കത്ത് കൊണ്ടുവരേണ്ടതാണ്**

***വിശദവിവരങ്ങൾക്ക്:***
മാർത്തോമാവിദ്യാനികേതൻ,
പി.ബി. നമ്പർ 20, ചങ്ങനാശ്ശേരി, കോട്ടയം 686101
ഫോൺ: **8281876993** (10 am - 4.30 pm)

■

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

സ്നേഹംനിറഞ്ഞവരേ,

ഇടവകകളിൽ കുടുംബക്കൂട്ടായ്മകൾ സജീവമായി പ്രവർത്തിച്ചുവരുന്നുയെന്നു കരുതുന്നു. കുടുംബക്കൂട്ടായ്മകളിൽ പ്രബോധനങ്ങൾക്കുള്ള വേദികൾ കൂടുതലായി ഉണ്ടാകേണ്ടതാണ്. ആയതിനാൽ ഈ വർഷം പ്രബോധനങ്ങൾക്ക് ഊന്നൽ നൽകണമെന്ന് ഓർമിപ്പിക്കുന്നു.

വചനം ഹൃദയത്തിലും ജീവിതത്തിലും നിറയുന്നതിനായി നടത്തിയ നൂറുമേനി വചനമനഃപാഠമത്സരത്തിൽ പങ്കെടുത്തവർക്കു പ്രത്യേകം അനുമോദനങ്ങൾ അറിയിക്കുന്നു. ഇടവകതലത്തിൽ 100 മാർക്കോ അതിലധികമോ ലഭിച്ചവർക്കും കുടുംബമായി 200 മാർക്കോ അതിലധികമോ ലഭിച്ചവർക്കും ഓരോ കാറ്റഗറിയിലും ഇടവകതലത്തിൽ 1, 2, 3 സ്ഥാനങ്ങൾ നേടിയവർക്കും ഇടവകകളിൽ കുടുംബമായി മത്സരിച്ചവരിൽ ആദ്യ മൂന്നുസ്ഥാനങ്ങൾ ലഭിച്ചവർക്കും ഫൊറോനാതലമത്സരത്തിൽ ഓരോ കാറ്റഗറിയിലും ആദ്യ മൂന്നു സ്ഥാനങ്ങൾ ലഭിച്ചവർക്കും ജൂലൈ 27നു നടക്കുന്ന നൂറുമേനി ഗ്രാൻഡ് ഫിനാലെയിൽ സമ്മാനങ്ങൾ നൽകുന്നതാണ്. മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽപിതാവിന്റെയും അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽപിതാവിന്റെയും സാന്നിധ്യം അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്. വിജയികളായവർ ഗ്രാൻഡ് ഫിനാലെ സമാപനസമ്മേളനത്തിലെത്തി സമ്മാനങ്ങൾ വാങ്ങുമല്ലോ. പലയിടവകകളും നൂറുമേനി വിജയികളുടെ പേരുകൾ ഓൺലൈനിൽ ഇനിയും എന്റർ ചെയ്യേണ്ടതായിട്ടുണ്ട്. മത്സരിച്ചിട്ടും സമ്മാനങ്ങൾ ലഭിക്കാത്ത സാഹചര്യം ആർക്കുമുണ്ടാകാൻ പാടില്ല. ഇടവകയിൽനിന്നും ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടില്ലെങ്കിൽ എത്രയുംവേഗം അവരുടെ പേരുവിവരങ്ങൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ അച്ചന്മാരും കോഡിനേറ്റേഴ്സും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരും പ്രത്യേകതാത്പര്യമെടുക്കണം.

**ലോഗോസ് ക്വിസ് 2024**

2024ലെ ലോഗോസ് ക്വിസ് മത്സരത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ ഒന്നിന് ആരംഭിച്ചിരിക്കുകയാണ്. ഈ വർഷം ഉത്സാഹത്തോടെ വചനം പഠിക്കാൻ തയ്യാറാകണമെന്ന് ഓർമിപ്പിക്കുന്നു. നൂറുമേനി വചനപഠനം കഴിഞ്ഞതിനാൽ ലോഗോസ് വചനപഠനം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായകരമാകുമെന്നതിൽ സംശയമില്ല. കുടുംബക്കൂട്ടായ്മാലീഡേഴ്സും സൺഡേസ്കൂൾ കുട്ടികളും അധ്യാപകരും യുവജനങ്ങളും ഈ വർഷത്തെ ലോഗോസ് മത്സരത്തിൽ പങ്കെടുക്കുമല്ലോ.

ജൂലൈ 3 ദുക്റാനത്തിരുനാളാണ്. ജൂലൈ സമുദായമാസമായി ആചരിക്കുകയാണ്. തോമാശ്ലീഹായുമായി ബന്ധപ്പെട്ട പഠനങ്ങൾക്കും തീർഥാടനങ്ങൾക്കും

ഈ മാസാചരണം കാരണമായിത്തീരണം. ജൂലൈമാസത്തെ കൂട്ടായ്മകളിൽ തോമാശ്ലീഹായെക്കുറിച്ചുള്ള പഠനങ്ങളും ക്വിസ് മത്സരങ്ങളും നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. നിങ്ങളുടെ പ്രവർത്തനങ്ങളെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടേയെന്നു പ്രാർഥിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### നൂറുമേനി ഗ്രാൻഡ് ഫിനാലെ

ഈ വർഷത്തെ നൂറുമേനി ഗ്രാൻഡ് ഫിനാലെ **ജൂലൈ 27** ശനിയാഴ്ച ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നു. മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽ, അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. മാർ തോമസ് തറയിൽ എന്നീ പിതാക്കന്മാരുടെ സാന്നിധ്യമുണ്ടായിരിക്കുന്നതാണ്. നൂറുമേനിമത്സരത്തിൽ സമ്മാനാർഹരായവർ അന്നേ ദിവസം കാവുകാട്ട് ഹാളിലെത്തി സമ്മാനങ്ങൾ വാങ്ങുകയും അഭി. പിതാക്കന്മാരോടൊപ്പം ഫോട്ടോയെടുക്കുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

### ലോഗോസ് ക്വിസ് 2024

**പഠനവിഷയം**

ന്യായാധിപന്മാർ- 1 മുതൽ 10 വരെ അധ്യായങ്ങൾ
പ്രഭാഷകൻ- 34 മുതൽ 40 വരെ അധ്യായങ്ങൾ
ലൂക്കാ- 9 മുതൽ 16 വരെ അധ്യായങ്ങൾ
2 കോറിന്തോസ്- 7 മുതൽ 13 വരെ അധ്യായങ്ങൾ

*രജിസ്ട്രേഷൻ- ആരംഭിക്കുന്നത്: ജൂൺ 1; അവസാനിക്കുന്നത്: ജൂലൈ 31*

**അതിരൂപതാതല പരീക്ഷാതീയതി: സെപ്റ്റംബർ 29** ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ (ഇടവകകളിൽ)

**സംസ്ഥാനതല പരീക്ഷാതീയതി: നവംബർ 10**

***പ്രായവിഭാഗങ്ങൾ***

| | |
|---|---|
| A | 01.01.2013നും അതിനുശേഷവും ജനിച്ചവർ |
| B | 01.01.2008നും 31.12.2012നും മധ്യേ ജനിച്ചവർ |
| C | 01.01.1993നും 31.12.2007നും മധ്യേ ജനിച്ചവർ |
| D | 01.01.1973നും 31.12.1992നും മധ്യേ ജനിച്ചവർ |
| E | 01.01.1960നും 31.12.1972നും മധ്യേ ജനിച്ചവർ |
| F | 31.12.1959നും അതിനുമുമ്പും ജനിച്ചവർ |

■

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയസഹോദരങ്ങളേ,

പന്തക്കുസ്താത്തിരുനാളിനെത്തുടർന്നു ശ്ലീഹാക്കാലത്തിലൂടെ നമ്മുടെ വിശ്വാസതീർഥയാത്ര തുടരുകയാണ്. മ്ശിഹാരഹസ്യങ്ങൾക്ക് (മനുഷ്യാവതാരം, പീഡാസഹനം, മരണം, ഉത്ഥാനം) ധീരമായി സാക്ഷ്യംവഹിക്കുന്ന ശ്ലീഹന്മാരുടെ ചൈതന്യം സ്വന്തമാക്കിക്കൊണ്ടു വ്യക്തിജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും ഈശോയ്ക്കു സാക്ഷികളാകാൻ ആത്മാർഥമായി പരിശ്രമിക്കാം.

പിതൃദിനം ഉൾപ്പെടെയുള്ള സവിശേഷമായ ചില ദിനാചരണങ്ങൾ ഈ കാലയളവിലുണ്ട്. ഓരോ ദിനത്തിന്റെയും പ്രാധാന്യം ഇടവകയിലും സമൂഹത്തിലും ചർച്ചാവിഷയമാകത്തക്കവിധം സമുചിതമായി ആചരിക്കാൻ ശ്രദ്ധിക്കണം. പൊതുസമൂഹത്തിൽ ഇളക്കം സൃഷ്ടിക്കുന്ന ചില സമൂഹമാധ്യമശൈലികൾ നമ്മുടെ സംഘടനാപ്രവർത്തനപരിപാടികളിലേക്കു കടന്നുവരുന്നതു ഗുണകരമല്ലാത്ത പ്രവണതകൾക്കു വഴിവെക്കും. ഉദാഹരണമായി ചില സിനിമകളിലെ ജനപ്രിയഗാനങ്ങൾക്കു ചുവടുവെക്കുമ്പോൾ ആ ഗാനങ്ങളിലെ വരികളിലൂടെ പങ്കുവെക്കപ്പെടുന്ന തെറ്റായ ആശയങ്ങൾക്കു പ്രചാരം വർധിക്കുകയാണ്. മുതിർന്നവർ നന്മയിലേക്കും ശരിയിലേക്കുമുള്ള വഴികാട്ടികളായി നിലകൊള്ളുമ്പോഴാണ് ഇളംതലമുറകൾ ആ വഴിയിൽ ചുവടുകൾ വെക്കുന്നത്. 'ശൈശവത്തിൽതന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർധക്യത്തിലും അതിൽനിന്നു വ്യതിചലിക്കുകയില്ല' *(സുഭാ. 22:6)*.

സ്നേഹത്തോടെ,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### ആനിമേഷൻ ടീം അംഗങ്ങളുടെ മീറ്റിങ്

മാതൃവേദി-പിതൃവേദി ആനിമേഷൻ ടീമംഗങ്ങളുടെ മീറ്റിങ് മെയ് 11നു ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ നടത്തപ്പെട്ടു. കലോത്സവം, വരുന്ന മാസങ്ങളിലെ പ്രത്യേകദിനാചരണങ്ങൾ എന്നിവ അജണ്ടകളായിരുന്നു.

### ലോക മാതൃദിനം

മാതൃദിനത്തോടനുബന്ധിച്ചു മെയ് 12നും തുടർന്നുള്ള ദിവസങ്ങളിലുമായി യൂണിറ്റുകളിൽ മാതാക്കളുടെ സംഗമം ക്രമീകരിച്ചു. മാതാക്കൾക്കായി അതിരൂപതാതലത്തിൽ ഓൺലൈൻ-ഓഫ്‌ലൈൻ മത്സരങ്ങൾ നടത്തപ്പെട്ടു.

### ഹോളി ഫാമിലി ഫ്രട്ടേണിറ്റി ലോഗോപ്രകാശനം

പ്രോലൈഫ് ശുശ്രൂഷകളുടെ ഭാഗമായി രണ്ടായിരത്തിലോ അതിനുശേഷമോ വിവാഹിതരായവരിൽ നാലോ അതിൽ കൂടുതലോ മക്കളുള്ള കുടുംബങ്ങളുടെ

കൂട്ടായ്മ – ഹോളി ഫാമിലി ഫ്രട്ടേണിറ്റിയുടെ ലോഗോപ്രകാശനം 138-ാമത് അതിരൂപതാദിനത്തിൽ (മെയ് 20) കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പ്പള്ളിയിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് റൈറ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ നിർവഹിച്ചു. അതിരൂപതാദിനസമ്മേള നത്തിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഹോളി ഫാമിലി ഫ്രട്ടേണിറ്റി കൂട്ടായ്മയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവച്ചു.

**സംരംഭകത്വ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപനയും**

138-ാമത് അതിരൂപതാദിനത്തിൽ (മെയ് 20) കുറുമ്പനാടം സെന്റ് ആന്റ ണീസ് ഫൊറോനാപ്പള്ളിയിൽ അതിരൂപതാ മാതൃവേദി-പിതൃവേദി സംഘ ടനകളുടെ ആഭിമുഖ്യത്തിൽ സംരംഭകത്വ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപനയും ക്രമീകരിച്ചു. പത്തിലധികം സംരംഭകർക്കു പ്രദർശനത്തിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചു.

**മാതൃവേദി സഹമധ്യസ്ഥ വി. റീത്തയുടെ തിരുനാൾ**

റീത്തപ്പുണ്യവതിയുടെ തിരുനാൾദിനത്തിലും (മെയ് 22) തുടർന്നുള്ള ദിന ങ്ങളിലുമായി മാതൃവേദിയുടെ സംഗമങ്ങളിൽ പുണ്യവതിയെ അനുസ്മരിച്ച് ആഘോഷങ്ങൾ നടത്തി.

**പ്രോലൈഫ് ശുശ്രൂഷകൾ**

ഫൊറോനാതലത്തിൽ പ്രോലൈഫ് ശുശ്രൂഷകൾ നടത്തപ്പെട്ടു. ജിയാന്ന പുണ്യവതിയുടെ അനുസ്മരണം ഏപ്രിൽമാസത്തിൽ ക്രമീകരിക്കാത്തവർ മെയ്മാസത്തിലെ സമ്മേളനങ്ങളിൽ പുണ്യവതിയെ അനുസ്മരിച്ചു പരിപാടി കൾ ക്രമീകരിച്ചു.

## ഓർമിക്കാൻ

**ജൂൺ 16 – ലോക പിതൃദിനം**

യൂണിറ്റുകളിലും ഫൊറോനകളിലും പിതൃദിനാചരണം ഉചിതമായ രീതി യിൽ ക്രമീകരിക്കാം. ഇടവകയിൽ പരിശുദ്ധ കുർബാനയ്ക്കുശേഷം മധുരം പങ്കുവെക്കൽ, പിതാക്കന്മാരുടെ സംഗമങ്ങൾ, സെമിനാറുകൾ, ഷെയറിങ്ങു കൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ ദിനാചരണത്തോടനുബന്ധിച്ചു ക്രമീകരിക്കുന്നത് ഉചിതമാണ്.

**ജൂൺ 23 – ലോക വിധവാദിനം**

യൂണിറ്റുകളിൽ വിധവകളുടെ സംഗമങ്ങളും പ്രാർഥനാക്കൂട്ടായ്മയും സംഘടിപ്പിക്കാം. വിധവകളുടെ കൂട്ടായ്മയിൽനിന്നുതന്നെ രണ്ടോ മൂന്നോ നേതാ ക്കന്മാരെ തെരഞ്ഞെടുത്തു വിധവകൾക്കുള്ള വാട്സ് ആപ്പ് ഗ്രൂപ്പ് ഇടവക തലത്തിൽ ക്രമീകരിക്കാനും മാസത്തിലൊരിക്കലെങ്കിലും അവരുടെ നേതൃത്വ ത്തിൽ ഇടവകയിൽ ഒന്നുചേർന്നു പ്രാർഥിക്കാനും ഷെയറിങ്ങുകൾ നടത്താ നുമുള്ള ക്രമീകരണങ്ങൾ ചെയ്യുക. ഇടവകതലത്തിൽ തെരഞ്ഞെടുക്കുന്ന ലീഡേഴ്സിന്റെ പേരും വാട്സ് ആപ്പ് നമ്പറും മാതൃവേദി ഫൊറോനാ പ്രസി ഡന്റുമാർവഴി അതിരൂപതാ ഓഫീസിൽ ഏല്പിക്കുകയാണെങ്കിൽ അതിരൂപതാ

തലത്തിൽ വിധവകൾക്കുവേണ്ടിയുള്ള ശുശ്രൂഷകൾ സുഗമമാകും. ജൂൺ മാസത്തിൽതന്നെ വിവരങ്ങൾ ശേഖരിച്ചുനൽകാൻ മാതൃവേദി ഫൊറോനാ പ്രസിഡന്റുമാർ മുൻകൈയെടുക്കേണ്ടതാണ്.

**ജൂൺ 26 – ലോക ലഹരിവിരുദ്ധദിനം**

ലഹരിവിരുദ്ധസന്ദേശം കൈമാറുന്ന കർമപരിപാടികൾ ക്രമീകരിക്കാം. ലഹരിക്കടിമപ്പെട്ടവർക്കു കൗൺസെലിങ്, ചികിത്സ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള ഔദ്യോഗികയിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു ഷെയർ ചെയ്യാം. ലഹരിവിരുദ്ധപ്രതിജ്ഞയെടുത്തു ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകാം.

**പ്രോലൈഫ് ശുശ്രൂഷ**

**ജൂൺ 28** വെള്ളിയാഴ്ച പ്രോലൈഫ് ശുശ്രൂഷകൾ പാറേൽ സെന്റ് മേരീസ് പള്ളിയിൽ നടത്തപ്പെടുന്നു.

**അതിരൂപതാ കലോത്സവം**

**അതിരൂപതാ രചനാമത്സരം – ഓഗസ്റ്റ് 25 ഞായർ** ഉച്ചകഴിഞ്ഞ് 2.30ന്

**ഫൊറോനാതല അവതരണമത്സരങ്ങൾ –** ഒക്ടോബർ ഇരുപത്തിയേഴിനുള്ളിൽ പൂർത്തിയാക്കണം

**അതിരൂപതാ കലോത്സവം – നവംബർ 9 ശനി**

**രചനാമത്സരങ്ങൾ –** കവിതാരചന, കഥാരചന, ഉപന്യാസം, പെൻസിൽ ഡ്രോയിങ്, ക്വിസ്

**അവതരണമത്സരങ്ങൾ –** സംഗീതം, പ്രസംഗം, മാർഗംകളി, കോലടി, സംഘഗാനം, സാമൂഹികനാടകം

## വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
|---|---|---|
| ജൂൺ | 08, 09, 10 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 24, 25, 26 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| ജൂലൈ | 08, 09, 10 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 29, 30, 31 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10 am - 5 pm**

■

# സീയോൻ ധ്യാനകേന്ദ്രം

| | | |
|---|---|---|
| ജൂൺ | 07–09 | യുവദീപ്തി ക്യാമ്പ്- മണിമല ഫൊറോന |
| ജൂൺ | 16–21 | വൈദികരുടെ ധ്യാനം |
| ,, | 23–28 | |
| ജൂലൈ | 07–12 | |

പ്രിയപ്പെട്ട അച്ചന്മാരേ, ധ്യാനാവസരത്തിൽ സിംഗിൾ റൂം, താഴത്തെ നിലയിലെ മുറി എന്നിവ വേണ്ടവർ മുൻകൂട്ടി അറിയിക്കുമല്ലോ: **9495107045**

### വാർധക്യത്തിൽ അനുഗ്രഹമായി സീയോനിൽ ഗ്രേസ്ഫുൾധ്യാനം

നമ്മുടെ ധ്യാനകേന്ദ്രം പ്രായമായവർക്ക് ആശ്വാസകേന്ദ്രമായിരിക്കുകയാണ്. അറുപതുവയസിനു മുകളിൽ പ്രായമായവർക്കുവേണ്ടി ഇവിടെ താമസിച്ചു നടത്തുന്ന നാലുദിവസത്തെ ഗ്രേസ്ഫുൾധ്യാനം അനുഗ്രഹമായി മാറിക്കൊണ്ടിരിക്കുന്നു. 60 മുതൽ 99 വയസുവരെയുള്ളവർ പല രൂപതകളിൽ നിന്നുള്ളവർ പങ്കെടുക്കുന്നുണ്ട്. വാർധക്യത്തിലെ പ്രശ്നങ്ങളും പ്രതിവിധികളും സംബന്ധിച്ച പ്രഭാഷണങ്ങളും കൗൺസെലിങ്ങും സൗഖ്യദായകശുശ്രൂഷകളും വ്യായാമപരിശീലനവും പ്രാർഥനകളും ഉല്ലാസപരിപാടികളും പ്രായമായവരുടെ ജീവിതസായാഹ്നത്തിലെ പ്രശ്നങ്ങൾക്കു പരിഹാരം നൽകുന്നു. വൈദികരും ഡോക്ടേഴ്സും അല്മായരും ധ്യാനത്തിനു നേതൃത്വം നൽകുന്നു. ഒന്നിടവിട്ട മാസങ്ങളിലാണു ധ്യാനം നടത്തുന്നത്. അടുത്തധ്യാനം **ജൂലൈ 21–24, സെപ്റ്റംബർ 22–25**. ബുക്കിങ്ങിനു വിളിക്കുക: **9495107045**

### ധ്യാനകേന്ദ്രവും വിശ്വാസപരിശീലനവും

സഭാകൂട്ടായ്മയിലെ എല്ലാ വിഭാഗത്തിലും പ്രായത്തിലുമുള്ളവർക്കു വിശ്വാസജീവിതത്തിൽ വളർച്ചയും ഉണർവും നൽകുന്നതിനു ധ്യാനകേന്ദ്രം പ്രയോജനപ്പെടട്ടെ. താമസിച്ചുള്ള ധ്യാനങ്ങളും ക്യാമ്പുകളും നടത്താൻ ഇടവകകൾ മുന്നോട്ടുവരട്ടെ.

- പൊടിപ്പാറ, കുറുമ്പനാടം അസംപ്ഷൻ, താഴത്തുവടകര- സൺഡേ സ്കൂൾ കുട്ടികളുടെ ക്യാമ്പ്
- ആലപ്പുഴ ഫൊറോന- അൾത്താരബാലന്മാരുടെ ക്യാമ്പ്
- യുവദീപ്തി-എസ്.എം.വൈ.എം.: എടത്വാ, തൃക്കൊടിത്താനം, കുറുമ്പനാടം ഫൊറോനാക്യാമ്പുകൾ

**ജൂലൈ 26, 27, 28** തീയതികളിൽ **ദമ്പതീധ്യാനം** ആരംഭിക്കുന്നു.

ശുശ്രൂഷകൾക്കായി വിളിക്കുക: **9495107045**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

■

# യുവദീപ്തി - SMYM

### എലോറ: ചങ്ങനാശ്ശേരി ഫൊറോന

ചങ്ങനാശ്ശേരി ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലനക്യാമ്പ് *എലോറ* എന്നപേരിൽ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ഏപ്രിൽ 26, 27, 28 തീയതികളിൽ നടത്തി. സെമിനാരി റെക്ടർ വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. മാത്യു കാവനാട്ട് മാർഗനിർദേശപ്രസംഗം നടത്തി. ഫൊറോനാ പ്രസിഡന്റ് അലൻ ജോസഫ് അധ്യക്ഷതവഹിച്ചു. റോസി ജോജി, അലീന റോസ് മാത്യു, ഈപ്പൻ മാത്യു, ആനി കെ. തോമസ് എന്നിവർ പ്രസംഗിച്ചു. ഫാ. ജേക്കബ് കളത്തിവീട്ടിൽ, ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ഫാ. മാത്യു പള്ളിച്ചിറ, സി. ദീപ്തി മരിയ എഫ്.സി.സി., ബ്രദർ ക്രിസ്റ്റി ഐക്കുളം, ഫാ. ആന്റണി ആനക്കല്ലുങ്കൽ, ജോയൽ ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. മേജർ ആർച്ചുബിഷപ് എമെരിത്തൂസ് അഭി. മാർ ജോർജ് ആലഞ്ചേരി യുവജനങ്ങളുമായി സംവദിച്ചു.

### എലോറ: നെടുങ്കുന്നം ഫൊറോനാക്യാമ്പ്

നെടുങ്കുന്നം ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലനക്യാമ്പ് *എലോറ* എന്നപേരിൽ കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളിയിൽ ഏപ്രിൽ 26, 27, 28 തീയതികളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് മെജോ പി. ജയിംസിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. ദീപ്തി പി. ജോസഫ്, സിനി ആന്റണി, ജോബിൻ ജോസഫ്, നീതു മരിയ ജോസഫ് എന്നിവർ പ്രസംഗിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. വർഗീസ് വെട്ടുകുഴിയിൽ മാർഗനിർദേശപ്രസംഗം നടത്തി. ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ബ്രദർ ക്രിസ്റ്റി ഐക്കുളം, ഷിജോ കണമല, സി. ദീപ്തി മരിയ എഫ്.സി.സി., ഫാ. ആന്റണി ആനക്കല്ലുങ്കൽ, ലിന്റ ജോഷി എന്നിവർ ക്ലാസ്സുകൾ നയിച്ചു. റീജന്റ് ബ്രദർ ടോം കൊമ്പാറനിരപ്പേൽ, ടെസ്സ് ട്രീസ ജോസഫ് എന്നിവർ നേതൃത്വംനൽകി.

### ആലപ്പുഴ, മുഹമ്മ ഫൊറോനാക്യാമ്പുകൾ

ആലപ്പുഴ, മുഹമ്മ ഫൊറോനകളുടെ പ്രാർഥന-പഠന-പരിശീലന ക്യാമ്പുകൾ *എലോറ* എന്നപേരിൽ പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ മെയ് 3, 4, 5 തീയതികളിൽ നടത്തി. ഫൊറോനാ ഡെപ്യൂട്ടി പ്രസിഡന്റ് ജോമോൾ ജയിംസിന്റെ അധ്യക്ഷതയിലുള്ള യോഗത്തിൽ അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. ആലപ്പുഴ മാർ സ്ലീവാ ഫൊറോനാപ്പള്ളിവികാരി ഫാ. സിറിയക് കോട്ടയിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ, ഫാ. അബ്രാഹം

കരിപ്പിങ്ങാപുറം, ഫാ. ദേവസ്യ തുണ്ടിയിൽ എന്നിവർ ആശംസകൾ നേർന്നു. ആൻഡ്രിയ ആന്റണി, ജിതിൻ ജോസഫ്, ലിന്റ ജോഷി, ടെസ്സ് മരിയ ജോസഫ്, ജെഫിൻ ജേക്കബ്, ഷോബി ചെറിയാൻ, സെറ അന്ന ജോർജ് എന്നിവർ പ്രസംഗിച്ചു. ഫാ. ജേക്കബ് കളത്തിവീട്ടിൽ, ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, സി. ദീപ്തി മരിയ എഫ്.സി.സി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. റീജന്റ് ബ്രദർ ടോം കൊമ്പാറനിരപ്പേൽ, രേഷ്മ ദേവസ്യ, മെറീറ്റ ജോസഫ്, ക്രിസ്റ്റി കെ. കുഞ്ഞുമോൻ എന്നിവർ നേതൃത്വംനൽകി.

**എലോറ: തൃക്കൊടിത്താനം ഫൊറോനാക്യാമ്പ്**

തൃക്കൊടിത്താനം ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലനക്യാമ്പ് *എലോറ* എന്നപേരിൽ മെയ് 7, 8, 9 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാന കേന്ദ്രത്തിൽ നടത്തി. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. ഫൊറോനാ പ്രസിഡന്റ് സച്ചു സ്കറിയ ജോസഫ് അധ്യക്ഷതവഹിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്, സി. സ്നേഹ എസ്.ഡി.പി., ടെൻസി ടോമി, സെബിൻ തോമസ്, മിലൻ ജെ. ഇളപ്പുങ്കൽ, ടെസ്സ് ട്രീസ ജോസഫ് എന്നിവർ പ്രസംഗിച്ചു. ഫാ. ജേക്കബ് കളത്തിവീട്ടിൽ, ഫാ. ആന്റണി ആനക്കല്ലുങ്കൽ, സി. ദീപ്തി മരിയ എഫ്.സി.സി., ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ജോയൽ ജോൺ റോയി എന്നിവർ ക്ലാസ്സുകൾ നയിച്ചു. റീജന്റ് ബ്രദർ ടോം കൊമ്പാറനിരപ്പേൽ, ആനി കെ. തോമസ്, ടെസ്സ് ട്രീസ ജോസഫ്, എലിസബത്ത് വർഗീസ് എന്നിവർ നേതൃത്വംനൽകി.

**എലോറ: കോട്ടയം ഫൊറോനാക്യാമ്പ്**

കോട്ടയം ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലനക്യാമ്പ് *എലോറ* എന്നപേരിൽ മെയ് 10, 11, 12 തീയതികളിൽ സെന്റ് തോമസ് അപ്പസ്തോലിക് വടവാതൂർ സെമിനാരിയിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ആസ്റ്റിൻ ടോമിയുടെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ സെമിനാരി റെക്ടർ വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. മാത്യു പുത്തൻപുരയ്ക്കൽ, സ്നേഹ സെബാസ്റ്റ്യൻ, ജയിംസ് സിബി, ആൽബിൻ ജെ. പടിഞ്ഞാറെക്കര, അതിയ തെരേസ തോമസ് എന്നിവർ പ്രസംഗിച്ചു. ജോർജ് പോൾ, ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ഷിജോ കണമല, സി. ദീപ്തി മരിയ എഫ്.സി.സി., ഫാ. ആന്റണി ആനക്കല്ലുങ്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. റീജന്റ് ബ്രദർ ടോം കൊമ്പാറനിരപ്പേൽ, രേഷ്മ ദേവസ്യ, സഞ്ജയ് സതീഷ് എന്നിവർ നേതൃത്വംനൽകി.

**എലോറ: കുറുമ്പനാടം ഫൊറോനാക്യാമ്പ്**

കുറുമ്പനാടം ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലനക്യാമ്പ് *എലോറ* എന്നപേരിൽ മെയ് 10, 11, 12 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ജോയൽ ജോണിന്റെ

അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയി, ജസ്റ്റി മേരി ടോംസ്, ജസ്ന ജയിംസ്, ഭവ്യ സക്കറിയ എന്നിവർ പ്രസംഗിച്ചു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഷിജോ കണമല, സി. ദീപ്തി മരിയ എഫ്.സി.സി., ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്രിസ്റ്റി കെ. കുഞ്ഞുമോൻ, എലിസബത്ത് വർഗീസ് എന്നിവർ നേതൃത്വംനൽകി.

**ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

**ജോയൽ ജോൺ റോയി**
*(പ്രസിഡന്റ്)*

■

---

*» ചെറുപുഷ്പ മിഷൻലീഗ് തുടർച്ച...*

**കൈത്താക്കാലം**

07 ഞായർ : 12 ശ്ലീഹന്മാരുടെ തിരുനാൾ

12 വെള്ളി : വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളുടെ തിരുനാൾ

13 ശനി : ബേത്‌ലെഹെം മീറ്റ്, മാർ ജയിംസ് കാളാശ്ശേരിപ്പിതാവിന്റെ കബറിടസന്ദർശനം (കുറുമ്പനാടം, കൊല്ലം-ആയൂർ മേഖലകൾ)

**പ്രവർത്തനവർഷ ഉദ്ഘാടനം**

മിഷൻലീഗ് അതിരൂപതാനേതൃസംഗമവും പ്രവർത്തനവർഷ ഉദ്ഘാടനവും **ജൂൺ 8** ശനിയാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെടുന്നു. മേഖലാ ഡയറക്ടേഴ്സ്, അതിരൂപത-മേഖല എക്സിക്യൂട്ടിവംഗങ്ങൾ, മേഖല-ശാഖ ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ്, ആനിമേറ്റേഴ്സ്, കുട്ടികളുടെ ഭാരവാഹികൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസേഴ്സ്) എന്നിവർ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 125 രൂപ. പങ്കെടുക്കുന്നവരുടെ എണ്ണം **ജൂൺ അഞ്ചിനു മുമ്പായി** ഓഫീസിൽ അറിയിക്കുമല്ലോ.

**മാർ ജയിംസ് കാളാശ്ശേരി അനുസ്മരണം**

മിഷൻലീഗ് സംഘടനയുടെ സ്ഥാപകപിതാവിന്റെ 75-ാം ചരമവാർഷികാഘോഷത്തിനു മുന്നോടിയായി ഓരോ മാസവും നിശ്ചിതമേഖലകൾ പിതാവിന്റെ കബറിടം സന്ദർശിച്ചു പ്രാർഥിച്ചു അനുഗ്രഹം പ്രാപിക്കാനായി ഒരുങ്ങുമല്ലോ. ഓരോമാസവും കബറിടം സന്ദർശിക്കേണ്ട മേഖലകളുടെ പേരുകൾ മാർഗരേഖയിലും വേദപ്രചാരമദ്ധ്യസ്ഥനിലും നൽകുന്നതാണ്.

■



# ഫാ. ആന്റണി മാന്നല മെമ്മോറിയൽ
# 8-ാമത് അഖില കേരള ബൈബിൾ ക്വിസ്

എളിമയും ലാളിത്യവും മുഖമുദ്രയാക്കി ദൈവത്തെയും ദൈവജനത്തെയും ശുശ്രൂഷിച്ച് ഏവർക്കും പ്രിയങ്കരനായി ജീവിച്ചു നിത്യതയിലേക്കു കടന്നുപോയ ആന്റണി മാന്നല അച്ചന്റെ സ്മരണയ്ക്കായി അരുവിക്കുഴി ലൂർദ് മാതാ പള്ളിയിൽ **2024 ജൂലൈ 13 ശനി** രാവിലെ 9ന് എട്ടാമത് അഖില കേരള ബൈബിൾ ക്വിസ് നടത്തപ്പെടുന്നു.

## പഠനവിഷയങ്ങൾ

| | |
|---|---|
| **A. ലോഗോസ് ക്വിസ് 2024**<br>ന്യായാധിപന്മാർ 1-10 അധ്യായങ്ങൾ<br>പ്രഭാഷകൻ 34-40 അധ്യായങ്ങൾ<br>ലൂക്കാ 9-16 അധ്യായങ്ങൾ<br>2 കോറിന്തോസ് 7-13 അധ്യായങ്ങൾ | **80%** |
| **B. യു ക്യാറ്റ് ഭാഗം 2 - പേജ് 101 മുതൽ 133 വരെ (അഥവാ ചോദ്യോത്തരങ്ങൾ 166 മുതൽ 223 വരെ)** | **10%** |
| **C. സഭാപരവും മാന്നലയച്ചനെക്കുറിച്ചുള്ളതുമായ ചോദ്യങ്ങൾ** | **10%** |

## സമ്മാനങ്ങൾ

| | |
|---|---|
| **ഒന്നാം സമ്മാനം 5000 രൂപ**<br>**രണ്ടാം സമ്മാനം 4000 രൂപ**<br>**മൂന്നാം സമ്മാനം 3000 രൂപ**<br>**നാലാം സമ്മാനം 2000 രൂപ** | **എവർ റോളിങ് ട്രോഫി സർട്ടിഫിക്കറ്റ്** |
| **5 മുതൽ 10 വരെ സമ്മാനങ്ങൾ** | **1000 രൂപ, എവർ റോളിങ് ട്രോഫി, സർട്ടിഫിക്കറ്റ്** |

പങ്കെടുക്കുന്നവർക്കു പ്രോത്സാഹനസമ്മാനങ്ങൾ

## നിബന്ധനകൾ

* സൺഡേസ്കൂളിൽ 2024-2025 വർഷം 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും രണ്ടുപേർ വീതമുള്ള രണ്ടു ടീമുകൾക്കു പങ്കെടുക്കാം
* **2024 ജൂലൈ 10നു മുമ്പു** പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്
* രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 100 രൂപ
* മത്സരത്തിനുമുമ്പു ഡയറക്ടർ/ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം ഹാജരാക്കണം

**ഫാ. ജേക്കബ് ചീരംവേലിൽ**
(വികാരി, 9447401161)

**കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും താഴെപ്പറയുന്ന നമ്പറുകളിൽ വിളിക്കുക**

**നിഷാന്ത് ജോസ് ഫിലിപ്പ്**
(ഹെഡ്മാസ്റ്റർ, 8281212446)

**ജോസ് മുണ്ടിയാനിക്കൽ**
(കൺവീനർ, 9447418157)

# CARP

## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### ന്യൂനപക്ഷസെമിനാർ

സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ സംഘടിപ്പിച്ച കോട്ടയം ജില്ലാ സെമിനാർ മെയ് 25നു കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടത്തപ്പെട്ടു. ന്യൂനപക്ഷപദ്ധതികളെക്കുറിച്ചും തൊഴിലന്വേഷകർക്കുള്ള സർക്കാർസംരംഭമായ *നോളജ് മിഷനെ*ക്കുറിച്ചും ക്ലാസ്സുകളും ചോദ്യോത്തരവേളയും സെമിനാറിലുണ്ടായിരുന്നു. സെമിനാർസംഘാടകസമിതി ചെയർമാനും കാർപ് അതിരൂപതാ കോഡിനേറ്ററുമായ ടോം ജോസഫിന്റെ നേതൃത്വത്തിലാണു സെമിനാർ നടത്തപ്പെട്ടത്. അഞ്ഞൂറിലധികമാളുകൾ പങ്കെടുത്ത ഈ സെമിനാർ വിജയമാക്കാൻ അദേഹത്തിനും കാർപ് പ്രസ്ഥാനത്തിനും സാധിച്ചു. അതിരൂപതയിലെ ഡിപ്പാർട്ടുമെന്റുകളിലും സംഘടനകളിലുംനിന്നായി 100 പേർ പങ്കെടുത്തു.

### ജൂൺമാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. അഡ്മിഷനുകളുടെ സമയമായതിനാൽ കേന്ദ്ര, സംസ്ഥാന ഇ.ഡബ്ല്യു.എസ്. സംവരണങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
2. കേന്ദ്രസർക്കാരിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനും മറ്റുസ്കോളർഷിപ്പുകൾക്കും അപേക്ഷിച്ചവരിലാർക്കും ഇതുവരെ തുക അനുവദിച്ചിട്ടില്ല. ജൂൺ നാലിന് ഇലക്ഷൻ പൂർത്തിയായശേഷം ഇക്കാര്യത്തിൽ നടപടിയുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.
3. സമുദായശക്തീകരണമാസാചരണത്തിന്റെ ക്ലാസ്സുകൾ കൂട്ടായ്മകളിൽ നടത്താത്ത ഇടവകകളുണ്ടെങ്കിൽ താമസിയാതെ നടത്തുമല്ലോ.
4. സർക്കാർ ക്ഷേമപദ്ധതികൾ, ഇ.ഡബ്ല്യു.എസ്. തുടങ്ങിയ വിവരങ്ങൾ അടങ്ങിയ ബുക്കുലെറ്റ് കാർപ് അതിരൂപതാ ഓഫീസിൽ ലഭ്യമാണ്. വില 10 രൂപ.
5. വിദ്യാർഥികൾക്ക് ഏറ്റവും പ്രായോഗികമായ കരിയർ ഗൈഡൻസ് നൽകുന്നതിനുള്ള ക്രമീകരണം കാർപ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ ഇടവകാംഗവും അതിരൂപതാ സിവിൽ സർവീസ് കോച്ചിങ്ങിന്റെ ചുമതലക്കാരനുമായ റെന്നി മാത്യുവിനെ വിളിക്കാവുന്നതാണ് (9495035010). ഇതുസംബന്ധിച്ച MAC TV യിലെ വീഡിയോ കുട്ടികളെ കാണിക്കുമല്ലോ.
6. കാർപിന്റെ വെബ്സൈറ്റായ carpchanganacherry.com ൽ സർക്കാർപദ്ധതികൾ, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച് അറിയിപ്പുകൾ നൽകുന്നുണ്ട്.
7. സർക്കാരിന്റെ കരിയർ/ എജ്യുക്കേഷൻ ഗൈഡൻസ് പദ്ധതിയായ *നോളജ് മിഷന്റെ* ഭാഗമായി ഇടവകകളിൽ പ്രവർത്തിക്കാൻ താത്പര്യമുള്ളവർ കാർപ് ഡയറക്ടറെ സമീപിക്കുക.

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റേഴ്സ്)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

■

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസ്സിൽനിന്നും ആശംസകൾ!**

ജീവിതത്തിൽ ഇന്നുവരെ അനുഭവിച്ചിട്ടില്ലാത്ത ഭയാനകമായ വേനൽക്കാലം കടന്നുപോയി. ഇനി പ്രതീക്ഷയോടെ കാത്തിരിക്കുന്ന മഴക്കാലം വരവായി. എന്നാൽ, കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി സംഭവിച്ച ഉഷ്ണതരംഗം വരുത്തിവെക്കുന്ന പ്രശ്നങ്ങൾ തുടർന്നും നമ്മെ വേട്ടയാടുമെന്നു കാലാവസ്ഥാ നിരീക്ഷകർ മുന്നറിയിപ്പു നൽകിക്കഴിഞ്ഞു. ഇത്തവണ കാലവർഷം ശക്തമായിരിക്കുമെന്ന മുന്നറിയിപ്പു വേണ്ടവിധം മനസ്സിലാക്കി മുന്നൊരുക്കം നടത്തിയില്ലെങ്കിൽ വൻദുരന്തങ്ങൾക്കു കാരണമായിത്തീരും. പൊതുവേ നമ്മുടെ നാട്ടിൽ മഴക്കാലം പ്രളയത്തിനും പ്രകൃതിദുരന്തങ്ങൾക്കും ഇടയാകാറുണ്ട്. സ്കൂൾ തുറക്കുന്ന സമയമായതിനാൽ സാമ്പത്തികപ്രതിസന്ധി സാധാരണക്കാരെ അലട്ടുന്ന ഈ സമയത്തു ദീർഘവീക്ഷണത്തോടെ ദുരന്താഘാതലഘൂകരണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ എല്ലാത്തലങ്ങളിലും ബോധപൂർവമായ പരിശ്രമമുണ്ടായേതീരൂ. സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കാതെ ആരോഗ്യപരിപാലനപ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പു നേതൃത്വംനൽകണം. ദുരന്തനിവാരണമേഖലയിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ ഏകോപനം സമയബന്ധിതമായി നടപ്പിൽവരുത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ നടപടികളുണ്ടാകണം. സർക്കാർ-സർക്കാരിതരസംവിധാനങ്ങളോടുചേർന്നു ദുരന്താഘാതലഘൂകരണപ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ ചാസ്സിന്റെ പ്രാദേശികയൂണിറ്റുകളും സ്വയംസഹായ-കർഷകസംഘങ്ങളും മുന്നിട്ടിറങ്ങണം. സാമ്പത്തികക്ലേശം അനുഭവിക്കുന്ന നമ്മുടെ സ്വാശ്രയ സംഘങ്ങൾക്കും മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമംഗങ്ങൾക്കും മിതമായ നിരക്കിൽ വായ്പകൾ ലഭ്യമാക്കാനും സാമ്പത്തികസഹായങ്ങൾ നൽകാനും പ്രാദേശികയൂണിറ്റുകൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഒപ്പം വ്യക്തിശുചിത്വത്തിനും പരിസരശുചിത്വത്തിനും വേണ്ട മുൻകരുതലുകളെടുക്കാനും ജനങ്ങളെ ബോധവത്കരിക്കാനും ചാസ്സ് യൂണിറ്റുകൾ ശ്രമിക്കണമെന്ന് അഭ്യർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

## കേന്ദ്രവാർത്തകൾ

### എസ്.ബി.ഐ. ലൈഫ് ഇന്റർവ്യൂ

എസ്.ബി.ഐ. ലൈഫ് പദ്ധതിയിൽ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്കു ജോലിയുറപ്പാക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായി സഹകരിച്ചു ചാസ്സ് ഏപ്രിൽ 26നു ചാസ്സ് കോൺഫ്രൻസ് ഹാളിൽ ഇന്റർവ്യൂ സംഘടിപ്പിച്ചു. പങ്കെടുത്ത 83 പേരിൽ 17 പേർക്കു ജോലി

ലഭിച്ചു. തുടർന്നും അഭിമുഖങ്ങൾ സംഘടിപ്പിക്കുന്നതാണെന്ന് എസ്.ബി.ഐ. അധികൃതർ അറിയിച്ചിട്ടുണ്ട്. രണ്ടാംഘട്ടം ഇന്റർവ്യൂ **മെയ് 23നു** നടത്തപ്പെടുന്നതാണ്.

### വാർഷികാവലോകനവും പദ്ധതിരൂപീകരണവും

2023-2024 കാലയളവിലെ ചാസ്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2024-2025 സാമ്പത്തികവർഷത്തെ പദ്ധതിരൂപരേഖയും ബജറ്റും തയ്യാറാക്കുന്നതിനുമായി എസ്.എൽ.സി.എ. കോൺഫറൻസ് ഹാളിൽ മെയ് 6, 7, 8, 15 തീയതികളിൽ ചാസ്സ്-ആനുവൽ പ്ലാനിങ് ആൻഡ് ഇവാലുവേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ്സിന്റെ ഡയറക്ടർമാരും സ്റ്റാഫംഗങ്ങളും ഒന്നുചേർന്നു ചർച്ചകളും വിലയിരുത്തലുകളും നടത്തി. കാരിത്താസ് ഇൻഡ്യ നാച്ചുറൽ റിസോഴ്സ് മാനേജുമെന്റ് മാനേജർ ഡോ. വി.ആർ. ഹരിദാസിന്റെ ഇൻപുട്ട് സെഷനോടുകൂടി ആരംഭിച്ച പ്രോഗ്രാമിൽ യൂണിറ്റ്, മേഖലാതലങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തി അടുത്തവർഷത്തേക്കുള്ള പ്രവർത്തനരൂപരേഖ തയ്യാറാക്കി.

### സോഷ്യൽവർക്ക് വിദ്യാർഥികൾക്ക് ഓറിയന്റേഷൻ

ചാസ്സിന്റെ പ്രവർത്തനമേഖലകൾ, സാമൂഹ്യസേവനരംഗത്തെ വെല്ലുവിളികൾ എന്നിവയെക്കുറിച്ച് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലെ എം.എസ്. ഡബ്ല്യു. വിദ്യാർഥികൾക്കുവേണ്ടി മെയ് 10ന് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ നേതൃത്വംനൽകി.

### കരാട്ടെ ക്ലാസ്സ് ഉദ്ഘാടനം

ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന KO-IN-CHI അക്കാഡമി ഓഫ് മാർഷൽ ആർട്സുമായി സഹകരിച്ചു ചാസ്സ് മെയ് നാലു മുതൽ കരാട്ടെ ക്ലാസ്സ് ആരംഭിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അധ്യക്ഷതവഹിച്ചു. അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. ഉദ്ഘാടനംചെയ്തു. ആയോധനകലയുടെ അഖിലലോകസംഘടനയായ ദ വേൾഡ് മാർഷൽ ആർട്സ് ഫെഡറേഷൻ (യു.എസ്.എ.) ഏഷ്യൻ ഡയറക്ടറും കരാട്ടെയിൽ ഹോൾ ഓഫ് ഓണർ പദവിയും ലഭിച്ചിട്ടുള്ള ഗ്രാന്റ് മാസ്റ്റർ വി.ഇസ്സെഡ്. സെബാസ്റ്റ്യന്റെ നേതൃത്വത്തിലാണു പരിശീലനം നൽകുന്നത്. ഞായറാഴ്ചകളിൽ വൈകുന്നേരം നാലിനു ചാസ്സ് കേന്ദ്രഓഫീസിൽ പരിശീലനം നടത്തിവരുന്നു.

### കെയർ എ ഫാമിലി പ്രോഗ്രാം

കെയർ എ ഫാമിലിയിലെ അംഗങ്ങളുടെ കുടുംബങ്ങൾക്കു സ്വയംതൊഴിൽ പദ്ധതിവഴി വരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായി നെടുങ്കുന്നം, കോട്ടയം, മണിമല മേഖലകളിലെ 13 കുടുംബങ്ങളെ തെരഞ്ഞെടുത്തു പതിനായിരം രൂപ വീതം സാമ്പത്തികസഹായം നൽകി. മേഖലാ കോഡിനേറ്റർമാരും കെയർ എ ഫാമിലി പ്രൊജക്റ്റ് കോഡിനേറ്ററും ഭവനസന്ദർശനം നടത്തി ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ കണ്ടെത്തിയാണു സഹായം ലഭ്യമാക്കിയത്.

## സ്ട്രാറ്റജിക് പ്ലാൻ വർക്ക്ഷോപ്

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 14നു കോട്ടയം ആമോസ് സെന്ററിൽ സംഘടിപ്പിച്ച രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളുടെ സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കൽ വർക്ക്ഷോപ്പിൽ ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലും ഫോക്കൽ പേഴ്സൺ സി. സെൽമ എസ്.ആർ.എ.യും പങ്കെടുത്തു.

## ബാങ്ക് ലോൺ ലഭ്യമാക്കൽ

ജെ.എൽ.ജി. അംഗങ്ങൾക്കു സ്വയംതൊഴിൽസംരംഭം ഏറ്റെടുത്തു നടത്തുന്നതിനും കാർഷികാവശ്യങ്ങൾക്കുമായി ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക് എന്നിവിടങ്ങളിൽനിന്നും 28 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *SHG* | *JLG* | *യൂണിറ്റ്* | *തുക* |
|---|---|---|---|---|
| മെയ് 05 | ഹെവന്യയ | എയ്ഞ്ചൽ | ഫാത്തിമാപുരം | 400000 |
| മെയ് 13 | തളിർ | ഇതൾ | പൊടിപ്പാറ | 400000 |
| മെയ് 13 | തളിർ | സൂര്യ | ഫാത്തിമാപുരം | 300000 |
| മെയ് 13 | ചൈതന്യ | റിഥം | ഫാത്തിമാപുരം | 400000 |
| മെയ് 16 | തളിർ | ആദിത്യ | ഫാത്തിമാപുരം | 300000 |
| മെയ് 16 | പുലരി | കരുണ | കത്തീഡ്രൽ | 500000 |
| മെയ് 16 | പുലരി | കാരുണ്യ | കത്തീഡ്രൽ | 500000 |

## ചാസ്സ്-സ്വാശ്രയവിപണി ആദായവിൽപന

'ലൗദാത്തോ സീ' കാർബൺന്യൂട്രൽ വാരാചരണത്തിന്റെ ഭാഗമായി 138-ാമത് അതിരൂപതാദിനത്തോടനുബന്ധിച്ച് (മെയ് 20) കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയങ്കണത്തിൽ ചാസ്സ്-സ്വാശ്രയവിപണി ഉത്പന്നങ്ങൾ, ഫലവൃക്ഷത്തൈകൾ, നോട്ടുബുക്ക്, കോട്ടൺ സാനിട്ടറി പാഡ് എന്നിവയുടെ പ്രദർശനവും വിപണനവും സംഘടിപ്പിച്ചു.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| മെയ് 15 | കുറുമ്പനാടം | സാന്ത്വനം | 11 |
| മെയ് 21 | തൃക്കൊടിത്താനം | പുണ്യാളൻ | 19 |

## ചാസ്സ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

**1) SHG മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 10,000/- രൂപ വീതം 5 കുടുംബങ്ങൾക്ക് 50,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 670. ജസീന്ത ആർ. | സ്നേഹ | ഡാലുമുഖം | അമ്പൂരി |
| 671. ലാലി കെ. ജോസഫ് | സ്മാർട്ട് | മുട്ടാർ ഓൾഡ് | എടത്വാ |
| 672. കത്രീന സെബാസ്റ്റ്യൻ | അതുല്യ | നാൽപാത്തിമല | അതിരമ്പുഴ |
| 673. കുഞ്ഞമ്മ കുര്യൻ | സമൃദ്ധി | നാൽപാത്തിമല | അതിരമ്പുഴ |
| 674. ലീലാമ്മ കുര്യൻ | അർച്ചന | വെട്ടിമുകൾ | അതിരമ്പുഴ |

**2) മ്യൂചൽ ബനഫിറ്റ് സ്കീം (MBS)** ഒരു കുടുംബത്തിന് 10,000/- രൂപ വീതം 23 കുടുംബങ്ങൾക്ക് 2,30,000/ രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1047. അന്നമ്മ വർഗീസ് പുളിയ്ക്കൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 1048. ആൻസി ജോസഫ് കളത്തിൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 1049. ഏലിക്കുട്ടി സേവ്യർ എഴുവന്താനം | പായിപ്പാട് | തൃക്കൊടിത്താനം |
| 1050. ഗ്രിഗറി ഫ്രാൻസിസ് പതിനാലിൽചിറ | കല്ലൂർകാട് | ചമ്പക്കുളം |
| 1051. കത്രിക്കുട്ടി യോഹന്നാൻ | പനയമ്പാല | നെടുങ്കുന്നം |
| 1052. ചാക്കോ മാത്യു നമ്പിമഠം | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 1053. പി.ജെ. മിഖായേൽ പാലപ്പള്ളി | പുന്നമട | ആലപ്പുഴ |
| 1054. കുഞ്ഞമ്മ കുര്യൻ അരേക്കോട്ടിൽ | നാൽപാത്തിമല | അതിരമ്പുഴ |
| 1055. കത്രീന സെബാസ്റ്റ്യൻ ഇരുമ്പൂന്നിമല | നാൽപാത്തിമല | അതിരമ്പുഴ |
| 1056. മറിയാമ്മ ചാക്കോ പ്രാക്കുഴി | മാമ്മൂട് | കുറുമ്പനാടം |
| 1057. കെ.വി. മാത്യു കോട്ടൂപ്പള്ളിയിൽ | ചേപ്പുംപാറ | കോട്ടയം |
| 1058. ലൂർദ് മാണി ജേക്കബ് കട്ടക്കയം | കുമരകം വടക്കുംകര | കുടമാളൂർ |
| 1059. ജോർജ് മാത്യു പുളിങ്ങാപ്പള്ളിയിൽ | ഏറ്റുമാനൂർ | അതിരമ്പുഴ |
| 1060. കോര ജോസഫ് ചക്കുപുരയ്ക്കൽ | മുട്ടാർ സി.എം.ഐ. | എടത്വാ |
| 1061. അനിത സജീവ് ഏറ്റുമാനൂർവള്ളിക്കാട്ട് | വെട്ടിമുകൾ | അതിരമ്പുഴ |
| 1062. ലാലി കെ. ജോസ് കണിച്ചേരിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 1063. ഏലിക്കുട്ടി ചെറിയാൻ | മുട്ടാർ ഓൾഡ് | എടത്വാ |
| 1064. മേഴ്സി തോമസ് ഊന്നുകളംതൊട്ടിയിൽ | കട്ടച്ചിറ | അതിരമ്പുഴ |
| 1065. സെലിനാമ്മ മത്തായി കട്ടത്തറ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1066. ത്രേസ്യാമ്മ മാത്യു പുളിയ്ക്കൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 1067. സാബു മൂക്കാശ്ശേരി | മുടിയൂർക്കര | കുടമാളൂർ |
| 1068. തങ്കമ്മ രാഘവൻ വടക്കേവെളി | കലവൂർ | ആലപ്പുഴ |
| 1069. ദേവസ്യ ചെറിയാൻ പെരുമ്പടമ്പിൽ | മുട്ടാർ ന്യൂ (കുമരംചിറ) | എടത്വാ |

## മേഖലാവാർത്തകൾ

### അമ്പൂരി

**വാർഷികപ്പൊതുയോഗം:** രാജഗിരിയൂണിറ്റിന്റെ 2023-2024 വാർഷികപ്പൊതുയോഗം ഏപ്രിൽ 28നു യൂണിറ്റ് പ്രസിഡന്റ് സജോ വർഗീസിന്റെ അധ്യക്ഷതയിൽ സമ്മേളിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. വർഗീസ് നമ്പിശ്ശേരിക്കളം പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്തവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്കു നേതൃത്വംനൽകുകയും ചെയ്തു. സെക്രട്ടറി ജോസഫ് കല്ലുവേലി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

*ശേഷം പേജ് 76ൽ...»*

# ചാസ്സ്-ഖാദി ഗ്രാമവ്യവസായമേഖല

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ (കെ.ജി.വി.) ആഭിമുഖ്യത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ആരംഭിച്ച കോഴ്സുകൾ.

**സയൻസ് ഇൻ ഡെയ്‌ലി ലൈഫ് / ഇലക്ട്രിക്കൽ റിപ്പയറിങ് കോഴ്സ്**

ഏപ്രിൽ 24 മുതൽ മെയ് 24 വരെ കുരിശുമ്മൂട് മീഡിയ വില്ലേജിൽ ഇലക്ട്രിക്കൽ റിപ്പയറിങ്ങിനു മുൻഗണന നൽകി ഒരുമാസത്തെ സയൻസ് ഇൻ ഡെയ്‌ലി ലൈഫ് കോഴ്സ് നടത്തി. കോളേജ് പ്രിൻസിപ്പൽ ഫാ. ജോസഫ് പാറയ്ക്കൽ ഉദ്ഘാടനംചെയ്തു. 42 പേർ പങ്കെടുത്തു.

**കട്ടിങ് & ടെയ്‌ലറിങ് ത്രൈമാസകോഴ്സ്**

ചേന്നങ്കരി സെന്റ് ജോസഫ് ട്രസ്റ്റിന്റെ സഹകരണത്തോടെ മെയ് മൂന്നിനു കട്ടിങ് & ടെയ്‌ലറിങ് ത്രൈമാസകോഴ്സ് ആരംഭിച്ചു. ചാസ്സ്-ഖാദി അസ്സി. ഡയറക്ടർ ഫാ. വർഗീസ് നമ്പിമഠം ഉദ്ഘാടനംചെയ്തു. 20 പേർ പങ്കെടുത്തു.

**കട്ടിങ് & ടെയ്‌ലറിങ് ത്രൈമാസകോഴ്സ്**

മല്ലപ്പള്ളി കെ.ജി.വി.യിൽ മെയ് 13നു കട്ടിങ് & ടെയ്‌ലറിങ് ത്രൈമാസ കോഴ്സ് ആരംഭിച്ചു. കെ.ജി. വിദ്യാലയ പ്രിൻസിപ്പൽ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനംചെയ്തു. 15 പേർ പങ്കെടുത്തു.

**പഴവർഗസംസ്കരണം**

മുണ്ടക്കയം വണ്ടൻപതാൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ മെയ് 17ന് ഏഴുദിവസത്തെ പഴവർഗസംസ്കരണകോഴ്സും ബീ-കീപ്പിങ് കോഴ്സും സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഫൈസൽ ഉദ്ഘാടനംചെയ്തു. 38 പേർ പങ്കെടുത്തു.

**ബീ കീപ്പിങ് ഹോബി കോഴ്സ്**

മല്ലപ്പള്ളി കെ.ജി.വി.യിൽ മെയ് 20ന് ഏഴുദിവസത്തെ ബീ കീപ്പിങ് ഹോബി കോഴ്സ് ആരംഭിച്ചു. കെ.ജി. വിദ്യാലയ പ്രിൻസിപ്പൽ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനംചെയ്തു. 45 പേർ പങ്കെടുത്തു.

**ജൂൺമാസത്തിൽ ആരംഭിക്കുന്ന കോഴ്സുകളിലേക്ക് അപേക്ഷക്ഷണിച്ചു**

| പ്രോഗ്രാം | തുടങ്ങുന്ന തീയതി | കാലാവധി | സ്റ്റൈപ്പന്റ് | സ്ഥലം | പങ്കെടുക്കുന്നവർ |
|---|---|---|---|---|---|
| കാർപെന്ററി പരിശീലനം | 10.06.2024 | 6 മാസം | 3000/- പ്രതിമാസം | ചാസ്സ് ഫർണിച്ചർ, മാമ്മൂട് | 10 |
| ഖാദി നെയ്ത്ത് | 24.06.2024 | 6 മാസം | 3000/- പ്രതിമാസം | ഖാദി വിദ്യാലയ, മല്ലപ്പള്ളി | 20 |
| ബേക്കറി പരിശീലനം | 18.06.2024 | 2 മാസം | | ഖാദി വിദ്യാലയ, മല്ലപ്പള്ളി | 20 |

**ഖാദിക്കു സ്പെഷ്യൽ റിബേറ്റ് (മെയ് 27 മുതൽ ജൂൺ ഒന്നുവരെ)**

സ്കൂൾ തുറക്കുന്നതോടനുബന്ധിച്ചു ഖാദി വസ്ത്രങ്ങൾക്കു സർക്കാർ പ്രഖ്യാപിച്ച 30% സ്പെഷ്യൽ റിബേറ്റ് മെയ് 27 മുതൽ ജൂൺ ഒന്നുവരെ ചാസ്സിന്റെ കോട്ടയം, ചങ്ങനാശ്ശേരി, മല്ലപ്പള്ളി ഖാദിഭവനുകളിൽ ലഭ്യമാണ്.

**ഫാ. ജോർജ് പനക്കേഴം**
*(ചാസ്സ്-ഖാദി ഡയറക്ടർ)*
*9496807124*

**ഫാ. തോമസ് കുളത്തുങ്കൽ**
*(എക്സിക്യൂട്ടീവ് ഡയറക്ടർ)*
*9455211827*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ ചാസ്സ്-ഖാദി)*
*9633521483*

**ഫാ. ജോർജ് തൈച്ചേരിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9497391959*

■

*» ചാസ്സ് തുടർച്ച...*

**ചമ്പക്കുളം**

**കാർപെറ്റ് നിർമാണപരിശീലനം:** വടക്കേ അമിച്ചകരിയൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന തയ്യൽപരിശീലനത്തിൽ പങ്കെടുക്കുന്ന വനിതകൾക്കു മെയ് 15നു കാർപെറ്റ് നിർമാണത്തിൽ പരിശീലനം സംഘടിപ്പിച്ചു.

**യൂണിറ്റ് ശക്തീകരണം**

**കണ്ടങ്കരി:** മെയ് 19നു ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ കണ്ടങ്കരി സെന്റ് ജോസഫ്സ് പള്ളി സന്ദർശിക്കുകയും യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനെക്കുറിച്ചു സംസാരിക്കുകയും പുതിയഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ സംബന്ധിക്കുകയും ചെയ്തു.

**മണിമല**

**യൂണിറ്റ് ശക്തീകരണം:** മണിമല ന്യൂ സെന്റ് ബേസിൽസ് പള്ളിയിൽ ഫാ. മാത്യു ചൂരവടിയുടെ നേതൃത്വത്തിൽ ചാസ്സ് യൂണിറ്റ് രൂപീകരിച്ചു; ഭാരവാഹികളെ തെരഞ്ഞെടുത്തു.

**നെടുങ്കുന്നം**

**തയ്യൽപരിശീലനസമാപനം:** നെടുങ്കുന്നംമേഖലയിലെ സേവ് എ ഫാമിലി കുടുംബോദ്ധാരണപദ്ധതിയിലംഗങ്ങളായ 10 വനിതകൾക്കായി നടപ്പിലാക്കിയ മൂന്നുമാസത്തെ തയ്യൽപരിശീലനം മെയ് 17നു സമാപിച്ചു. പരിശീലനാർഥികൾക്കു സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തു.

**പുളിങ്കുന്ന്**

**കപ്പക്കൃഷി വിളവെടുപ്പ്:** കായൽപ്പുറംയൂണിറ്റിൽ പ്രവർത്തിക്കുന്ന 'കൃപയാൽ' സ്വാശ്രയസംഘത്തിന്റെ കപ്പക്കൃഷിയുടെ വിളവെടുപ്പു നടത്തി.

**ഊർജിതം 2024:** സ്വാശ്രയസംഘശക്തീകരണത്തിന്റെ ഭാഗമായി മെയ് ഒമ്പതിനു കായൽപ്പുറംയൂണിറ്റിലെ 'ലോട്ടസ്, കൃപയാൽ' സ്വാശ്രയസംഘങ്ങൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി. ഈ സാമ്പത്തികവർഷത്തിൽ സംഘങ്ങളിൽ പ്രാവർത്തികമാക്കേണ്ട വിഷയങ്ങളെക്കുറിച്ചു മേഖലാ കോഡിനേറ്റർ ബിനു ജോസഫ്, മഹിളാസമാജം ഭാരവാഹി ആശ സന്തോഷ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

■

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2023 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2024 മെയ് 21 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | **ഇടവക** | **ആകെ സമാഹരിച്ച തുക** | **അതിരൂപതയിൽ ലഭിച്ച തുക** |
|---|---|---|---|
| 160 | മാന്നില | 87300 | 35120 |
| 161 | ചെത്തിപ്പുഴ | 724615 | 290747 |
| 162 | വായ്പൂർ ഓൾഡ് | 38260 | 15304 |
| 163 | ചീപ്പുങ്കൽ | 27150 | 10860 |
| 164 | കുമരകം വടക്കുംകര | 89400 | 35760 |
| 165 | പൊങ്ങ | 42350 | 17000 |
| 166 | നരിക്കൽ | 12160 | 4864 |
| 167 | മണ്ണഞ്ചേരി | 43650 | 17460 |
| 168 | മരിയാപുരം | 72320 | 28928 |
| 169 | വടക്കേക്കര | 214550 | 85820 |
| 170 | തെക്കേക്കര സെന്റ് സെബാസ്റ്റ്യൻസ് | 19400 | 7760 |
| 171 | ഈര | 18550 | 18550 |
| 172 | തോട്ടയ്ക്കാട് | 187750 | 75100 |
| 173 | നിർമലപുരം | 8900 | 3500 |
| 174 | കായൽപുറം സെന്റ് ജോസഫ്സ് | 44850 | 17940 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു **ഏപ്രിൽ 20 മുതൽ മെയ് 21 വരെ** ഇടവക/ സംഘടനകളിൽനിന്നും ലഭിച്ച സംഭാവന.

| | **ഇടവക / സംഘടന** | **തുക** |
|---|---|---|
| | മാർത്ത് മറിയം ബസിലിക്ക-ചമ്പക്കുളം | 250000 |
| | തോമാശ്ലീഹാ പള്ളി-കൊല്ലം | 30000 |
| | സെന്റ് മേരീസ് ഫൊറോനാ ചർച്ച്-പുളിങ്കുന്ന് | 10000 |
| | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്-അയർക്കുന്നം | 10000 |

■

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

ഈശോയിൽ പ്രിയ അച്ചന്മാരേ, ഡി.എഫ്.സി. പ്രവർത്തകരേ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്,

സാമൂഹ്യപ്രതിബദ്ധതയോടും കെട്ടിലും മട്ടിലും പ്രൗഢമായും ലാഭകരമായും ദീപിക പ്രവർത്തിക്കുന്നുണ്ടെന്ന വിവരം അറിയിക്കുന്നു.

**ഡി.എഫ്.സി. സംസ്ഥാനകൺവെൻഷൻ**

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ NESTT ൽ (നിർമല സെന്റർ ഫോർ എജ്യുക്കേഷണൽ സ്പിരിചൽ ആൻഡ് തിയളോജിക്കൽ ട്രെയിനിങ്) മെയ് 18, 19 തീയതികളിൽ നടത്തപ്പെട്ട സംസ്ഥാന കൺവെൻഷനിൽ അതിരൂപതയിൽനിന്നുള്ള 29 പ്രതിനിധികൾ അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിലിന്റെ നേതൃത്വത്തിൽ പങ്കെടുത്തു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോർജ് മഠത്തികണ്ടത്തിൽ, മാർ ജോസ് പുളിയ്ക്കൽ എന്നീ അഭി. പിതാക്കന്മാരും ദീപിക മാനേജിങ് ഡയറക്ടർ ഫാ. ബെന്നി മുണ്ടനാട്ട്, ദീപിക ചീഫ് എഡിറ്റർ ഫാ. ജോർജ് കുടിലിൽ, ഡി.എഫ്.സി. സംസ്ഥാനഡയറക്ടർ ഫാ. റോയി കണ്ണഞ്ചിറ സി.എം.ഐ., ജോയിന്റ് ഡയറക്ടർ ഫാ. സ്കറിയ പുന്നമറ്റത്തിൽ, മുൻ മാനേജിങ് ഡയറക്ടർ ഫാ. മാണി പുതിയിടം തുടങ്ങിയവരും പങ്കെടുത്തു. സംഘടനാഭാരവാഹികൾ ഉൾപ്പെട്ട പാനൽ ചർച്ചകളും ഗ്രൂപ്പുചർച്ചകളും കൺവെൻഷനിലുണ്ടായിരുന്നു. കൺവെൻഷനിൽ മുൻകാല ഡി.എഫ്.സി. സംസ്ഥാനഭാരവാഹികളെയും മുൻ മാനേജിങ് ഡയറക്ടറെയും ആദരിച്ചു. കൺവെൻഷനിൽനിന്നു ലഭിച്ച ഊർജവും ചൈതന്യവും ദീപികയുടെ വളർച്ചയ്ക്കായി ഉപയോഗിക്കാം. അതിരൂപതയെ പ്രതിനിധീകരിച്ചു കൺവെൻഷനിൽ പങ്കെടുത്ത ഡി.എഫ്.സി. പ്രവർത്തകർക്കു നന്ദിയറിയിക്കുന്നു.

**അതിരൂപതാസമിതിയുടെ ഫൊറോനാസന്ദർശനങ്ങൾ**

അതിരൂപതാസമിതിയുടെ ഫൊറോനാസന്ദർശനങ്ങൾ ജൂൺമാസത്തിൽ പൂർത്തീകരിക്കുന്നതാണ്.

**ഫൊറോനാസമിതിയുടെ ഇടവകതലസന്ദർശനങ്ങൾ**

ഫൊറോനാസമിതിയുടെ ഇടവകതലസന്ദർശനങ്ങൾ ജൂൺ, ജൂലൈ മാസങ്ങളിൽ പൂർത്തീകരിക്കുകയും അവയുടെ റിപ്പോർട്ട് അതിരൂപതാ ഡയറക്ടർക്കു നൽകുകയും ചെയ്യേണ്ടതാണ്.

**ദീപിക നമ്മുടെ ഭാഷാപദ്ധതി**

2024–2025 അധ്യയനവർഷാരംഭത്തിൽതന്നെ ഫൊറോനകളിലും ഇടവകകളിലുമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി സ്പോൺസേഴ്സിനെ കണ്ടെത്തി നടപ്പിലാക്കാൻ ഫൊറോന-ഇടവകതല ഡി.എഫ്.സി. ഭാരവാഹികൾ ഉത്സാഹിക്കുമല്ലോ.

*ശേഷം പേജ് 82ൽ...»*

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### സപ്തതിസ്മാരക ആർച്ച് ഉദ്ഘാടനവും നാൾവഴികളുടെ അനാച്ഛാദനവും

സെന്റ് തോമസ് ഹോസ്പിറ്റൽ സപ്തതിസ്മാരക ആർച്ചിന്റെ ഉദ്ഘാടനവും ആശുപത്രിയുടെ എഴുപതുവർഷത്തെ വളർച്ച വിവരിക്കുന്ന നാൾവഴികളുടെ അനാച്ഛാദനവും എഴുപതാംവാർഷികാഘോഷങ്ങളുടെ ഭാഗമായി പൂർത്തീകരിച്ച നവീനപ്രവർത്തനങ്ങളുടെ ആശീർവാദവും മെയ് ഒമ്പതിന് അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു.

### ഇരവുചിറയിൽ സെന്റ് തോമസ് ഹെൽത്ത് സെന്റർ പ്രവർത്തനമാരംഭിച്ചു

ഏഴുപതിറ്റാണ്ടുകളായി ആരോഗ്യപരിപാലനരംഗത്തു പ്രവർത്തിക്കുന്ന അതിരൂപതയുടെ ആതുരപരിപാലനകേന്ദ്രമായ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ സബ്സെന്ററായി സെന്റ് തോമസ് ഹെൽത്ത് സെന്റർ തോട്ടയ്ക്കാട് ഇരവുചിറയിൽ മെയ് ഒന്നിനു പ്രവർത്തനമാരംഭിച്ചു. തിങ്കൾ മുതൽ ശനി വരെ ജനറൽ മെഡിസിൻവിഭാഗത്തിൽ ഡോ. സി.ഇ.എം. റോയി, ഡോ. ജേക്കബ് കോയിപ്പള്ളിൽ, പീഡിയാട്രിക്സ്‌വിഭാഗത്തിൽ ഡോ. പ്രകാശ് സി. നൈനാൻ, ഒബ്സ്റ്റെട്രിക്സ് & ഗൈനക്കോളജിവിഭാഗത്തിൽ ഡോ. അനൂപ് കൃഷ്ണൻ, ജനറൽ & ലാപറോസ്കോപിക് സർജറിവിഭാഗത്തിൽ ഡോ. മെർവിൻ കെ. മാർക്ക് എന്നിവരുടെ സേവനം ലഭ്യമാണ്. മികച്ചപരിചരണം ഉറപ്പാക്കാനായി എമർജെൻസി കെയർ, ഫാർമസി, ലാബ്, ഒബ്സർവേഷൻ റൂം എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ആശുപത്രിയുടെ എഴുപതാം വാർഷികത്തോടനുബന്ധിച്ചു മെയ് ഒന്നുമുതൽ ജൂലൈ 31 വരെ സൗജന്യ ഒ.പി. കൺസൾട്ടേഷൻ നൽകുന്നതാണ്. ഹെൽത്ത് സെന്ററിൽ ലാബ് സേവനങ്ങൾ രാവിലെ 6.30 മുതൽ വൈകുന്നേരം 6 വരെ ലഭ്യമാണ്.

### അത്യാധുനിക ഡിജിറ്റൽ റേഡിയോഗ്രഫി യൂണിറ്റ്

രോഗനിർണയത്തിനും റേഡിയോളജി ഇമേജിങ് സേവനങ്ങൾ വളരെ വ്യക്തതയോടെയും കൃത്യതയോടെയും അതിവേഗത്തിൽ നൽകുന്നതിനായി നവീനശ്രേണിയിലുള്ള അത്യാധുനിക ഡിജിറ്റൽ റേഡിയോഗ്രഫി യൂണിറ്റ് AGFA DuraLine XD14 & XD+14 (DR Detector) ഹോസ്പിറ്റലിൽ സ്ഥാപിച്ചു.

കൂടുതൽ വ്യക്തതയുള്ള എക്സ്-റേ ഇമേജുകൾ, വളരെക്കുറഞ്ഞ പ്രോസസ്സിങ് സമയം, രോഗിക്കു കുറഞ്ഞ എക്സ്-റേ എക്സ്പോഷർ, ദ്രുതഗതിയിലുള്ള ഇലക്ട്രോണിക് മെഡിക്കൽ റെക്കോഡ് ഡേറ്റ ട്രാൻസ്ഫർ എന്നിവ പുതുതായി സ്ഥാപിച്ച ഡിജിറ്റൽ റേഡിയോഗ്രഫിയുടെ സവിശേഷതകളാണ്.

### ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിങ് ഒന്നാമത്

കേരള നേഴ്സസ് യു.കെ. സംഘടിപ്പിച്ച 'മാലാഖമാരുടെ കലാലയം' മത്സരത്തിൽ ഏറ്റവും മികച്ച നേഴ്സിങ് കോളേജായി ചെത്തിപ്പുഴ സെന്റ് തോമസ്

കോളേജ് ഓഫ് നേഴ്സിങ് തെരഞ്ഞെടുക്കപ്പെട്ടു. മൂന്നുതലങ്ങളിലായി രാജ്യത്തെ ഇരുനൂറോളം നേഴ്സിങ് കോളേജുകൾ പങ്കെടുത്ത മത്സരത്തിൽ ആഴ്ചകൾ നീണ്ട വോട്ടിങ്ങിലൂടെയാണു സെന്റ് തോമസ് കോളേജ് ഒന്നാമതെത്തിയത്. വിജയത്തിനായി പ്രയത്നിച്ച, കോളേജിനെ സ്നേഹിക്കുന്ന പൂർവവിദ്യാർഥികൾക്കു ഹൃദയംനിറഞ്ഞ നന്ദിയറിയിക്കുന്നു.

**അഭിനന്ദനങ്ങൾ**

34 വർഷത്തെ സ്തുത്യർഹമായ നേഴ്സിങ്സേവനത്തിനുള്ള കാത്തലിക് നേഴ്സസ് ഗിൽഡിന്റെ സംസ്ഥാനതല ആദരവ് ഏറ്റുവാങ്ങിയ സ്റ്റാഫ്നേഴ്സ് സോളി ചാക്കോ, കാത്തലിക് നേഴ്സസ് ഗിൽഡിന്റെ സ്റ്റേറ്റ് ലെവൽ എലക്യൂഷൻ കോമ്പറ്റിഷനിൽ ഒന്നാംസ്ഥാനം നേടിയ ജീന ജേക്കബ് എന്നിവർക്കു സെന്റ് തോമസ് ഹോസ്പിറ്റൽ കുടുംബാംഗങ്ങളുടെ ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

**സൗജന്യ മെഡിക്കൽക്യാമ്പ്**

ആശുപത്രിയുടെയും ചമ്പക്കുളം ബസിലിക്ക ഇടവകയിലെ മാതൃ-പിതൃവേദികളുടെ സംയുക്താഭിമുഖ്യത്തിൽ ഏപ്രിൽ 28നു മെഡിക്കൽക്യാമ്പ് നടത്തി.

ചമ്പക്കുളം മാർത്ത് മറിയം ബസിലിക്ക റെക്ടർ ഫാ. ഗ്രിഗറി ഓണംകുളം ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. സഹൃദയ ഓർത്തോപീഡിക്സ്വിഭാഗം ഡോ. പി. ശിവസുബ്രഹ്മണ്യൻ, ഇ.എൻ.ടി.വിഭാഗം ഡോ. മാനസ കൃഷ്ണ, ഡെർമറ്റോളജിവിഭാഗം ഡോ. മറിയം ജോർജ്, ഒഫ്താൽമോളജിവിഭാഗം ഡോ. ലക്ഷ്മി പ്രസാദ് എന്നിവർ നേതൃത്വംനൽകി.

സൗജന്യമരുന്നുവിതരണം, പ്രമേഹം, യൂറിക് ആസിഡ്, ബ്ലഡ് പ്രഷർ, ഹീമോഗ്ലോബിൻ എന്നിവയുടെ പരിശോധനകളും കണ്ണുകളുടെ ടെസ്റ്റുകളും സൗജന്യമായിരുന്നു.

**സൗജന്യ ജനറൽ & താക്കോൽദ്വാര ശസ്ത്രക്രിയാക്യാമ്പ്**

ഏപ്രിൽ 29 മുതൽ മെയ് നാലുവരെ സൗജന്യ ജനറൽ താക്കോൽദ്വാര ശസ്ത്രക്രിയാക്യാമ്പ് സംഘടിപ്പിച്ചു. കൺസൾട്ടന്റ് ജനറൽ & ലാപറോസ്കോപ്പിക് സർജറിവിഭാഗം ഡോ. മുഹമ്മദ് ഇർഫാൻ, ഡോ. ഹസ്ന എച്ച്. എന്നിവരുടെ നേതൃത്വത്തിലാണു ക്യാമ്പ് നടത്തപ്പെട്ടത്. ക്യാമ്പിൽ പങ്കെടുത്ത രോഗികൾക്കു ഫ്രീ കൺസൾട്ടേഷനോടുകൂടിയാണ് ഇൻഹൗസ് ക്യാമ്പ് ക്രമീകരിച്ചത്. ബുക്കുചെയ്തവർക്കു ലാബ് പരിശോധനയിൽ 25% ഇളവും

ക്യാമ്പിൽ പങ്കെടുത്ത സർജറിയാവശ്യമായ രോഗികൾക്ക് 10% മുതൽ 30% വരെ ഇളവോടെ ശസ്ത്രക്രിയയും ക്രമീകരിച്ചു.

### വേൾഡ് ഡാൻസ് ഡേ

ഏപ്രിൽ 29നു സ്റ്റാഫംഗങ്ങൾക്കായി ഡാൻസ് ഡേ റീൽ കോമ്പറ്റിഷൻ നടത്തപ്പെട്ടു. മുൻകൂട്ടി നിശ്ചയിച്ചതിൻപ്രകാരം ഓരോ ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരുമിനിറ്റിൽ കൂടാത്ത ഡാൻസ് റീലുകൾ അയച്ചുതരുകയും കൃത്യ മായ നിബന്ധനകളോടെ അവ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ജന വിധിപ്രകാരം ലഭിക്കുന്ന ലൈക്കുകളുടെ അടിസ്ഥാനത്തിൽ വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു.

### നവീകരിച്ച കാന്റീൻ

മികച്ചസൗകര്യങ്ങളോടുകൂടി നവീകരിച്ച കാന്റീനിന്റെ ആശീർവാദകർമം മെയ് ഏഴിന് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ അസി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാർ, സ്റ്റാഫംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ നിർവഹിച്ചു.

### നേഴ്സസ് ഡേ വാരാചരണം

എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ പാതകയുയർത്തിക്കൊണ്ടു നേഴ്സസ് ഡേ വാരാചരണാഘോഷങ്ങൾക്കു തുടക്കംകുറിച്ചു. അസി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ ആശംസകളർപ്പിച്ചു. തുടർന്നു സ്റ്റാഫ് നേഴ്സുമാർ ഹോസ്പിറ്റൽ ഡയറക്ടേഴ്സ്, മേട്രൺ, ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാർ എന്നിവരുടെ സാന്നിധ്യത്തിൽ പ്രതിജ്ഞ ചെയ്യുകയും മധുരം പങ്കുവെക്കുകയും ചെയ്തു. നേഴ്സസ് ഡേ വാരാചരണത്തിന്റെ ഭാഗമായി ആശുപത്രിയങ്കണത്തിൽ പൊതുജനങ്ങൾക്കായി ബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു. ഭക്ഷണപദാർഥങ്ങൾ തൊണ്ടയിൽ കുടുങ്ങിയാൽ തത്ക്ഷണം എന്തുചെയ്യണമെന്നതിനെക്കുറിച്ച് ഇൻഫെക്ഷൻ കൺട്രോൾ ഡിപ്പാർട്ടു മെന്റിലെ ഷോൺ സംസാരിച്ചു.

### മോട്ടിവേഷൻ ക്ലാസ്സ്

നേഴ്സസ് വാരാചരണത്തിന്റെ ഭാഗമായി *നേഴ്സസിന്റെ സ്ട്രെസ് എങ്ങനെ തടയാം* എന്നവിഷയത്തെ ആസ്പദമാക്കി ബോധവത്കരണക്ലാസ്സ് സംഘ ടിപ്പിച്ചു. സൈക്കോളജിവിഭാഗം മേധാവി ഡോ. ശ്രീജിത്ത് നായർ ക്ലാസ്സിനു നേതൃത്വംനൽകി. ഡിപ്പാർട്ടുമെന്റുകളിൽനിന്നു സ്റ്റാഫംഗങ്ങൾ പങ്കെടുത്തു. ജോലി സമയത്തുണ്ടാകുന്ന ബുദ്ധിമുട്ടുകളും അവയെ എങ്ങനെ പ്രതിരോ ധിക്കാം, രോഗികളോടും കൂട്ടിരിപ്പുകാരോടും ഇടപഴകുമ്പോൾ ഉണ്ടാകുന്ന മാനസികപ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം എന്നിവയെക്കുറിച്ചുള്ള വിശദ മായ വിവരങ്ങളടങ്ങിയതായിരുന്നു ക്ലാസ്സ്. തന്മയത്വപരമായും ഉത്തരവാദിത്വ ബോധത്തോടെയും ഒരു പ്രശ്നത്തെ എങ്ങനെ നേരിടാമെന്നതിനെക്കുറിച്ചും ഡോക്ടർ വ്യക്തമാക്കി.

### സായാഹ്നവേളയിൽ സഹൃദയക്കുടുംബത്തിന്റെ ഒത്തുചേരൽ

നേഴ്സസ്ദിനവാരാചരണത്തിന്റെ സമാപനദിനമായ മെയ് 12നു സഹൃദയ കുടുംബാംഗങ്ങൾക്കായി സായാഹ്നവിരുന്ന് സംഘടിപ്പിച്ചു. സഹൃദയ കോൺ ഫറൻസ് ഹാളിൽ നടന്ന ഒത്തുചേരലിൽ ഡോക്ടേഴ്സും സ്റ്റാഫംഗങ്ങളും പങ്കെടുത്തു.

### മാതൃദിനാഘോഷം

അന്താരാഷ്ട്ര മാതൃദിനത്തോടനുബന്ധിച്ചു ഹോസ്പിറ്റലിന്റെ നേതൃത്വ ത്തിൽ മാതൃദിന സെൽഫി ഫോട്ടോ കോണ്ടെസ്റ്റ് നടത്തി. ഹോസ്പിറ്റലിന്റെ ഓഫീഷൽ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് പേജുകളിൽ നടത്തിയ സെൽഫി ഫോട്ടോ കോണ്ടെസ്റ്റിൽ പങ്കെടുത്ത മത്സരാർഥികളിൽനിന്നും ജനവിധിപ്രകാരം ഏറ്റവും കൂടുതൽ ലൈക്കുകൾ കരസ്ഥമാക്കിയ മൂന്നുപേരെ വിജയികളായി തെരഞ്ഞെ ടുത്തു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

■

---

» *ദീപിക ഫ്രണ്ട്സ് ക്ലബ്ബ് തുടർച്ച...*

### ദുക്റാനത്തിരുനാൾ

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന ത്തിരുനാൾ ജൂലൈ മൂന്നിനു സമുചിതമായി കൊണ്ടാടേണ്ടതും ജൂലൈ സമു ദായമാസമായി ആചരിക്കേണ്ടതുമാണ്. നമ്മുടെ സമുദായത്തിന്റെ സ്വന്തം പത്രമായ ദീപികയുടെ പ്രചാരണം കൂടുതൽ തീവ്രമാക്കാൻ ജൂലൈമാസം പ്രത്യേകം പരിശ്രമിക്കാം. മറ്റുപരിപാടികൾ വേദപ്രചാരമദ്ധ്യസ്ഥൻ ജൂലൈ ലക്കത്തിൽ നൽകുന്നതാണ്.

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*
9447432531

**സണ്ണി തോമസ് പുളിങ്കാലായിൽ**
9539125164

**ആന്റണി തോമസ് മലയിൽ**
9446342561

**ആൻസി മാത്യു ചേന്നോത്ത്**
9447390669
*(പ്രസിഡന്റ്സ്)*

**സിസി അമ്പാട്ട്**
8075216244
*(ജനറൽ സെക്രട്ടറീസ്)*

---

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**

**വർഗീസ് ഡൊമിനിക്– 9400390539, കോര സി. – 9495445827, വർക്കി ഇ. വി. – 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

■

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹംനിറഞ്ഞ പ്രവാസിസഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർഥനാശംസകൾ!

തൊഴിലാളിമധ്യസ്ഥനായ മാർ യൗസേപ്പിതാവിനെക്കുറിച്ചും എന്തുകൊണ്ടാണു മെയ് ഒന്ന് അന്താരാഷ്ട്രതൊഴിൽദിനമായി ആഘോഷിക്കുന്നത് എന്നതിനെക്കുറിച്ചും അസി. ഡയറക്ടർ മെയ്ദിനസന്ദേശം നൽകുകയുണ്ടായി. മെയ് 10ന് അതിരൂപതാ എക്സിക്യൂട്ടിവംഗങ്ങളുടെ മീറ്റിങ്ങിൽ ഡയറക്ടച്ചന്മാരോടൊപ്പം wings 2.0 എന്ന കൂട്ടായ്മയ്ക്ക് അതിരൂപതാ സിഞ്ചെല്ലൂസ് പെരിയ ബഹു. ജയിംസ് പാലയ്ക്കൽ അച്ചനോടൊപ്പം നേതൃത്വംനൽകുന്ന ജോർജ് മാന്തുരുത്തിൽ അച്ചനും സംബന്ധിച്ചു. അതിരൂപതയിലെ സംരംഭകരെ ഒന്നിച്ചു ചേർക്കുന്നതിനും അവർക്ക് ഉണർവു നൽകുന്നതിനുമായി wings 2.0 ന്റെ പ്രാധാന്യത്തെയും ബിസിനസ്സ്പരിശീലനത്തെയുംകുറിച്ചു സംസാരിച്ചു.

ഗൾഫ് രാജ്യങ്ങളായ യു.എ.ഇ., ഖത്തർ, കുവൈറ്റ്, ഒമാൻ, ബഹറിൻ, സൗദി അറേബ്യ, ഇസ്രായേൽ എന്നിവിടങ്ങളിൽ 2024-2025 വർഷങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു പൂർത്തീകരിച്ചു. പുതിയ കോഡിനേറ്റേഴ്സിനും എക്സിക്യൂട്ടിവംഗങ്ങൾക്കും പ്രവാസി അപ്പോസ്തലേറ്റ് അതിരൂപതാകുടുംബത്തിന്റെ ആശംസകൾ. 138-ാമത് അതിരൂപതാദിനത്തോടനുബന്ധിച്ചു പ്രവാസി പുരസ്കാരം നൽകുന്നതിനുള്ള തീരുമാനമെടുക്കുന്നതിനു നിലവിലുള്ള ജി.സി.സി. എക്സിക്യൂട്ടിവ് മീറ്റിങ് കൂടുകയും കഴിഞ്ഞ കാലഘട്ടത്തിലെ മികവുറ്റ പ്രവർത്തനത്തിനു യു.എ.ഇ. ചാപ്റ്ററിനെ ബെസ്റ്റ് ചാപ്റ്ററായി തെരഞ്ഞെടുക്കുകയും ചെയ്തു. മെയ് 20നു കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ നടന്ന അതിരൂപതാദിനത്തിൽ യു.എ.ഇ. ചാപ്റ്ററിനുള്ള പുരസ്കാരം യു.എ.ഇ. പ്രതിനിധി തോമസ് ജോൺ മാപ്പിളശ്ശേരിയും മാത്യു തോമസ് നെല്ലുവേലിയും അതിരൂപതാ എക്സിക്യൂട്ടിവംഗങ്ങളും ചേർന്ന് ഏറ്റുവാങ്ങി. ഈ ആദരവു ലോകമെമ്പാടുമുള്ള പ്രവാസിമക്കൾക്കും പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾക്കുമുള്ള അതിരൂപതയുടെ അംഗീകാരമാണ്. ഒമാന്റെ വാർഷികാഘോഷം *ഫാലിമി-24* മെയ് 25ന് ഒമാനിൽ ആഘോഷിച്ചു. അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവിനൊപ്പം പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടറും ഇതിൽ പങ്കെടുത്തു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (NORKA ഹെൽപ് ഡെസ്ക്)**

■

# കത്തോലിക്കാകോൺഗ്രസ് (AKCC)

## 2024-2027 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2024-2027 വർഷത്തെ അതിരൂപതാ ഭാരവാഹികളായി താഴെപ്പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

**പ്രസിഡന്റ്** : ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ (കൂത്രപ്പള്ളി)

**ജനറൽ സെക്രട്ടറി** : ബിനു ഡൊമിനിക് നടുവിലേഴം (കുറിച്ചി)

**ട്രഷറർ** : ജോസ് ജോൺ വെങ്ങാന്തറ (മിത്രക്കരി)

**ഗ്ലോബൽ വർക്കിങ് കമ്മിറ്റിയംഗങ്ങൾ**

രാജേഷ് ജോൺ നന്തികാട്ട് (കടുവാക്കുളം)

ബാബു വള്ളപ്പുര (പാറേൽ)

**വൈസ് പ്രസിഡന്റുമാർ**

ജേക്കബ് നിക്കോളാസ് (തിരുവനന്തപുരം)

സി.റ്റി. തോമസ് കാച്ചാംകോടം (ചമ്പക്കുളം ഗാഗുൽത്ത)

ഷിജി ജോൺസൺ (നെടുങ്കുന്നം)

റോസ്‌ലിൻ കെ. കുരുവിള (ഇത്തിത്താനം)

**സെക്രട്ടറിമാർ**

ജിനോ ജോസഫ് കളത്തിൽ (വെളിയനാട്)

ജോർജുകുട്ടി മുക്കത്ത് (കുറുമ്പനാടം സെന്റ് ആന്റണീസ്)

ജോബി ചൂരക്കുളം (തെള്ളകം - പുഷ്പഗിരി)

കുഞ്ഞ് കളപ്പുര (വില്ലൂന്നി)

ജെസി ആന്റണി (പുറക്കാട്)

സിസി അമ്പാട്ട് (ഫാത്തിമാപുരം)

സേവ്യർ കൊണ്ടോടി (ഇരവുചിറ)

പി.സി കുഞ്ഞപ്പൻ (പാറേൽ)

സെബാസ്റ്റ്യൻ പുല്ലാട്ടുകാല (ഏറ്റുമാനൂർ)

സെബാസ്റ്റ്യൻ വർഗീസ് (കൈതവന)

സൈബി അക്കര (ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ)

ചാക്കപ്പൻ ആന്റണി (ചമ്പക്കുളം)

കെ.എസ്. ആന്റണി (വെട്ടിത്തുരുത്ത്)

ഇവരെക്കൂടാതെ 36 അംഗ അതിരൂപതാ എക്സിക്യൂട്ടിവ് കമ്മിറ്റിയും നിലവിൽവന്നു. ഏപ്രിൽ 14നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത തെരഞ്ഞെടുപ്പുയോഗം ഉദ്ഘാടനംചെയ്തു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ സാന്നിധ്യത്തിൽ അതിരൂപതാ ഡയറക്ടർ

ഫാ. സെബാസ്റ്റ്യൻ ചാമക്കാല, അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ എന്നിവർ തെരഞ്ഞെടുപ്പുനടപടികൾക്കു നേതൃത്വംനൽകി.

**അതിരൂപതാ ഭാരവാഹികളുടെ സത്യപ്രതിജ്ഞ**

2024-2027 വർഷത്തെ അതിരൂപതാ ഭാരവാഹികളുടെ സത്യപ്രതിജ്ഞ ഏപ്രിൽ 27ന് അതിരൂപതാകേന്ദ്രത്തിലെ കോൺഫറൻസ് ഹാളിൽ നടന്നു. ഈശ്വരപ്രാർഥനയോടെ ആരംഭിച്ച യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഭാരവാഹികളെ പരിചയപ്പെടുത്തി. അഭി. മാർ തോമസ് തറയിൽപിതാവു പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർക്കു സത്യപ്രതിജ്ഞയും അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ മറ്റു ഭാരവാഹികൾക്കും അതിരൂപതാ എക്സിക്യൂട്ടിവ് കമ്മിറ്റിയംഗങ്ങൾക്കും സത്യവാചകവും ചൊല്ലിക്കൊടുത്തു. തുടർന്നു പ്രഥമനിർവാഹകസമിതിയോഗം ചേർന്നു. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് സ്വാഗതമാശംസിച്ചു. ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖസന്ദേശവും പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷപ്രസംഗവും നടത്തി. അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ യോഗം ഉദ്ഘാടനംചെയ്തു. കൂട്ടായ്മയിലൂന്നിയ സമുദായ പ്രവർത്തനം സമൂഹനന്മയ്ക്ക് ഉപയുക്തമാകുമെന്നും ഒറ്റയ്ക്കു വളരാനുള്ള ചിന്ത ഒരുമിച്ചുള്ള തകർച്ചയിൽ അവസാനിക്കുമെന്നും പ്രസംഗമധ്യേ അഭി. പിതാവ് ഓർമിപ്പിച്ചു. ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണവും ജാഗ്രതാസമിതി അതിരൂപതാ ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ ആശംസാപ്രസംഗവും നടത്തി. ട്രഷറർ ജോസ് ജോൺ വെങ്ങാന്തറയുടെ നന്ദിപ്രകാശനത്തോടെ യോഗം അവസാനിച്ചു.

**പതാകാദിനം**

കത്തോലിക്കാകോൺഗ്രസിന്റെ 106-ാമതു ജന്മവാർഷികദിനത്തോടനുബന്ധിച്ച് അതിരൂപതയിലെ യൂണിറ്റുകളിൽ മെയ് 5 പതാകദിനമായി ആചരിച്ചു. യൂണിറ്റുകളിൽ പതാക ഉയർത്തൽ, പൊതുസമ്മേളനം, മധുരവിതരണം എന്നിവ നടത്തപ്പെട്ടു. പതാകദിനത്തിന്റെ അതിരൂപതാതല ഉദ്ഘാടനം കുറുമ്പനാടം അസംപ്ഷൻ ഇടവകയിൽ നടത്തപ്പെട്ടു. അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം പതാക ഉയർത്തി അതിരൂപതാതല പതാക ദിനം ഉദ്ഘാടനംചെയ്തു. സമുദായരംഗത്തും പൊതുപ്രവർത്തനരംഗത്തും ചടുലമായ നേതൃത്വം അനിവാര്യമാണെന്നും സത്യത്തിലും നീതിയിലും കേന്ദ്രീകൃതമായ സമുദായപ്രവർത്തനം നേതാക്കൾ പരിശീലിക്കണമെന്നും സമുദായ പ്രവർത്തനം നടത്തുന്നതോടൊപ്പം ഇതര സമുദായസംഘടനകളോടു ചേർന്നു പ്രവർത്തിക്കാൻ കഴിയുന്ന വിശാലത നമ്മിൽ രൂപപ്പെടണമെന്നും അഭി. പിതാവ് ഓർമിപ്പിച്ചു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷ പ്രസംഗവും അതിരൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ ചാമക്കാല ആമുഖസന്ദേശവും നടത്തി. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് സ്വാഗതവും സെക്രട്ടറി ജിനോ ജോസഫ് നന്ദിയും പറഞ്ഞു. അതിരൂപതാ സെക്രട്ടറി ജോർജുകുട്ടി മുക്കത്ത്,

അതിരൂപതാ എക്സിക്യൂട്ടിവംഗം പീറ്റർ നാഗപറമ്പിൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വമേകി.

**106-ാമതു ജന്മവാർഷികസമ്മേളനം**

ഗ്ലോബൽസമിതിയുടെ നേതൃത്വത്തിൽ 106-ാമതു ജന്മദിനസമ്മേളനവും സമുദായസംഗമവും മെയ് 11, 12 തീയതികളിൽ അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ടു. മെയ് 11നു നടന്ന ഛായാചിത്രം, പതാക, ദീപശിഖാപ്രയാണങ്ങളെ വരവേൽക്കാൻ അതിരൂപതയിൽനിന്നുള്ള ഭാരവാഹികൾ രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളിയിൽ എത്തിച്ചേർന്നു. അവിടെ നടന്ന വർക്കിങ് കമ്മിറ്റിയിൽ അതിരൂപതാ വർക്കിങ് കമ്മിറ്റിയംഗങ്ങൾ പങ്കെടുത്തു. മെയ് 12 രാവിലെ 10.30നു നടന്ന കേന്ദ്രപ്രതിനിധിസഭായോഗത്തിൽ അതിരൂപതയിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അരുവിത്തുറ സെന്റ് ജോർജ് കോളേജിൽനിന്നും ആരംഭിച്ച റാലിയിലും തുടർന്നുള്ള സമുദായസംഗമത്തിലും അതിരൂപതയുടെ യൂണിറ്റുകളിൽനിന്നും ആയിരത്തോളം പ്രതിനിധികൾ പങ്കാളികളായി.

**കത്തോലിക്കാകോൺഗ്രസ് മെറിറ്റ് ഇവന്റ്**

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അതിരൂപതാംഗങ്ങളായവർക്കു കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതി നൽകുന്ന ആദരവു *ചങ്ങനാശ്ശേരി ആർച്ച് എപ്പാർക്കി മെറിറ്റ് ഇവന്റ് '24* **ജൂൺ 1** ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടക്കുന്നതാണ്. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ബിഷപ് മാർ തോമസ് തറയിൽ, കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം എന്നിവർ പങ്കെടുക്കും.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

■

# കേരള ലേബർ മൂവുമെന്റ് (KLM)

ഈശോയിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ സംഘടനയുടെ ശക്തിയും ഐക്യവും വിളിച്ചോതുന്നതായിരുന്നു മെയ് ഒന്നിനു നടത്തപ്പെട്ട മെയ്ദിനറാലിയും തൊഴിലാളിമഹാസംഗമവും. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെത്തിയിട്ടും അരമന കടക്കാതെ പകുതിയോളം പ്രവർത്തകരുമായി നീണ്ട മെയ്ദിനറാലിയും കാവുകാട്ട് ഹാളിലെ മീറ്റിങ്ങിൽ തുടക്കം മുതൽ ഒടുക്കം വരെ ഉണ്ടായിരുന്ന നിറഞ്ഞസദസും ഇപ്രാവശ്യത്തെ മെയ്ദിനാഘോഷത്തിന് അത്യാകർഷകത്വമേകി. പിഴവുകൾ കൂടാതെ ശ്രദ്ധയോടെ കാര്യങ്ങൾ കൈകാര്യം ചെയ്ത സംഘാടകസമിതിയും അകമഴിഞ്ഞു സഹകരിച്ച പ്രവർത്തകരും ഇക്കാര്യത്തിൽ പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. ദൈവത്തിലാശ്രയിച്ചു സഹകരണമനോഭാവത്തോടെ സഭയിലും സമൂഹത്തിലും ഒരുമിച്ചുവളരാം.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

**പതാകദിനം**

അസംഘടിതതൊഴിലാളിപ്രസ്ഥാനമായ കേരള ലേബർ മൂവുമെന്റിന്റെ നേതൃത്വത്തിൽ നടത്തുന്ന മെയ്ദിനറാലിയുടെയും തൊഴിലാളിമഹാസംഗമത്തിന്റെയും ഭാഗമായുള്ള അതിരൂപതാതല പതാകദിനം ഏപ്രിൽ 28നു പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ടു. ഫൊറോനാവികാരി ഫാ. ടോം പുത്തൻകളം മെയ്ദിനസന്ദേശം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം പതാക ഉയർത്തൽ നിർവഹിച്ചു. യൂണിറ്റ് കോഡിനേറ്റർ സോബിച്ചൻ ജോസഫ് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. സണ്ണി അഞ്ചിൽ സ്വാഗതവും ഫൊറോനാ കോഡിനേറ്റർ നിജോ മാത്യു നന്ദിയും പറഞ്ഞു.

**വാഹനവിളംബരജാഥ**

കെ.എൽ.എം.ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന മെയ്ദിനറാലിയുടെയും തൊഴിലാളിമഹാസംഗമത്തിന്റെയും ഭാഗമായി തൊഴിലാളിമധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ ഛായാചിത്രവും സമ്മേളനനഗറിൽ ഉയർത്താനുള്ള പതാകയുമായി വിളംബരപ്രയാണജാഥ ഏപ്രിൽ 30നു നടത്തപ്പെട്ടു. മണിമല ഫൊറോനയിലെ കരിമ്പനക്കുളം യൂണിറ്റിൽനിന്നും രാവിലെ 8.30ന് ആരംഭിച്ച വിളംബരപ്രയാണജാഥ മണിമല ഹോളി മേജൈ ഫൊറോനാപ്പള്ളിവികാരി ഫാ. മാത്യു താന്നിയത്ത് ഉദ്ഘാടനംചെയ്തു. കരിമ്പനക്കുളം സേക്രഡ് ഹാർട്ട് പള്ളിവികാരി ഫാ. ജോസഫ് തൂമ്പുങ്കൽ സന്ദേശം നൽകി. ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ, കോട്ടാങ്ങൽ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്, വള്ളംചിറ സെന്റ് മേരീസ്, കറിക്കാട്ടൂർ സെന്റ് ജയിംസ്, മണിമല ന്യൂ

സെന്റ് ബേസിൽസ്, കടയനിക്കാട് സെന്റ് മേരീസ്, നെടുമണ്ണി ഫാത്തിമ മാതാ, നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോന, കൂത്രപ്പള്ളി സെന്റ് മേരീസ്, വെരൂർ സെന്റ് ജോസഫ്സ്, പാറേൽ സെന്റ് മേരീസ് എന്നീ പള്ളികളിൽനിന്നും സ്വീകരണങ്ങൾ ഏറ്റുവാങ്ങി റെയിൽവേ ബൈപ്പാസ്-പാലാത്ര, ചങ്ങനാശ്ശേരി സെൻട്രൽ ജംഗ്ഷൻവഴി വൈകുന്നേരം അഞ്ചോടുകൂടി അതിരൂപതാകേന്ദ്രത്തിൽ എത്തിച്ചേർന്ന വിളംബരപ്രയാണ ജാഥയെ അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ സ്വീകരണപരിപാടികൾക്കു സമാപനംകുറിച്ചുകൊണ്ടു സന്ദേശംനൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, ജനറൽ കൺവീനർ സണ്ണി അഞ്ചിൽ, വിളംബരജാഥ കോഡിനേറ്റർ ജോമോൻ ജോൺ, ജോളി നാൽപതാംകളം, വിജി സെബാസ്റ്റ്യൻ, സജിമോൻ ജോർജ്, ജോസഫ് ജോൺ, അന്നമ്മ ഷാജി, സാജൻ ജോയി, സാബു കോയിപ്പള്ളി, ഷാജി ആന്റണി, പ്രജോഷ് ചാക്കോ, നിജോ മാത്യു, ഷൈനി ബിനു എന്നിവർ നേതൃത്വംനൽകി.

**മെയ്ദിനറാലിയും തൊഴിലാളിമഹാസംഗമവും**

ഏതുതൊഴിലിനും നൽകേണ്ട മാന്യതയും അർഹമായ വേതനവും സംരക്ഷിക്കപ്പെടേണ്ടതാണെന്നു കെ.എൽ.എം. തൊഴിലാളിമഹാസംഗമം ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാളിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത പറഞ്ഞു. തൊഴിൽരംഗത്തു പ്രവർത്തിക്കുന്നവർക്കു ക്രൈസ്തവമൂല്യബോധം പകരാനും തൊഴിലാളിക്ഷേമം ഉറപ്പുവരുത്തുന്നതിൽ മുന്നേറ്റം സൃഷ്ടിക്കാനും കെ.എൽ.എം.നു കഴിയുന്നുണ്ടെന്ന് അഭി. പിതാവ് അഭിപ്രായപ്പെട്ടു.

അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സമ്മേളനത്തിന് അധ്യക്ഷതവഹിച്ചു. അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. കെ.എൽ.എം. യുണൈറ്റഡ് ട്രേഡ് യൂണിയൻസ് അലയൻസ് ചെയർമാൻ ജോസഫ് ജൂഡ് മുഖ്യപ്രഭാഷണം നടത്തി. മികച്ച വനിതാസംരംഭക ജിലുമോൾ മരിയറ്റ് തോമസിനു സ്നേഹാദരവു നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ആമുഖപ്രസംഗം നടത്തി. പ്രോഗ്രാം കമ്മിറ്റി കൺവീനർ ജോളി നാൽപതാംകളം സ്വാഗതവും ജനറൽ കൺവീനർ സണ്ണി അഞ്ചിൽ നന്ദിയും അതിരൂപതാസമിതിയംഗങ്ങളായ സാബു കോയിപ്പള്ളി, മിനി റോയ് എന്നിവർ ആശംസാപ്രസംഗങ്ങളും നടത്തി.

കേരള ലേബർ മൂവുമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന മികച്ചപ്രവർത്തകർക്കുള്ള കെ.എൽ.എം. എക്സലെൻസ് അവാർഡ് പി.സി. കുഞ്ഞപ്പനും കെ.എൽ.എം. ലേബർ അവാർഡ് റിനിൽ വർഗീസിനും നൽകിയാദരിച്ചു. മികച്ച എസ്.എച്ച്.ജി. സെന്റ് ആന്റണീസ് അതിരമ്പുഴ, മികച്ച യൂണിറ്റ് നാലുകോടി, മികച്ച വനിതാസംഘം ആവേ മരിയ ചാഞ്ഞോടി, ഈ വർഷം

ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത യൂണിറ്റ് ചാഞ്ഞോടി, കായികമേള ഓവറോൾ ചാമ്പ്യൻഷിപ്പ് പാറേൽ യൂണിറ്റ്, ആന്തം ആലാപനം ഒന്നാം സ്ഥാനം മദർ തെരേസ കൂത്രപ്പള്ളി, രണ്ടാം സ്ഥാനം സെൻ്റ് തെരേസ എടത്വാ യൂണിറ്റ്, ലേബർ ക്വിസ് ഒന്നാം സ്ഥാനം മാത്യു പി.സി., മിനി റോയ് എന്നിവർക്കുള്ള സമ്മാനങ്ങൾ സമ്മേളനത്തിൽ നൽകപ്പെട്ടു. മികച്ച റാലിക്കുള്ള ട്രോഫി നാലുകോടിയൂണിറ്റും രണ്ടാം സ്ഥാനം ചാഞ്ഞോടി യൂണിറ്റും കരസ്ഥമാക്കി. കമ്മിറ്റി കൺവീനർമാരായ ജോളി നാൽപതാംകളം, വിജി സെബാസ്റ്റ്യൻ, ജോസഫ് ജോൺ, സജിമോൻ ജോർജ്, അന്നമ്മ ഷാജി, ഓഫീസ് സ്റ്റാഫംഗങ്ങളായ സ്മിനു ജോസഫ്, മിനി സിബിച്ചൻ എന്നിവർ നേതൃത്വംനൽകി.

**ചങ്ങനാശ്ശേരിയെ വർണശബളമാക്കി മെയ്ദിനറാലി**

അതിരൂപതയുടെ വിവിധ പ്രദേശങ്ങളിൽനിന്നും എത്തിച്ചേർന്ന ആയിരക്കണക്കിനു പ്രവർത്തകർ മെയ്ദിനറാലിയിൽ ആവേശത്തോടെ പങ്കെടുത്തു. മെയ് 1 ഉച്ചകഴിഞ്ഞ് 3.30ന് അരമനപ്പടിക്കൽനിന്നും അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജയിംസ് പാലയ്ക്കൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. യൂണിറ്റുകളിലെ തൊഴിലാളിപ്രവർത്തകർ ഒരേ വേഷവിധാനത്തിലും വിസ്മയിപ്പിക്കുന്ന ഫ്ലോട്ടുകളോടുംകൂടി അച്ചടക്കത്തോടെ ചങ്ങനാശ്ശേരി ടൗണിലൂടെ മുദ്രാവാക്യം മുഴക്കി നടന്നുനീങ്ങി. ചങ്ങനാശ്ശേരി സെൻ്റ് ബർക്മൻസ് കോളേജിൽ എത്തിച്ചേർന്നിട്ടും അരമന കടക്കാതെ പകുതിയോളം കെ.എൽ.എം. പ്രവർത്തകരുമായി മെയ്ദിനറാലിക്കു നീണ്ടനിരയായിരുന്നു. മെയ്ദിനറാലിയും തൊഴിലാളിമഹാസംഗമവും ഭംഗിയായി നടത്തുന്നതിൽ മികച്ചസംഘാടകമികവു ദൃശ്യമായിരുന്നു.

**ആദരാഞ്ജലികൾ**

കുറുമ്പനാടം തിരുഹൃദയ സംഘാംഗം വി.ഡി. ജോസഫ് വാളംപറമ്പിലിൻ്റെയും എടത്വായൂണിറ്റ് സെൻ്റ് ഫ്രാൻസിസ് അസ്സീസ്സി സംഘാംഗം ഷിബു ജോസഫ് മുപ്പതിൽചിറയുടെയും നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർഥനയുമറിയിക്കുന്നു.

■

# ആത്മതാകേന്ദ്രം

## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

ഈശോയിൽ പ്രിയപ്പെട്ടവരേ,

സൃഷ്ടിയിൽ മനുഷ്യവംശത്തിനു ദൈവം നൽകിയ വലിയ കൃപയാണ് ആരോഗ്യം. എന്നാൽ അഹംഭാവത്തിൽ ഉരുത്തിരിഞ്ഞ തലതിരിഞ്ഞ ചിന്തകളുടെ അനന്തര ഫലമാണു മദ്യമുൾപ്പെടുന്ന ലഹരിപദാർഥങ്ങളുടെ മനുഷ്യസൃഷ്ടി. ഇവ ഉപയോഗിക്കാനും മറ്റുള്ളവർക്കു കൊടുക്കാനുമുള്ള വെമ്പൽ കാണുമ്പോൾ തിന്മയുടെ ഉഗ്രശക്തി പ്രവർത്തിക്കുന്നത് ഈ മേഖലയിലാണെന്നു നിസ്സംശയം പറയാൻ കഴിയും. മനുഷ്യനെ മനുഷ്യനല്ലാതായി പെരുമാറാൻ ഈ തിന്മയ്ക്കു സാധിക്കും. ലഹരിയുപേക്ഷിക്കാൻ പ്രചോദനം നൽകുന്ന നമ്മുടേതുപോലെയുള്ള സംഘടനകളുടെ പ്രവർത്തനം ഊർജിതപ്പെടുത്താം. ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### സപ്പോർട്ട് എ ചൈൽഡ് വാർഷികം

നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായി നടത്തിവരുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ 19-ാമതു വാർഷികം മെയ് 25നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

### ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെയും കൗൺസെലേഴ്സിന്റെയും സേവനം ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ 12.30 വരെ

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ - (കോട്ടയം) തോട്ടയ്ക്കാട്, സെന്റ് ജോർജ് പള്ളി
വ്യാഴം - (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി
വെള്ളി - (കോട്ടയം) ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ.

■

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

## കരിയർ ഗൈഡൻസ് സെമിനാർ

അതിരൂപതയിലെ ദളിത് കത്തോലിക്കാ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച കരിയർ ഗൈഡൻസ് സെമിനാർ മെയ് 18നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം സെമിനാർ ഉദ്ഘാടനംചെയ്തു. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷത വഹിച്ചു. അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതം പറഞ്ഞു. തുടർന്നു ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മറ്റുവിഷയങ്ങളെക്കുറിച്ചും ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്ക് 1.30 മുതൽ, ഡോ. സിജോ ജേക്കബ് എസ്.എസ്.എൽ.സി., പ്ലസ് ടു എന്നിവയ്ക്കുശേഷം ഉന്നതസാങ്കേതികവിദ്യാഭ്യാസം നേടുന്നതിനുള്ള കോഴ്സുകളെ പരിചയപ്പെടുത്തുന്ന ക്ലാസ്സെടുത്തു. ഡി.സി.എം.എസ്. യൂണിറ്റുകളിൽനിന്നായി 60 വിദ്യാർഥികളും ഡി.സി.എം.എസ്., ഡി.സി.വി.എസ്., ഭാരവാഹികളും പങ്കെടുത്തു.

## ഡി.സി.എം.എസ്. എക്സിക്യൂട്ടിവ് മീറ്റിങ്

അതിരൂപതാ ഡി.സി.എം.എസ്. ഭാരവാഹികളുടെ മീറ്റിങ് മെയ് അഞ്ചിന് അതിരൂപതാ ഓഫീസിൽ നടത്തി. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷതവഹിച്ചു. സെക്രട്ടറി മാത്യു ജോസഫ് സ്വാഗതം പറഞ്ഞു. തുടർന്നുള്ള ചർച്ചയിൽ കരിയർ ഗൈഡൻസ് സെമിനാർ, പഠനോപകരണവിതരണം, ജസ്റ്റിസ് സൺഡേ ആചരണം, കുടുംബസംഗമം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു. കമ്മിറ്റിയംഗം ജോൺ ചാക്കോ നന്ദി രേഖപ്പെടുത്തി.

## 138-ാമത് അതിരൂപതാദിനാചരണം

138-ാമത് അതിരൂപതാദിനാചരണം മെയ് 20നു കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ (മാർ ജോസഫ് പവ്വത്തിൽ നഗർ) ആഘോഷമായി നടത്തപ്പെട്ടു. ഡി.സി.എം.എസ്. അതിരൂപതാക്കമ്മിറ്റിയിൽനിന്നു പ്രസിഡന്റ്, സെക്രട്ടറി, 11 കമ്മറ്റിയംഗങ്ങൾ എന്നിവരും ഫൊറോന-യൂണിറ്റ് ഭാരവാഹികളും പങ്കെടുത്തു.

## കൗൺസിൽ മീറ്റിങ്

ഡി.സി.എം.എസ്. അതിരൂപതാക്കമ്മിറ്റിയുടെ ഏഴാമതു സംയുക്തകൗൺസിൽ മീറ്റിങ് ജൂൺമാസം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ മിനിഹാളിൽ നടത്തപ്പെടുന്നതാണ്. തീയതി അറിയിക്കുന്നതാണ്.

*ശേഷം പേജ് 95ൽ...»*

# ലീജിയൻ ഓഫ് മേരി

*'ജന്മപാപമില്ലാതെ ഉത്ഭവിച്ച പരിശുദ്ധ മറിയമേ നിന്നിലാശ്രയിക്കുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ'*

ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ 822-ാമതു കൂരിയയുടെ 1060-ാമതു സമ്മേളനം മെയ് 12 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30നു പാറേൽ സെന്റ് മേരീസ് പള്ളിയിലെ പുരയ്ക്കൽ ഹാളിൽ സ്പിരിച്ചൽ അസിസ്റ്റന്റ് ജയിംസ് കണിക്കുന്നേൽ അച്ചന്റെ അധ്യക്ഷതയിൽ സമ്മേളിച്ചു. 39 ഭാരവാഹികൾ സന്നിഹിതരായിരുന്നു.

പ്രാരംഭപ്രാർഥന, ജപമാല എന്നിവയ്ക്കുശേഷം ജ്ഞാനവായന നിയമഗ്രന്ഥത്തിൽനിന്ന് അധ്യായം 10 'ലീജിയന്റെ പ്രേഷിതവേല' എന്നഭാഗം വായിച്ചു. കമ്മീസിയം സെക്രട്ടറി റിപ്പോർട്ടും ഖജാൻജി വരവുചിലവുകണക്കുകളും അവതരിപ്പിച്ചു. സമിതിയുടെ അംഗീകാരത്തോടെ അച്ചനും പ്രസിഡന്റും ഒപ്പുവെക്കുകയും ചെയ്തു.

സൈനികജപശൃംഖല ചൊല്ലിയശേഷം ജയിംസ് അച്ചൻ പ്രഭാഷണം നടത്തി. പ്രാർഥനയിലൂടെ ലോകത്തെ നേടിയ വ്യക്തിയാണ് പരിശുദ്ധ അമ്മ. അമ്മയെപ്പോലെ ആവശ്യസന്ദർഭങ്ങളിൽ എത്തിപ്പെടുകയെന്നതു മരിയസൈനികരുടെ കടമയാണ്. പരിശുദ്ധ അമ്മ കൂടെയുണ്ടാകട്ടെയെന്ന് ആശംസിച്ചുകൊണ്ടു അച്ചൻ തന്റെ വാക്കുകൾ ഉപസംഹരിച്ചു. ചർച്ചകൾ നടത്തി. മെയ്മാസത്തിൽ ഏകദിന ധ്യാനം നടത്തുന്നതാണ്.

മാർച്ച് 23 ഉച്ചകഴിഞ്ഞ് 2.30ന് ആച്ചിയസ് (പ്രതിഷ്ഠ) നടത്തി. മുന്നൂറോളം മരിയസൈനികർ പങ്കെടുത്തു.

**അനുശോചനം**

തുരുത്തി പ്രസീദിയത്തിന്റെ മുൻ സെക്രട്ടറി ത്രേസ്യാമ്മ കുഞ്ചെറിയയുടെ നിര്യാണത്തിൽ അനുശോചനമർപ്പിച്ച് പരേതയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർഥിച്ചു.

അവസാനപ്രാർഥനയ്ക്കുശേഷം ജയിംസ് അച്ചന്റെ ആശീർവാദത്തോടെ സമ്മേളനം സമാപിച്ചു.

കമ്മീസിയത്തിനുവേണ്ടി,

**സ്റ്റെല്ല തോമസ് അരിക്കത്തിൽ**
*(സെക്രട്ടറി)*

**ഫാ. ജയിംസ് കണികുന്നേൽ**
*(സ്പിരിച്ചൽ അസിസ്റ്റന്റ്)*

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരീസഹോദരങ്ങളേ,

നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിൽ ഫ്രാൻസിസ്കൻ ചൈതന്യം കുറയുന്നതായും സഭാജീവിതത്തിലുപരി സംഘടനാപ്രവർത്തനങ്ങൾ മാത്രമായി ഒതുങ്ങുന്നതായും അതിനാൽ ഒരു പുനഃപരിശോധന ആവശ്യമാണെന്നും സഭാ സ്പിരിചൽ അസ്സി. ഫാ. തോമസ് വെട്ടിക്കൽ അഭിപ്രായപ്പെട്ടു. 1221ൽ ഫ്രാൻസിസ് അസ്സീസ്സിതന്നെ കുടുംബജീവിതം നയിക്കുന്ന അല്മായർക്കുവേണ്ടി സുവിശേഷത്തിലും ഫ്രാൻസിസ്കൻ ചൈതന്യത്തിലും ജീവിച്ച് ആത്മരക്ഷ പ്രാപിക്കാൻ സ്ഥാപിച്ച സഭയാണ് സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ വ്രതവാഗ്ദാനം ചെയ്തു സഭയിലംഗങ്ങളായവർ സുവിശേഷം ജീവിക്കാനും കണ്ടുമുട്ടുന്ന എല്ലാവരിലും ആ നന്മയെത്തിക്കാനും മറ്റുള്ളവർക്കു ക്രിസ്തീയജീവിതത്തിന്റെ മാതൃകകളായിത്തീരാനും കടപ്പെട്ടവരാണ്. അതുവഴി ഒരു സഭാംഗം എന്നനിലയിൽ മറ്റുള്ളവർ നമ്മെ തിരിച്ചറിയണം. പക്ഷേ, ഇക്കാലത്തു സഭാംഗങ്ങൾ സഭയുടെ ചരിത്രമോ ലക്ഷ്യമോ ചൈത്യമോ മനസ്സിലാക്കുന്നില്ല. സഭയിലെ ഈ മന്ദത മാറ്റി പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സ്വീകരിച്ചുപങ്കുവെച്ചു സഭാചൈതന്യത്തിൽ ജീവിക്കാൻ പരിശ്രമിക്കുകയും പ്രാർഥിക്കുകയും ചെയ്യാം. സഭാനവീകരണത്തിനായുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

പ്രിയ സഹോദരങ്ങളേ, ഏകദേശം ഒരു ദശാബ്ദക്കാലം അതിരൂപതയിലെ മൂന്നാംസഭയെ നയിച്ച, നിലവിൽ സഭയിൽ അംഗങ്ങളായവരിൽ ഭൂരിഭാഗം സഹോദരങ്ങൾക്കും അംഗത്വം നൽകിയ മുൻ സ്പിരിചൽ അസ്സിസ്റ്റന്റ് ജോമോൻ ആശാംപറമ്പിൽ അച്ചന്റെ വിയോഗം തീരാനഷ്ടമാണ്. ജീവിച്ചിരുന്ന കാലം മുഴുവൻ ആരോടും പിണങ്ങാതെ എപ്പോഴും പ്രസന്നമുഖനായി നടന്നു സഭയെ ഉന്നതങ്ങളിലേക്കു നയിച്ചു. സഭാമക്കളെ പേരുചൊല്ലി വിളിക്കാൻ തക്കവിധം എല്ലാവരെയും അടുത്തറിഞ്ഞ വ്യക്തിത്വമായിരുന്നു അച്ചന്റേത്. നമ്മുടെ അതിരൂപതയിൽ സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ വ്യാപിപ്പിക്കാൻ ജോമോൻ അച്ചന്റെ പ്രയത്നം വളരെ വലുതായിരുന്നു. പുരോഹിതനും സഹോദരനും കൂട്ടുകാരനും പിതാവുമായി കൂടെയുണ്ടായിരുന്ന അച്ചനെ പ്രാർഥനകളിൽ പ്രത്യേകമോർക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്ചൽ അസ്സിസ്റ്റന്റ്)*

■

# വിൻസെൻഷ്യൻ വേദി

*''ദൈവഭക്തനു നന്മ ചെയ്താൽ നിനക്കു പ്രതിഫലം ലഭിക്കും; അവനിൽ നിന്നല്ലെങ്കിൽ കർത്താവിൽനിന്ന്''* (പ്രഭാ. 12:2).

പ്രിയ വിൻസെൻഷ്യൻസഹോദരങ്ങളേ,

സെൻട്രൽ കൗൺസിലിന്റെ 70-ാം വാർഷികം ഭംഗിയായി നടത്താൻ സാധിച്ചു. അനുകൂലമായ സാഹചര്യങ്ങളൊരുക്കിയ ദൈവത്തിനു നന്ദി. അതോടൊപ്പം എല്ലാ ക്രമീകരണങ്ങളും നിർദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയ വെരൂർ സെന്റ് ജോസഫ്സ് പള്ളിവികാരി ആന്റണി മാളിയേക്കൽ അച്ചൻ, സഹവികാരി മാത്യു അഞ്ചിൽ അച്ചൻ, പാരിഷ് കൗൺസിലംഗങ്ങൾ, കൈക്കാരന്മാർ, അക്കൗണ്ടന്റ് എന്നിവരോടുള്ള നന്ദിയറിയിക്കുന്നു. ഏല്പിച്ചതും ഏറ്റെടുത്തതും മനോഹരമാക്കിയ വെരൂരിലെ കോൺഫറൻസുകളിലെ അംഗങ്ങളെ അഭിനന്ദിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ കോൺഫറൻസ്, ഏരിയാ കൗൺസിൽ, സെൻട്രൽ കൗൺസിൽ വാർഷികങ്ങൾ നാമാചരിച്ചു. ഈയവസരങ്ങളിൽ ലഭിച്ച സന്ദേശങ്ങളിലെയും നിർദേശങ്ങളിലെയും കാതലായ ഭാഗങ്ങൾ യോഗങ്ങളിൽ ചർച്ചാവിഷയമാക്കാനും നടപ്പിലാക്കാനുമുള്ള പരിശ്രമങ്ങളുണ്ടാവണം. നമ്മുടെ ആധ്യാത്മിക ഉപദേഷ്ടാവ് ജോസഫ് പനക്കേഴം അച്ചൻ നിർദേശിച്ചതുപോലെ തിരിഞ്ഞുനോക്കാനും വിലയിരുത്താനും പ്രതീക്ഷക്കൊത്തു പ്രവർത്തിക്കാൻ സാധിച്ചോയെന്നു പരിശോധിക്കാനുമുള്ള അവസരമാവണം വാർഷികം. എത്രമാത്രം പ്രവർത്തിച്ചു എന്നതിലുപരി നിയോഗങ്ങൾ എത്രമാത്രം ശുദ്ധമാണെന്നു പരിശോധിക്കപ്പെടണം. വാർഷികം ഉദ്ഘാടനംചെയ്ത അവസരത്തിൽ അഭി. മാർ തോമസ് തറയിൽപിതാവു പറഞ്ഞ ആദ്യവാചകം 'നന്മ ചെയ്യുന്നവരുടെ സമൂഹത്തിലാണു ഞാൻ നിൽക്കുന്നത്' എന്നാണ്. ഈ പ്രസ്താവനയോട് എത്രമാത്രം നീതി പുലർത്താൻ സാധിക്കുന്നുണ്ടെന്ന് ഓരോ അംഗവും ചിന്തിക്കണം. എന്റെ കഴിവിനും സാഹചര്യങ്ങൾക്കും വിൻസെൻഷ്യൻപ്രതിജ്ഞയ്ക്കും അനുസരിച്ചു നന്മചെയ്യാൻ ലഭിക്കുന്ന അവസരങ്ങൾ വിനിയോഗിക്കുന്നുണ്ടോ എന്നു ആത്മപരിശോധന നടത്തേണ്ടതാണ്. സമയത്തിന്റെയും സമ്പത്തിന്റെയും ഓഹരി എന്നവാഗ്ദാനം പ്രസംഗത്തിനും പ്രതിജ്ഞക്കും മാത്രമുള്ള വാക്കുകളാവാതെ ഒരു പ്രതിബദ്ധതയാവണം. പിതാവു പറഞ്ഞതുപോലെ അപരനിൽ ദൈവത്തെ കണ്ടുകൊണ്ടുള്ള ശുശ്രൂഷയാവണം നമ്മുടേത്. അതു കേവലം സാമൂഹ്യപ്രവർത്തനങ്ങൾ മാത്രമല്ല പ്രത്യുത ദൈവാരാധനയുടെ ഭാഗമാണ്. നമ്മുടെ പ്രവർത്തനങ്ങളിൽ അതിരൂപത അഭിമാനം കൊള്ളുന്നുവെന്നു സൂചിപ്പിച്ച അഭി. പിതാവ് അടുത്ത തലമുറയെക്കൂടി ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയണമെന്നു നൽകിയ നിർദേശം നമ്മുടെ ഉത്തരവാദിത്വം കൂടിയാണ്. ഇതിനു സാധിക്കണമെങ്കിൽ സൊസൈറ്റി വിഭാവനം ചെയ്യുന്ന, നമ്മുടെ സ്ഥാപകരും പൂർവികരും മാതൃകയായി നൽകിയ ത്യാഗപൂർണമായ പ്രവർത്തനശൈലി നമുക്കുണ്ടാവണം.

വാർഷികം നടത്താൻ സാധിക്കാഞ്ഞതും വാർഷികങ്ങളിൽ അംഗങ്ങളുടെ പങ്കാളിത്തം കുറവായിരുന്നതുമായ ഏരിയാകൗൺസിലുകൾ നമുക്കുണ്ട്. സെൻട്രൽ കൗൺസിൽ വാർഷികത്തിൽ മൂന്നിലൊരുഭാഗം അംഗങ്ങൾ മാത്രമാണു പങ്കെടുത്തത്. കോൺഫറൻസ് യോഗങ്ങളിലും പ്രവർത്തനങ്ങളിലും ഏരിയാ കൗൺസിലിന്റെയും സെൻട്രൽ കൗൺസിലിന്റെയും പ്രവർത്തനങ്ങളിലും പങ്കാളികളാകാനും അംഗങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. ചിലയിടങ്ങളിലെങ്കിലും പ്രവർത്തനം ഏതാനുംപേരുടെ ഉത്തരവാദിത്വവും ബാക്കിയുള്ളവർ നിർദേശകരും വിമർശകരുമാകുന്ന പ്രവണത ദൃശ്യമാണ്. തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന കോൺഫറൻസുകളിൽ ആളിനും അർഥത്തിനും കുറവില്ല എന്നതു റിപ്പോർട്ട് പരിശോധിച്ചാൽ വ്യക്തമാകും.

നമുക്കേറെ അഭിമാനിക്കാൻ സാധിച്ച വി.ഒ.സി.സി. (വിൻസെൻഷ്യൻ & ഓസാനം ചാരിറ്റി കോഴ്സ്) യുടെ രണ്ടാം ബാച്ച് ഉടനെ ആരംഭിക്കാൻ ആഗ്രഹിക്കുകയാണ്. ജോസഫ് പനക്കേഴം അച്ചൻ സൂചിപ്പിച്ചതുപോലെ അംഗങ്ങളെല്ലാം ഇതിന്റെ ഭാഗമാകണമെന്നാണു സെൻട്രൽ കൗൺസിൽ ആഗ്രഹിക്കുന്നത്. ഏരിയാ കൗൺസിൽ, കോൺഫറൻസ് ഭാരവാഹികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ ലിസ്റ്റ് ഈ മാസംതന്നെ നൽകുമല്ലോ. സെൻട്രൽ കൗൺസിൽ വാർഷികത്തിൽ പങ്കെടുക്കുകയും വിജയമാക്കാൻ സഹകരിക്കുകയും ചെയ്തവർക്കു പ്രത്യേകം നന്ദിയറിയിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സെൻട്രൽ കൗൺസിൽ പ്രസിഡന്റ്)*

■

---

***» ദളിത് കത്തോലിക്കാ മഹാജന സഭ തുടർച്ച...***

**കൗൺസിൽ അജണ്ട:** നീതിഞായർ ആചരണം, കുടുംബസംഗമം, ദളിത് കത്തോലിക്കാ രൂപതാസർവേ പൂർത്തീകരണം, മെമ്പർഷിപ് പുതുക്കൽ, അതിരൂപതാക്കമ്മിറ്റിയുടെ യൂണിറ്റുസന്ദർശനങ്ങൾ, 2025-2028ലെ യൂണിറ്റ്, ഫൊറോന, രൂപത, സംസ്ഥാന തെരഞ്ഞെടുപ്പുകൾ.

## യൂണിറ്റുസന്ദർശനം

2022ൽ ആരംഭിച്ച അതിരൂപതാ ദളിത് കത്തോലിക്കാ കുടുംബസർവേ, 2024 ഫെബ്രുവരിമാസം ആരംഭിച്ച മെമ്പർഷിപ് പുതുക്കൽ എന്നിവ പൂർത്തീകരിച്ചു തിരികെ ലഭിക്കുന്നതിനുവേണ്ടി അതിരൂപതാക്കമ്മിറ്റി ജൂൺ 2 മുതൽ യൂണിറ്റുകളിൽ സന്ദർശനം നടത്തും. സമയവും തീയതിയും യൂണിറ്റ്, ഫൊറോന ഭാരവാഹികളെ അറിയിക്കുന്നതാണ്.

സ്നേഹപൂർവം,

**മാത്യു ജോസഫ്** *(സെക്രട്ടറി)*
**ഡോ. സിജോ ജേക്കബ്** *(പ്രസിഡന്റ്)*
**ഫാ. ജോൺ വടക്കേകളം** *(ഡയറക്ടർ)*

■

# കരിസ്മാറ്റിക് നവീകരണം

*നിങ്ങൾ വാക്കാലോ പ്രവർത്തിയാലോ എന്തുചെയ്താലും അതെല്ലാം കർത്താവായ ഈശോ വഴി പിതാവായ ദൈവത്തിനു കൃതജ്ഞത യർപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ* (കൊളോ. 3:17).

മെയ് 10 രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ മേഖലാ കൺവെൻഷൻ നടന്നു. വർഗീസ് മൂന്നുപറയിൽ അച്ചൻ വചനപ്രഘോഷണവും സോണൽ നേതൃത്വം പരിശുദ്ധ കുർബാനയുടെ ആരാധനയും നടത്തി. മെയ് 14നു ചെത്തിപ്പുഴ സബ്സോണിന്റെ നേതൃത്വത്തിൽ മേഖലാ കൺവെൻഷൻ നടത്തി. രാവിലെ 9.30നു ജപമാല യോടുകൂടിയാരംഭിച്ച കൺവെൻഷനിൽ കെ.സി.എസ്.സി. മുൻ കോഡിനേറ്റർ സെബാസ്റ്റ്യൻ താന്നിക്കൽ ക്ലാസ്സ് നയിക്കുകയും സോണൽ നേതൃത്വം പരിശുദ്ധ കുർബാനയുടെ ആരാധനയ്ക്കു നേതൃത്വംവഹിക്കുകയും ചെയ്തു. തുടർന്നു ചെത്തിപ്പുഴ സബ്സോൺ പുനഃസംഘടിപ്പിച്ചു. വാഴപ്പള്ളി ഗത്സേമൻ കപ്പൂച്ചിൻ ആശ്രമചാപ്പലിൽ നടന്ന കൺവെൻഷൻ വികാരിയച്ചന്റെ ആശീർവാദത്തോടെ അവസാനിച്ചു. മെയ് 17നു പാറേൽ സെന്റ് മേരീസ് പള്ളിയിൽ സോണിന്റെ നേതൃത്വത്തിൽ നടന്ന പന്തക്കുസ്താനുഭവകൺവെൻഷൻ രാവിലെ 9.30നു ജപമാലയോടുകൂടിയാരംഭിച്ചു. സോണൽ ഡയറക്ടർ ലൂയിസ് വെള്ളാനിക്കൽ അച്ചൻ ഉദ്ഘാടനം ചെയ്തു. മാത്യു തുമ്പേച്ചിറയിൽ അച്ചൻ ക്ലാസ്സ് നയിച്ചു. വർക്കി സ്രാമ്പിക്കൽ അച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ചു. പരിശുദ്ധ കുർബാന യുടെ ആരാധനാമധ്യേ ലൂയിസ് വെള്ളാനിക്കൽ അച്ചനും വർക്കി സ്രാമ്പിക്കൽ അച്ചനും അഭിഷേകശുശ്രൂഷ നടത്തി. സമാപനാശീർവാദത്തോടെ കൺവെൻഷൻ അവസാനിച്ചു. മറ്റുസോണുകളിലും കൺവെൻഷനുകൾ നടത്തി സബ്സോൺ സർവീസ് ടീം പുനഃസംഘടിപ്പിക്കുന്നതാണ്.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോൺ**

ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോണിന്റെ 63-ാമതു മീറ്റിങ് മെയ് നാലിനു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. ഉച്ചകഴിഞ്ഞു മൂന്നിനു ജപമാലയോടുകൂടിയാരംഭിച്ചു. ലൂയിസ് അച്ചൻ യോഹന്നാൻ 5:19-20 വായിച്ചു വിചിന്തനംനൽകി. സെല്ലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവരും പങ്കുവച്ചു. കുടമാളൂർ, നാൽപാത്തിമല, നസറത്ത്, കിടങ്ങൂർ, കൂടല്ലൂർ എന്നീ സ്ഥലങ്ങളിൽ പുതിയസെല്ലുകൾ രൂപീകരിച്ചു. സോണൽ അഡ്വൈസറി ബോർഡിലേക്ക് 5 പേരെ നിയോഗിച്ചു. **മെയ് 17നു** പന്തക്കുസ്താ ഒരുക്ക കൺവെൻഷൻ പാറേൽ സെന്റ് മേരീസ് പള്ളിയിൽ നടത്തപ്പെടുന്നു. അടുത്ത മീറ്റിങ് **ജൂൺ നാലിനു** ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തുന്നതാണ്. സന്ദേശഗീതം ആലപിച്ചശേഷം പ്രാർഥനയോടെയും ലൂയിസ് അച്ചന്റെ സമാപനാ ശീർവാദത്തോടെയും മീറ്റിങ് അവസാനിച്ചു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
*(ആനിമേറ്റർ)*

■

**201** **പൗരോഹിത്യ ആധ്യാത്മികത: വചനവിചിന്തനങ്ങൾ**

**മൽപാൻ ഫാ. മാത്യു വെള്ളാനിക്കൽ**



# സ്നേഹഗീതകം

(തിരുവചനഭാഗം: 1 കോറിന്തോസ് 13:1-13)

ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉത്തമമായ മാർഗം സ്നേഹത്തിന്റെ മാർഗമാണെന്നു പൗലോസ്ശ്ലീഹാ എടുത്തുപറയുന്ന വചനഭാഗമാണിത്. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. സ്നേഹമില്ലെങ്കിൽ സർവതും ശൂന്യം (13,1-3)
2. സ്നേഹം എന്തുചെയ്യുന്നില്ല (13,4-6)
3. സ്നേഹം എന്തുചെയ്യുന്നു (13,7-8)
4. പക്വതയാർന്ന സ്നേഹം (13,9-11)
5. സ്നേഹം സർവോത്കൃഷ്ടം (13,12-13)

ഈ വചനഭാഗം അജപാലകർക്കും അജഗണങ്ങൾക്കും നൽകുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

## 1. സ്നേഹമില്ലെങ്കിൽ സർവതും ശൂന്യം

*"ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്. എനിക്കു പ്രവചനവരമുണ്ടായിരിക്കുകയും സകല രഹസ്യങ്ങളും ഞാൻ ഗ്രഹിക്കുകയും ചെയ്താലും സകലവിജ്ഞാനവും മലകളെ മാറ്റാൻ തക്ക വിശ്വാസവും എനിക്കുണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. ഞാൻ എന്റെ സർവസമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്ക് ഒരുപ്രയോജനവുമില്ല"* (13,1-3).

ഇവിടെ സ്നേഹമെന്നു ഭാഷാന്തരം ചെയ്തിരിക്കുന്ന ഗ്രീക്കുപദം *അഗാപ്പേ* ആണ്. സ്നേഹത്തെ സൂചിപ്പിക്കുവാൻ *അഗാപ്പേ* എന്നപദം പുതിയനിയമകാലത്തിനുമുമ്പു സാധാരണമായിരുന്നില്ല. ക്രൈസ്തവസ്നേഹത്തെ സൂചിപ്പിക്കാനാണ് *അഗാപ്പേ* എന്നപദം സർവസാധാരണമായത്. സ്നേഹത്തിന്റെ അത്യുദാത്തമാതൃകയായി ക്രൈസ്തവർ കണ്ടതു മ്ശിഹായുടെ കുരിശിലെ സമർപ്പണമാണ്. തികച്ചും അയോഗ്യരായവരോടുള്ള സ്നേഹമാണിത്. സ്നേഹം തന്നെയായ ദൈവത്തിൽനിന്നു പ്രവഹിക്കുന്ന ആർദ്രഭാവമാണിത്. സ്നേഹിക്കപ്പെടുന്നവർ അതിനു യോഗ്യരാണോയെന്നു നോക്കാതെ ചൊരിയുന്ന സ്നേഹമാണത്. താൻ പാപിയായിരിക്കെ *(റോമാ 5,8)* തന്നെ സ്നേഹിച്ച

ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ ക്രൈസ്തവൻ, ആ അനുഭവത്തിന്റെ വെളിച്ചത്തിൽ എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നവനായിത്തീരുന്നു.

സ്നേഹത്തിൽ വേരുപാകാത്തപക്ഷം സർവതും ഉപകാരശൂന്യമാണ്. ഇവിടെ മൂന്നുവാക്യങ്ങളും ഒരേരീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്. ഭാഷാവരത്തിലാണു പൗലോസ്ശ്ലീഹാ ആരംഭിക്കുന്നത്. കോറിന്തോസിൽ ആളുകൾ വളരെ പ്രധാനപ്പെട്ടതെന്നു വിലയിരുത്തിയതു വരങ്ങളാണ്. ചിലർ സ്വയം ആത്മീയരായി കണക്കാക്കിയതു ഭാഷാവരത്തിന്റെയും പ്രവചനവരത്തിന്റെയും അടിസ്ഥാനത്തിലാണ്. ഇവിടെ പരാമർശിക്കുന്ന ആത്മീയദാനങ്ങളെല്ലാം വിലപ്പെട്ടതാണ്. എന്നാൽ ഈ ദാനങ്ങൾ ഉപയോഗിക്കുന്നവർ സ്നേഹമില്ലാതെ പെരുമാറുന്നവരാണെങ്കിൽ അവ വെറും അനുഷ്ഠാനമായും കാമ്പില്ലാത്ത പ്രകടനമായും മാറും. ദാനങ്ങൾ സ്നേഹമുള്ള വ്യക്തിയിൽനിന്നാവണം. അല്ലാത്തപക്ഷം അതു ദൈവത്തിന്റെ മുമ്പിൽ ഒന്നുമല്ല. ക്രിസ്തീയജീവിതത്തിൽ വരങ്ങളേക്കാൾ പ്രാധാന്യം സ്നേഹത്തിനാണെന്ന വസ്തുത അജപാലകരും അജഗണങ്ങളും അറിഞ്ഞിരിക്കണം.

## 2. സ്നേഹം എന്തുചെയ്യുന്നില്ല

*''സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദംകൊള്ളുന്നു''* (13,4-6).

സ്നേഹം എന്തുചെയ്യുന്നില്ല എന്നുപറയുന്നതിന് ആമുഖമായി സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണെന്നു ശ്ലീഹാ പറയുന്നു. ദീർഘക്ഷമയും ദയയും ദൈവത്തിന്റേതന്നെ രണ്ടുവിശേഷണങ്ങളാണ്. ആത്മാവിന്റെ ഫലങ്ങൾ ഏവയെന്നു പറയുന്നിടത്ത് ഇവയും കാണാം: ''എന്നാൽ ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്'' *(ഗലാ. 5,22)*. ശ്ലൈഹികശുശ്രൂഷയുടെ അടിസ്ഥാനഭാവങ്ങളും ഇവതന്നെയാണ് *(2 കോറി. 6,6)*. ദൈവസ്വഭാവംതന്നെയാണു സ്നേഹം. മ്ശിഹായിലൂടെ ദൈവം ഇതു പൂർണമായി വെളിപ്പെടുത്തി. മ്ശിഹായിലായിരിക്കുന്നവരും, അതായത് എല്ലാ ക്രൈസ്തവരും ദൈവത്തിന്റെ ഈ സവിശേഷതകൾ ഉള്ളവരായിരിക്കണം.

തുടർന്നു സ്നേഹം എന്തല്ലായെന്നു പൗലോസ്ശ്ലീഹാ പറയുകയാണ്. കോറിന്തോസിലെ സഭയുടെ പശ്ചാത്തലത്തിലാണു ശ്ലീഹാ ഇതുപറയുന്നത്. നിങ്ങൾക്കു സ്നേഹമുണ്ടായിരിക്കണം; സ്നേഹമില്ലെങ്കിൽ നിങ്ങൾ ക്രിസ്ത്യാനികളല്ല; എന്താണു സ്നേഹം? അതു നിങ്ങൾ ഇപ്പോൾ പെരുമാറുന്നതിനു നേരേ വിപരീതമായി പെരുമാറുകയാണ് എന്നെല്ലാം പൗലോസ്ശ്ലീഹാ അവരെ ഉപദേശിക്കുന്നു. മറ്റുള്ളവരുടെ വളർച്ചയിലും നന്മയിലും സന്തോഷിക്കാതെ, അതിൽ വിഷമിക്കുന്നതും അവരുടെ പരാജയം ആഗ്രഹിക്കുന്നതുമാണ് അസൂയ. ആത്മപ്രശംസ കോറിന്തോസുകാരുടെ അടിസ്ഥാനതിന്മയായിരുന്നു. ദൈവംതന്ന ദാനങ്ങൾ സ്വന്തം നേട്ടങ്ങളായി കരുതി, അവ ലഭിക്കാത്തവരെ

താഴ്ത്തിക്കാണിക്കുകയും സ്വയം പുകഴ്ത്തുകയും ചെയ്യുന്നതാണ് ആത്മ പ്രശംസ. അഹങ്കാരം സ്വന്തം നിലപാടുകളിലുള്ള അതിരുകടന്ന ആത്മ വിശ്വാസമാണ്. അനുചിതമായ പെരുമാറ്റം സ്നേഹമില്ലായ്മയാണ്. സ്വന്തം സ്വാതന്ത്ര്യവും അവകാശവും ത്യജിക്കുന്നതാണു ക്രിസ്തീയജീവിതശൈലി. മറ്റുള്ളവരുടെ പെരുമാറ്റത്തിൽ പ്രകോപിതരാകുകയോ തന്നെ ദ്രോഹിച്ചവരുടെ പ്രവൃത്തികളെക്കുറിച്ച് അവർ കണക്കുചോദിക്കുകയോ ചെയ്യുന്നില്ല. ഇവ യെല്ലാം അജപാലകർ അജഗണങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കണം.

### 3. സ്നേഹം എന്തുചെയ്യുന്നു

*''സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സക ലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു. സ്നേഹം ഒരി ക്കലും അവസാനിക്കുന്നില്ല. പ്രവചനങ്ങൾ കടന്നുപോകും; ഭാഷകൾ ഇല്ലാ താകും; വിജ്ഞാനം തിരോഭവിക്കും''* (13,7-8).

സ്നേഹം എന്തുചെയ്യുന്നുവെന്ന് ആറാം വാക്യം അവസാനഭാഗം മുതൽ ശ്ലീഹാ അവതരിപ്പിക്കുന്നു. സ്നേഹം സത്യത്തിൽ ആഹ്ലാദംകൊള്ളുന്നു എന്നു പറഞ്ഞാണ് ആറാം വാക്യം അവസാനിപ്പിക്കുന്നത്. ക്രിസ്തീയസ്നേഹം നിറഞ്ഞ വ്യക്തി സുവിശേഷാനുസൃതമായ ജീവിതത്തിൽ സന്തോഷിക്കുന്നു. ഓരോ വിജയങ്ങളിലും ഓരോ ക്ഷമാദാനത്തിലും ഓരോ കാരുണ്യപ്രവൃത്തി യിലും സന്തോഷിക്കുന്നു. ഒരു ക്രൈസ്തവനു തിന്മയിൽ സന്തോഷിക്കാനാ വില്ല. യുദ്ധങ്ങളും ദരിദ്രർക്കെതിരെയുള്ള ചൂഷണങ്ങളും അവനെ വേദനി പ്പിക്കുന്നു. തിന്മകളുടെയും ക്രൂരതകളുടെയും മത്സരത്തിന്റെയും കഥകൾ അനുദിനം പ്രചരിപ്പിക്കുന്ന ദിനപ്പത്രംപോലും അവനു ദുഃഖകാരണമായി മാറാം. ക്രിസ്തീയസ്നേഹത്താൽ ഹൃദയം ജ്വലിക്കുന്ന ഒരാൾക്കു സത്യത്തിൽ മാത്രമേ ആഹ്ലാദം കൊള്ളാനാവൂ. ക്രിസ്തീയസ്നേഹമുള്ളയാൾ സുവിശേഷ ത്തിനൊപ്പം നിൽക്കുകയും എല്ലാവർക്കും കരുണയും നീതിയും ലഭിക്കാൻ ആഗ്രഹിക്കുകയും അതിൽ ആത്മാർഥമായി സന്തോഷിക്കുകയും ചെയ്യും.

തുടർന്നുവരുന്ന നാലുകാര്യങ്ങൾ 'സകലതും' എന്നവിശേഷണത്തോടു കൂടിയാണ് അവതരിപ്പിച്ചിരിക്കുന്നത് (13,7). ആദ്യത്തേതും അവസാനത്തേതും വർത്തമാനകാലസാഹചര്യങ്ങളെയും രണ്ടാമത്തെയും മൂന്നാമത്തെയും ഭാവ്യോന്മുഖവിഷയങ്ങളെയും പരാമർശിക്കുന്നു. സ്നേഹത്തോടൊപ്പം വിശ്വാസവും പ്രത്യാശയും സുപ്രധാന ദൈവികപുണ്യങ്ങളും നിലനിൽക്കുന്ന യാഥാർഥ്യങ്ങളുമാണ്. വിശ്വാസം നഷ്ടപ്പെടാതെ, പ്രത്യാശ കൈവിടാതെ ഒരാളെ നയിക്കുന്നതു സ്നേഹമാണ്. അതിനാലാണു സ്നേഹം സകല ത്തെയും അതിജീവിക്കുന്നത്. സ്നേഹത്തെ പരാജയപ്പെടുത്താനോ ഇല്ലാ താക്കാനോ ഒന്നിനും കഴിയുകയില്ല. കാരണം അതു സർവവും സമർപ്പിച്ച ദൈവംതന്നെയാണ്; കുരിശിൽ മരിച്ച മ്ശിഹാതന്നെയാണ്. സ്നേഹം മാത്ര മാണ് അനശ്വരം. ഇക്കാലഘട്ടത്തിൽ പ്രവചനം, ഭാഷ, അറിവു തുടങ്ങിയ ദാനങ്ങൾ നമുക്കു ദൈവികസന്നിധിയിലേക്ക് അപൂർണവും ഭാഗികവുമായ പ്രവേശനമേ നൽകുകയുള്ളു. നാം ദൈവത്തെ മുഖാമുഖം ദർശിച്ച് അവിടുത്തെ നേരിട്ടനുഭവിക്കുമ്പോൾ സ്നേഹമാണ് ആ അനുഭവത്തിന്റെ കേന്ദ്രമായി നില

കൊള്ളുന്നത്. ഈ സ്നേഹത്തിന്റെ സ്വഭാവവും പ്രാധാന്യവും അജപാലകർ വിശ്വാസികൾക്കു മനസ്സിലാക്കിക്കൊടുക്കണം.

### 4. പക്വതയാർന്ന സ്നേഹം

*"നമ്മുടെ അറിവും പ്രവചനവും അപൂർണമാണ്. പൂർണമായവ ഉദിക്കുമ്പോൾ അപൂർണമായവ അസ്തമിക്കുന്നു. ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു; ശിശുവിനെപ്പോലെ ചിന്തിച്ചു; ശിശുവിനെപ്പോലെ യുക്തിവിചാരം നടത്തി. എന്നാൽ, പ്രായപൂർത്തി വന്നപ്പോൾ ശിശുസഹജമായവ ഞാൻ കൈവെടിഞ്ഞു"* (13,9-11).

സ്നേഹത്തിനു പക്വതയിലേക്കുള്ള ഒരു വളർച്ചയുണ്ടെന്നു ശ്ലീഹാ ഇവിടെ വ്യക്തമായി പറയുന്നു. നാലുവിധത്തിലുള്ള സ്നേഹം മനുഷ്യരിൽ കാണാൻ കഴിയും. 1. വൈകാരികസ്നേഹം (ഗ്രീക്കിൽ *ഈറോസ്*), 2. രക്തബന്ധമുള്ളവർ തമ്മിലുള്ള സ്നേഹം (ഗ്രീക്കിൽ *സ്തോർഗേ*), 3. സ്നേഹിതർ തമ്മിലുള്ള സ്നേഹം (ഗ്രീക്കിൽ *ഫീലിയാ*), 4. ദൈവികമായ സ്നേഹം (ഗ്രീക്കിൽ *അഗാപ്പേ*). ഈ നാലുസ്നേഹങ്ങളും എല്ലാ മനുഷ്യരിലും കാണാവുന്നതാണ്. ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടും കൂടിക്കലർന്നുമാണു മനുഷ്യരിൽ കണ്ടുവരുന്നത്. എന്നാലിവയിൽ ഒരു വളർച്ചയുണ്ടാകേണ്ടത് ആവശ്യമാണ്. ആ വളർച്ച എപ്രകാരമാണ് ഉണ്ടാകേണ്ടതെന്നു ശ്ലീഹാ ഇവിടെ സൂചിപ്പിക്കുന്നുണ്ട്. ശിശുവായിരുന്ന അവസ്ഥയിൽനിന്നും പക്വതയാർന്ന അവസ്ഥയിലേക്കു സ്നേഹത്തിനു വളർച്ചയുണ്ടാകണം.

എപ്രകാരമാണ് ഈ വളർച്ചയുണ്ടാകേണ്ടതെന്നു നാം മനസ്സിലാക്കേണ്ടതാണ്. മാനുഷികമായ നമ്മുടെ സ്നേഹങ്ങളെല്ലാം ദൈവികസ്നേഹത്തിലേക്കു വളരേണ്ടിയിരിക്കുന്നു. വിവാഹിതരോടു ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പ പറയുന്നുണ്ട്: അവരുടെ സ്നേഹം വൈകാരികസ്നേഹത്തിലാണ് ആരംഭിക്കുന്നതെങ്കിലും അതു ദൈവികസ്നേഹം അഥവാ *അഗാപ്പേ*യിലേക്കു വളരുന്നില്ലെങ്കിൽ ആ സ്നേഹം നിലനിൽക്കുകയില്ലായെന്ന്. അപ്രകാരമുള്ള സ്നേഹത്തിന്റെ വളർച്ച എല്ലാവരിലുമുണ്ടാകണം. അതാണു പക്വതയിലേക്കുള്ള വളർച്ചയെന്നതുകൊണ്ടു ശ്ലീഹാ അർഥമാക്കുന്നത്. ഇപ്രകാരം പക്വതയാർന്ന സ്നേഹത്തിലേക്കു വളരാൻ അജപാലകർ അജഗണങ്ങൾക്കു മാർഗനിർദേശം നൽകണം.

### 5. സ്നേഹം സർവോത്കൃഷ്ടം

*"ഇപ്പോൾ നമ്മൾ കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു; അപ്പോഴാകട്ടെ മുഖാഭിമുഖം ദർശിക്കും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴാകട്ടെ ദൈവം എന്നെ പൂർണമായി അറിയുന്നതുപോലെ ഞാനും പൂർണമായി അറിയും. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. എന്നാൽ, സ്നേഹമാണു സർവോത്കൃഷ്ടം"* (13,12-13).

കണ്ണാടിയിൽ പ്രതിരൂപം കാണുന്നതിന്റെ പ്രതീകമാണ് ഇക്കാലത്തെയും വരാനിരിക്കുന്ന പരിപൂർണതയുടെ കാലഘട്ടത്തെയും വ്യക്തമാക്കുവാൻ പൗലോസ്ശ്ലീഹാ ഉപയോഗിക്കുന്നത്. ലോഹക്കണ്ണാടികൾക്കു പേരുകേട്ടി

രുന്ന കോറിന്തോസിലെ സഭാംഗങ്ങൾക്ക് ഈ ഉദാഹരണം കൂടുതൽ വ്യക്തമാകും. ഭാഷാവരം, പ്രവചനം, അറിവു തുടങ്ങിയവയിലൂടെ ലഭിക്കുന്ന അറിവു ദൈവത്തെ മുഖാഭിമുഖം കാണുമ്പോൾ സിദ്ധിക്കുന്ന യുഗാന്ത്യത്തിലെ അറിവുമായി താരതമ്യം ചെയ്യുമ്പോൾ ഭാഗികവും താൽക്കാലികവുമാണ്. 'വിശ്വാസം' കാഴ്ചയായി മാറും; 'പ്രത്യാശ' നിറവേറിയ കാര്യമായിത്തീരും. എന്നാൽ സ്നേഹമാകട്ടെ മാറ്റമില്ലാതെ തുടരും.

ഇക്കാരണത്താലാണു സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ലായെന്നു ശ്ലീഹാ പറയുന്നത് (13,8). പ്രവചനവരം, ഭാഷാവരം തുടങ്ങിയ ആത്മീയവരങ്ങളെല്ലാം ദൈവം നിശ്ചയിക്കുന്നതിനനുസരിച്ചാണു പ്രാവർത്തികമാകുന്നത്. അവ നല്ലതാണ്. ക്രൈസ്തവജീവിതത്തിൽ ആവശ്യകവുമാണ്. എന്നാൽ അവയ്ക്കെല്ലാമപ്പുറത്തു കടന്നുചെല്ലുന്നതാണു ക്രൈസ്തവജീവിതം. സ്നേഹത്തിലാണു ക്രൈസ്തവജീവിതത്തിന്റെ തനിമയും പൂർണതയും. ദൈവത്തെ മുഖാഭിമുഖം ദർശിക്കുന്ന അനശ്വരമായ സ്വർഗസൗഭാഗ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണു നാമോരോരുത്തരും. ഈ ലക്ഷ്യത്തിലേക്കുള്ള വിവിധങ്ങളായ വഴികൾമാത്രമാണ് ആത്മീയദാനങ്ങൾ. എന്നേക്കും നിലനിൽക്കുന്നതു സ്നേഹം മാത്രമാണ്. ഈ ബോധ്യം അജപാലകർ അജഗണങ്ങൾക്കു നൽകണം.

## ജീവിതസൂചിക

1. ക്രിസ്തീയജീവിതത്തിൽ വരങ്ങളേക്കാൾ പ്രാധാന്യം സ്നേഹത്തിനാണെന്നു ജനങ്ങളെ ഞാൻ ബോധ്യപ്പെടുത്തുന്നുണ്ടോ?
2. യഥാർഥസ്നേഹം എന്തുചെയ്യുന്നില്ല എന്നതിനെപ്പറ്റി ജനങ്ങളെ ഞാൻ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
3. ക്രിസ്തീയസ്നേഹത്തിന്റെ സവിശേഷതകൾ ഞാൻ ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുന്നുണ്ടോ?
4. പക്വതയാർന്ന സ്നേഹത്തിലേക്കു വളരാൻ ഞാൻ അജഗണങ്ങളെ പ്രചോദിപ്പിക്കുന്നുണ്ടോ?
5. വരദാനങ്ങളെക്കാൾ സ്നേഹത്തിനുള്ള പ്രാധാന്യത്തെപ്പറ്റി ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?

■

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഏപ്രിൽ**

22 രാവിലെ അതിരൂപതാകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിനു മാസധ്യാനത്തിനോടനുന്ധിച്ചു ക്ലാസ്സ് നയിച്ചു.

വൈകുന്നേരം നിർമലപുരം സെന്റ് മേരീസ് പള്ളിയിൽ മേജർ സെമിനാരി വൈദികാർഥികളുടെ വർക്ക് ക്യാമ്പിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശംനൽകി.

23 രാവിലെ പാലമറ്റം ബേത്-തോമാ ദയറായിൽ (മാർതോമാസഹോദരികൾ) പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ കോളേജ് പ്രിൻസിപ്പൽമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഇന്റെർ-ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

24 ഉച്ചകഴിഞ്ഞു ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പുതുപ്പറമ്പിൽ ബഹു. സഖറിയാസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു; ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

വൈകുന്നേരം തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ ശാസ്താംചിറയിൽ ലിജു തോമസ്-റ്റിൻസിമോൾ ജോസഫ് ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്കു പ്രവേശകകൂദാശകൾ നൽകി.

25 രാവിലെ കൂത്രപ്പള്ളി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സന്യാസിനികളുടെ സുവർണജൂബിലിശുശ്രൂഷകളിൽ കാർമികത്വം വഹിക്കുകയും സന്ദേശംനൽകുകയും ചെയ്തു.

ഉച്ചകഴിഞ്ഞു കുമരകം-വടക്കുംകര സെന്റ് ജോൺ നെപുംസ്യാനോസ് പള്ളിയിൽ പുതുപ്പറമ്പിൽ ബഹു. സഖറിയാസ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു

26 ഇറ്റാവാ മിഷന്റെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുക്കാൻ യാത്രതിരിച്ചു.

27 ഇറ്റാവായിലെ ജീവൻജ്യോതിഭവൻ മൈനർ സെമിനാരിയിൽ ഹെവ്പദ് യാക്നാ ജോസഫ് മാലിത്തറയ്ക്കു മ്ശംശാനാപ്പട്ടം നൽകി.

28 ഔറയ്യയിലുള്ള സെന്റ് ഫ്രാൻസിസ് മിഷൻ സ്കൂളിൽ ഇറ്റാവാ മിഷന്റെ സുവർണജൂബിലിയാഘോഷങ്ങളിൽ പങ്കെടുക്കുകയും പരിശുദ്ധ കുർബാനയ്ക്കു സഹകാർമികത്വംവഹിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് ഇറ്റാവാ മിഷൻ സുവർണജൂബിലിയാഘോഷത്തിന്റെ പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

29 രാജസ്ഥാനിലെ ജയ്പൂർ മിഷനിൽ മൂഴിക്കുന്നേൽ ബഹു. ഫിലിപ്പ് അച്ചനെയും തട്ടാരടിയിൽ ബഹു. വർഗീസ് അച്ചനെയും സന്ദർശിച്ചു. ബിവാടി സെന്റ് ജോസഫ്സ് പള്ളിയിലെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

30 വൈകുന്നേരം കൈനകരി സെന്റ് മേരീസ് ഇടവകാംഗം കളത്തിൽ ജോയ് ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

**മെയ്**

01 രാവിലെ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ നടന്ന പതിനാറാമതു പാസ്റ്ററൽ കൗൺസിൽ സമ്മേളനം ഉദ്ഘാടനംചെയ്തു സന്ദേശംനൽകുകയും തുടർന്നുനടന്ന ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം കോയിപ്പുറത്ത് കെ.എം. ദേവസ്യയുടെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

വൈകുന്നേരം ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മെയ്ദിനസമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു.

02 രാവിലെ മാങ്ങാനം ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ക്രൈസ്റ്റ് ജനറലേറ്റ് ഹൗസിൽ നടത്തപ്പെട്ട സി. ജീവ തെരേസ് എൽ.എസ്.സി.യുടെ നിത്യവ്രതവാഗ്ദാനകർമത്തിലും സി. ആനി ടോം എൽ.എസ്.സി.യുടെ ജൂബിലിശുശ്രൂഷകളിലും കാർമികത്വംവഹിക്കുകയും പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം ചങ്ങനാശ്ശേരി സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂൾ & സി.ഐ.എസ്.സി.ഇ. ജൂനിയർ കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ട നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷന്റെ കമ്മ്യൂണിറ്റി ഡിവലപ്മെന്റ് ഇനിഷേറ്റിവ് പദ്ധതിയുടെ ഭാഗമായി 50% സാമ്പത്തികസഹായത്തോടെ നടപ്പിലാക്കുന്ന സ്ത്രീശക്തീകരണ പദ്ധതിയായ 'വുമൺ ഓൺ വീൽസ്' മീറ്റിങ് ഉദ്ഘാടനം ചെയ്യുകയും ടൂ വീലർ വിതരണം നടത്തുകയും ചെയ്തു.

03 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

04 രാവിലെ വെരൂർ സെന്റ് ജോസഫ്സ് പള്ളിയിൽ കുട്ടികളുടെ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു.

ഉച്ചയ്ക്ക് അതിരൂപതാകേന്ദ്രത്തിലെ ആർച്ചുബിഷപ് പവ്വത്തിൽ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ ഹാളിൽ ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മീറ്റിങ്ങിൽ പങ്കെടുത്തു സന്ദേശംനൽകി; ബൈബിൾ കോഴ്സ് പഠിച്ചവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം, ലോഗോസ് ക്വിസിന്റെ സമ്മാനദാനം എന്നിവ നിർവഹിച്ചു.

വൈകുന്നേരം ചങ്ങനാശ്ശേരി സെന്റ് ജോസഫ് പ്രസ്സിന്റെ ശതാബ്ദിസമാപനസമ്മേളനം ഉദ്ഘാടനംചെയ്തു സന്ദേശംനൽകി. ചേർപ്പുങ്കൽ മാർ

സ്ലീവാ ഫൊറോന ഇടവകാംഗം മൂന്നുപീടികയിൽ തോമസ് ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

05 കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ അജപാലനസന്ദർശനം നടത്തി. കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗം കട്ടത്തറ റോസമ്മ ദേവസ്യയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

വൈകുന്നേരം തൈക്കാട്ടുശ്ശേരിൽ ബഹു. തോമസ് അച്ചന്റെ സഹോദരിയും പുളിക്കൽകവല സെന്റ് മേരീസ് ഇടവകാംഗവുമായ പാറയ്ക്കൽ റോസമ്മ സെബാസ്റ്റ്യന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

06 ചെത്തിപ്പുഴ കാർമൽ മൗണ്ട് റിട്രീറ്റ് സെന്ററിൽ സി.എം.സി. സന്യാസിനികളുടെ സഭാവസ്ത്രസ്വീകരണത്തിലും പ്രഥമവാഗ്ദാനത്തിനും ജൂബിലി ശുശ്രൂഷകൾക്കും കാർമികത്വംവഹിക്കുകയും പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകുകയും ചെയ്തു.

വൈകുന്നേരം കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ മേജർ സെമിനാരിയൻസ് ഗ്യാതറിങ് ഉദ്ഘാടനംചെയ്തു സംസാരിച്ചു.

07 രാവിലെ വെരൂച്ചിറ എഫ്.സി.സി. ശാന്തി സദൻ കോൺവെന്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം കോയിപ്പുറത്ത് കെ.എം. ദേവസ്യയുടെ ഭവനത്തിൽ മന്ത്രയ്ക്കു കാർമികത്വംവഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടത്തപ്പെട്ട മേജർ സെമിനാരിയൻസ് ഗ്യാതറിങ്ങിനോടനുബന്ധിച്ചുള്ള പ്രൊഫസേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു.

ഉച്ചയ്ക്കു താമരശ്ശേരി രൂപതാംഗവും അറുനൂറ്റംപാടം സേക്രഡ് ഹാർട്ട് ഇടവകാംഗവുമായ മാവേലിൽ ബഹു. മാത്യു അച്ചന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

08 രാവിലെ പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ ഇടവകാംഗം പുരയ്ക്കൽ റോണി-രാജി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്കു പ്രവേശകൂദാശകൾ നൽകി.

ഉച്ചയ്ക്ക് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട അതിരൂപതാ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. വൈകുന്നേരം ഇന്റെർ-ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

09 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ അതിരൂപതയിലെ വൈദികാർഥികളുടെ ചെറുപട്ടങ്ങൾക്കും വൈദികവസ്ത്രസ്വീകരണത്തിനും കാർമികത്വംവഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ നവീകരിച്ച കമാനത്തിന്റെ ഉദ്ഘാടനവും മാതാവിന്റെ ഗ്രോട്ടോയുടെ വെഞ്ചരിപ്പും നടത്തി.

ഉച്ചകഴിഞ്ഞു കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ഒന്നാംവർഷ വൈദികാർഥികളെ അവരുടെ മാതാപിതാക്കളോടൊപ്പം കണ്ട് ഇന്റർവ്യൂ നടത്തുകയും സെമിനാരിയിൽ പ്രവേശനം നൽകുകയും ചെയ്തു.

10-18 മേജർ ആർച്ചുബിഷപ്പിനോടൊപ്പം വത്തിക്കാൻ സന്ദർശനം നടത്തി. ■

**ഏപ്രിൽ**

24 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. ഇത്തിത്താനം ആശാഭവനിൽ നടത്തപ്പെട്ട ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാമിൽ മുഖ്യപ്രഭാഷണം നടത്തി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വിവാഹവാഗ്ദാനത്തിനു കാർമികത്വം വഹിച്ചു. കാവുങ്കൽ കെ.സി. ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർഥിച്ചു.

25 കുമരകം-വടക്കുംകര സെന്റ് ജോൺ നെപുംസ്യാനോസ് ഇടവകാംഗം പുതുപ്പറമ്പിൽ ബഹു. സഖറിയാസ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്നു.

26 മനയ്ക്കച്ചിറ സെന്റ് ജോസഫ്സ് പള്ളിയിലെ തിരുനാളിനു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകി.

27 വെരൂർ സെന്റ് ജോസഫ്സ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട ചെറുപുഷ്പ മിഷൻലീഗ് ലീഡേഴ്സ് ക്യാമ്പ് സന്ദർശിച്ചുസംസാരിച്ചു. കരിയിൽ ഹോളി ഫാമിലി പള്ളിയിൽ വിവാഹവാഗ്ദാനത്തിനു കാർമികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട എ.കെ.സി.സി. യുടെ പുതിയ അതിരൂപതാഭാരവാഹികളുടെ സത്യപ്രതിജ്ഞാസമ്മേളനത്തിൽ പങ്കെടുത്തു. കോട്ടയം സേക്രഡ് ഹാർട്ട് കോൺഗ്രിഗേഷൻ ജനറലേറ്റിൽ ഡോക്ടേഴ്സിനുവേണ്ടി നടത്തപ്പെട്ട സമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു.

28 മായം സെന്റ് മേരീസ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. വാവോട് സേക്രഡ് ഹാർട്ട് പള്ളിയിലെ തിരുനാളിനു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

29 കൊടുപ്പുന്ന സെന്റ് ജോസഫ്സ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. വടക്കൻ വെളിയനാട് സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ വിവാഹവാഗ്ദാനത്തിനു കാർമികത്വം വഹിച്ചു. കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ട എക്സലെൻസ് ക്യാമ്പിൽ പങ്കെടുത്തുസംസാരിച്ചു.

30 തോട്ടയ്ക്കാട് സെന്റ് ജോർജ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. വെരൂർ സെന്റ് ജോസഫ്സ് പള്ളിയിലെ തിരുനാളിനു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകി.

**മെയ്**

01 കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. ചങ്ങനാ

ശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ നടന്ന പതിനാറാമതു പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തു. ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയിൽ വിവാഹവാഗ്ദാനത്തിനു കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട തൊഴിലാളിമഹാസംഗമത്തിൽ സംബന്ധിച്ച് അനുഗ്രഹപ്രഭാഷണം നടത്തി.

02 കുന്നന്താനം എൽ.എസ്.ഡി.പി. ദൈവപരിപാലനാഭവനിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു.

03 പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ ആലപ്പുഴ, മുഹമ്മ ഫൊറോനകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട യൂത്ത് ക്യാമ്പിൽ പങ്കെടുത്തു സംസാരിച്ചു.

04 ആർപ്പൂക്കര ലിറ്റിൽ ഫ്ളവർ പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. പുന്നവേലി എഫ്.ഡി.എസ്.എച്ച്.ജെ. ജനറലേറ്റിൽ ബഹു. സന്യാസിനികളുടെ ജൂബിലിയോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകി. ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സിന്റെ ശതാബ്ദിസമാപനസമ്മേളനത്തിൽ പങ്കുചേർന്നു സംസാരിച്ചു.

05 മല്ലപ്പള്ളി-നെടുങ്ങാടപ്പള്ളി സെന്റ് അത്തനേഷ്യസ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട *മികവ് 2024* എന്നപരിപാടിയിൽ പങ്കെടുത്തുസംസാരിച്ചു.

06 എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിലെ തിരുനാളിനു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകി. പുന്നപ്ര ദനഹാലയയിൽ ഫോർമേറ്റേഴ്സ് കോഴ്സിൽ ക്ലാസ്സ് നയിച്ചു.

07 കോതമംഗലം കറുകണ്ടം എഫ്.സി.സി. ലവേർണ റിട്രീറ്റ് സെന്ററിൽ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു പരിശുദ്ധ കുർബാനയർപ്പിച്ചു. കൊല്ലം പുത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ കുടുംബസമർപ്പണധ്യാനം നയിച്ചു.

08 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട അതിരൂപതാ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ പാലാരൂപതയിലെ യുവജനങ്ങൾക്കുവേണ്ടിയുള്ള കൺവെൻഷനിൽ പങ്കെടുത്തുസംസാരിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഇന്റെർ-ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

09 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ അതിരൂപതയിലെ വൈദികാർഥികളുടെ ചെറുപട്ടങ്ങൾക്കും വൈദികവസ്ത്രസ്വീകരണത്തിനും സഹകാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ട ടീച്ചേഴ്സ് സോണൽ

കൺവെൻഷനിൽ പങ്കെടുത്തുസംസാരിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വിവാഹം ആശീർവദിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ മേജർ സെമിനാരിക്കാർക്കായി ക്ലാസ്സ് നയിച്ചു.

10 മുട്ടാർ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ട ടീച്ചേഴ്സ് സോണൽ കൺവെൻഷനിൽ പങ്കെടുത്തുസംസാരിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ മേജർ സെമിനാരിയൻസ് ഗ്യാതറിങ്ങിന്റെ സമാപനസമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു. സി.എസ്.ഐ.കൊല്ലം-കൊട്ടാരക്കര മഹായിടവക കൺവെൻഷനിൽ സംബന്ധിച്ചു പ്രഭാഷണം നടത്തി.

11 പാറശാല രൂപത ചാരോട്ടുകോണം സെന്റ് ജോർജ് മലങ്കരപ്പള്ളിയിൽ വിശ്വാസപരിശീലകർക്കായി നടത്തപ്പെട്ട സെമിനാറിൽ സംബന്ധിച്ചു ക്ലാസ്സ് നയിച്ചു. അമ്പൂരി സെന്റ് ജോർജ് ഫൊറോന ഇടവകാംഗം അഞ്ചുപങ്കിൽ എ.ജെ. ജയിംസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു. അമ്പൂരി സെന്റ് ജോർജ് എൽ.പി. സ്കൂളിൽ നടത്തപ്പെട്ട ടീച്ചേഴ്സ് സോണൽ കൺവെൻഷനിൽ പങ്കെടുത്തുസംസാരിച്ചു. ശ്രീകാര്യം എമ്മാവൂസ് സെന്റ് ജോസഫ്സ് പള്ളിയിൽ തിരുവനന്തപുരം ഫൊറോനയിലെ മാതൃ-പിതൃവേദികളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട *നസ്രത്ത് സംഗമം* ഉദ്ഘാടനംചെയ്തു സംസാരിച്ചു.

12 പോങ്ങുംമൂട് സെന്റ് അൽഫോൻസാ പള്ളിയിൽ നവീകരിച്ച മദ്ബഹായുടെ പുനർകൂദാശാകർമം നിർവഹിച്ചു. അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ എ.കെ.സി.സി. ഗ്ലോബൽസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 106-ാമതു ജന്മവാർഷികത്തിലും സമുദായസംഗമത്തിലും സംബന്ധിച്ച് ആശംസകളർപ്പിച്ചു. മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ് പള്ളിയുടെ ജൂബിലിയാഘോഷത്തിലും ഇടവകദിനാചരണത്തിലും പങ്കുചേർന്നു.

13 നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമം ചെയ്തു. പാറേൽ അമല തിയളോജിക്കൽ കോളേജിൽ സന്യാസാർഥിനികൾക്കായി ക്ലാസ്സ് നയിച്ചു. പാലാ അസ്സീസ്സി ഭവനിൽ ചങ്ങങ്കരി സെന്റ് ജോസഫ്സ് ഇടവകാംഗവും കപ്പൂച്ചിൻ സഭാംഗവുമായ ആശാംപറമ്പിൽ ബഹു. ജോമോൻ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

14 തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ തെക്കൻമേഖലയിലെ വൈദികരുടെ കോൺഫറൻസിൽ പങ്കെടുത്തുസംസാരിച്ചു.

15 കൈനകരി സെന്റ് മേരീസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. പുന്നപ്ര ദനഹാലയയിൽ ഫോർമേറ്റേഴ്സ് കോഴ്സിൽ ക്ലാസ്സ് നയിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ പുതുതായി പണികഴിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു.

16 ചങ്ങനാശ്ശേരി എഫ്.സി.സി. ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലിക്കുർബാനയർപ്പിച്ചു വചനസന്ദേശംനൽകി.

17 ബെംഗളൂരു ക്രിസ്തു ജ്യോതി കോളേജിൽ തേർഡ് ഓർഡർ റെഗുലർ കോൺഗ്രിഗേഷനിലെ വൈദികർക്കായി റിന്യൂവൽ സെമിനാർ നടത്തി.

19 വെട്ടിക്കൽപുരയിടം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണവും അതിരൂപതാ മതബോധനവർഷ ത്തിന്റെ ഉദ്ഘാടനവും നടത്തി. വെരൂർ സെന്റ് ജോസഫ് പള്ളിയിൽ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ എഴുപതാം വാർഷികസമ്മേ ളനം ഉദ്ഘാടനംചെയ്തു സംസാരിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വിവാഹവാഗ്ദാനത്തിനു കാർമികത്വം വഹിച്ചു. 138-ാമത് അതിരൂപതാദിനത്തോടനുബന്ധിച്ചു കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ റംശാപ്രാർഥനയിൽ പങ്കു ചേരുകയും സന്ദേശംനൽകുകയും ചെയ്തു.


20 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ സീനിയർ സിറ്റിസൺസിനു വേണ്ടിയുള്ള ധ്യാനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിലെ മാർ ജോസഫ് പവ്വത്തിൽ നഗറിൽ നടത്തപ്പെട്ട 138-ാമത് അതിരൂപതാദിനാ ഘോഷത്തിൽ പങ്കെടുത്തു.

21 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമം ചെയ്തു. തിരുവല്ലയിൽ ബിലീവേഴ്സ് ചർച്ച് തലവനായിരുന്ന മോറാൻ മോർ അത്തനാസിയൂസ് യോഹാൻ ഒന്നാമന്റെ (കെ.പി. യോഹന്നാൻ) മൃതശരീരത്തിങ്കൽ പ്രാർഥിച്ചു. പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ കുന്നക്കാട്ടുതറ ബഹു. സഖറിയാസ് അച്ചന്റെ പിതാവിന്റെ ഓർമക്കുർബാനയിൽ സംബന്ധിച്ചു. സേക്രഡ് ഹാർട്ട് സിസ്റ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പാറേൽ സേവാ നികേതന്റെ പ്രവർത്തനവർഷം ഉദ്ഘാടനംചെയ്തു സംസാരിച്ചു.

22 നെടുങ്കുന്നം മേരി ഇമ്മാക്കുലേറ്റ് സി.എം.സി. കോൺവെന്റിൽ പരി ശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശംനൽകി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ സി. പ്ലാസിഡ് സി.എം.സി.യുടെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. പാലാ രൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട എജ്യുക്കേഷൻ കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

■





# ENGAGEMENTS

## JUNE 2024


**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 07:30 am | Holy *Qurbana* - 99th Death Anniversary: Mar Thomas Kurialacherry @ St. Mary's Metropolitan Church, Changanacherry |
| | 10:00 am | Sunday School Teachers' Meet @ Sandesanilayam, Changanacherry |
| | 02:30 pm | Merit Event - AKCC @ St. Berchmans College Kavukatt Hall, Changanacherry |
| 03 | 06:30 am | Holy *Qurbana* @ St. Thomas Minor Seminary, Kurichy |
| | 11:30 am | Inauguration - Research Centre @ Amal Jyothi College of Engineering, Kanjirappally |
| 04-06 | | KCBC |
| 06-07 | | Regional Bishops' Gathering @ St. Alphonsa Pastoral Centre, Arunapuram |
| 08 | 10:00 am | Inauguration - CML @ St. Berchmans HSS, Changanacherry |
| | 11:15 am | Holy *Qurbana* @ St. Sebastian's Church, Ayarkunnam |
| | 04:00 pm | 125th Death Anniversary - Palakkunnel Vallyachan @ St. Mary's Church, Koothrappally |
| 09 | 06:45 am | Pastoral Visit @ Holy Family Church, Kumarakom Holy Family |
| 10 | 09:30 am | Holy *Qurbana* @ LSDP Convent, Kunnamthanam |
| 12 | 12:00 noon | Batch Meeting @ Kozhancherry |
| 13 | 10:00 am | CCCHI Meeting @ Neendakara |
| 15 | 10:30 am | Holy *Qurbana* @ St. Joseph's Church, Punnakunnathusserry |
| 16 | 06:45 am | Pastoral Visit @ Mar Gregorios Church, Punnapra |
| 17 | 06:30 am | Holy *Qurbana* @ SVD Seminary Parel |
| 18-23 | | Engaged |
| 24 | 06:30 am | Holy *Qurbana* @ St. Joseph's Priest Home, Ithithanam |

| | | |
|---|---|---|
| 25 | 10:30 am | Inauguration - Silver Jubilee @ St. Aloysius HSS, Athirampuzha |
| 26 | 06:00 pm | Inauguration - Academic Year @ Denahalaya, Punnapra |
| 27 | 11:00 am | Marriage @ St. Thomas Church, Punnathura |
| 29 | 11:00 am | Marriage @ Sacred Heart Church, Chethipuzha |
| 30 | 07:30 am | Pastoral Visit @ St. Thomas Church, Pallikkunnu |

**FR. SECRETARY - 9447507393**

■





**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## ENGAGEMENTS

### JUNE 2024

| | | |
|---|---|---|
| 01 | 06:00 am | Holy *Qurbana* @ Changanacherry, St. Mary's Metropolitan Church |
| | 10:00 am | Holy *Qurbana* @ Pullangady, Holy Family Church |
| | 02:30 pm | Merit Event - AKCC @ Changanacherry, St. Berchmans College Kavukatt Hall |
| | 05:30 pm | Youth Meet @ Manimala, Holy Magi Forane Church |
| 02 | 11.00 am | Holy *Qurbana* @ Chethipuzha, Mercy Home |
| 03 | 10:00 am | Inauguration - Academic Year @ Meenkulam, Lourdes Matha Public School |
| | 04:00 pm | New Priests' Gathering @ Peerumedu, Lavinge Villa |
| 04-06 | | KCBC |
| 07 | | Regional Bishops' Conference @ Palai, Bishop House |
| | 03.00-04.30 pm | Visitors |
| 08-30 | | Germany |

**FR. SECRETARY - 8078088468**

■



നൃത്താവിഷ്കാരം



ഗായകസംഘം

## അതിർത്തിതിരിഞ്ഞ കുരിശുപള്ളികൾ



കുമാരപുരം സെന്റ് മേരീസ്



പെരുന്ന ഈസ്റ്റ് സെന്റ് ആന്റണീസ്



അതിരൂപതാനിയമാവലി പ്രകാശനം



നന്ദിപ്രകാശനം

139 – ാമത് അതിരൂപതാദിനാഘോഷത്തിന്റെ പതാക ചങ്ങനാശ്ശേരി ഫൊറോന ഏറ്റുവാങ്ങുന്നു



**VEDAPRACHARA MADHYASTAN VOL.96 No.12 2024 JUNE**
Date of Publication: 31-05-2024
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



**ശ്ലീഹന്മാർവഴി തിരുസഭയെ**
**പണിതീർത്തവനാം മ്ശിഹായെ**
**നിൻതിരുനാമം മഹനീയം**
**സ്തുത്യർഹൻ നീയനവരതം**

***ഓനീസാ ദ്സപ്രാ, സപ്രാ, ശ്ലീഹാക്കാലം ആറാം ശനി***

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org